# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ-ഡി.പി/2/51/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)ഗവ.സെക്രട്ടറി,തദ്ദേസസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
3)റീജിയണൽ പെർഫോമൻസ് ഓഡിറ്റർ, എറണാകുളം

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ-ഡി.പി/2
/51/2023

തീയ്യതി: 28/12/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം കെ മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.മെജോ.കെ.ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ .ബിനുമോൻ .കെ സി, ഓഡിറ്റർ(സീനിയർ ഗ്രേഡ്)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജിജി കെ ഫിലിപ്പ് | പ്രസിഡന്റ് | 01-04-2022 | 31-12-2022 |
| ശ്രീമതി ഉഷാകുമാരി | പ്രസിഡന്റ് | 01-01-2023 | 29-01-2023 |
| ശ്രീ കെ.ടി ബിനു | പ്രസിഡന്റ് | 30-01-2023 | 31-03-2023 |
| ശ്രീ എം.കെ.റഷീദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 11-05-2022 |
| ശ്രീ പി.ജെ തങ്കച്ചൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2022 | 29-01-2023 |
| ശ്രീ എം.കെ.റഷീദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-01-2023 | 20-03-2023 |
| ശ്രീമതി ഷെർലാ ബീഗം | സെക്രട്ടറി | 21-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. കെ.പി.ശുഭ | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-12-2022 |
| ഡോ. സോണിയ ഇ.എ | ജില്ലാ മെഡിക്കൽ | 01-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ (ആയുർവ്വേദം) | | |
| ഡോ.എം.ആർ.ഉമാദേവി | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-04-2022 | 29-07-2022 |
| ഡോ. രാജീവ് കുമാർ | ജില്ലാ മെഡിക്കൽ ഓഫീസർ , ആരോഗ്യം | 30-07-2022 | 31-08-2022 |
| ഡോ.അജി പി.എൻ | ജില്ലാ മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-09-2022 | 31-03-2023 |
| ഡോ.ശൈലജാദേവി. എൻ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 01-04-2022 | 30-04-2022 |
| ഡോ.ഷൈലജ. സി.കെ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 01-05-2022 | 26-03-2023 |
| ഡോ.ശ്യാമള എം. ജി | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 27-03-2023 | 31-03-2023 |
| ഡോ.സുരേഷ് കെ.പി | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-പാറേമാവ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സെലീനാമ്മ | ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 01-04-2022 | 31-03-2023 |
| ശ്രീമത്.ഷൈലജ എൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ-കൃഷി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഡോളസ് പി.ഇ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2022 | 31-03-2023 |
| ശ്രീ.സാജു ജേക്കബ് | ജില്ലാ പട്ടികജാതി വകസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു വിശ്വം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 20-12-2022 |
| ശ്രീ.കെ.പി.വിജയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 21-12-2022 | 31-03-2023 |
| ശ്രീ.തങ്കച്ചൻ.പി.ജെ | എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 22-01-2023 |
| ശ്രീമതി.സാറ സൂര്യ ജോർജ്ജ് | എക്സിക്യൂട്ടീവ് എഞ്ചിനിയർ | 23-01-2023 | 31-03-2023 |
| ശ്രീമതി.ആര്യാംബ ടി.ജി | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ | 01-04-2022 | 05-08-2022 |
| ശ്രീമതി.ആഷ്ലി മറിയാമ്മ ജോർജ്ജ് | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ | 06-08-2022 | 30-09-2022 |
| ശ്രീമതി.ആര്യാംബ ടി.ജി | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ | 01-10-2022 | 10-10-2022 |
| ശ്രീ.ബിജുമോൻ സ്കറിയ | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ | 11-10-2022 | 31-03-2023 |
| ശ്രീ.സാജു സെബാസ്റ്റ്യൻ | പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണം | 01-04-2022 | 31-03-2023 |
| ഡോ.മേഴ്സി | സൂപ്രണ്ട്, ജില്ലാ | 01-04-2022 | 10-01-2023 |

| | | | |
|---|---|---|---|
| ഗോൺസാൽവസ് | ഹോമിയോ ആശുപത്രി | | |
| ഡോ.ഐന ഐസക്ക് | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 11-01-2023 | 16-01-2023 |
| ഡോ.മനീഷ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 17-01-2023 | 18-01-2023 |
| ഡോ.വികാസ് വിജയൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 19-01-2023 | 31-03-2023 |
| ശ്രീമതി.ശ്രീലേഖ.കെ.എസ്. | പ്രോജക്റ്റ് ഓഫീസർ, ഐ.ടി.ഡി.പി. | 01-04-2022 | 29-06-2022 |
| ശ്രീ.അനിൽകുമാർ.ജി | പ്രോജക്റ്റ് ഓഫീസർ, ഐ.ടി.ഡി.പി. | 30-06-2022 | 31-03-2023 |
| ഡോ.ബിനോയി.പി.മാത്യു | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2022 | 23-06-2022 |
| ഡോ.കുര്യൻ ജോക്കബ് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 24-06-2022 | 24-07-2022 |
| ഡോ.സണ്ണി മാത്യു | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 25-07-2022 | 30-10-2022 |
| ഡോ.ബിജു.ജെ.ചെമ്പരത്തി | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 31-10-2022 | 31-03-2023 |
| ശ്രീ.ശശീന്ദ്രവ്യാസ്.വി.എ. | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 01-04-2022 | 13-07-2022 |
| ശ്രീമതി.ബിന്ദു.കെ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 14-07-2022 | 31-03-2023 |
| ശ്രീ.ബിനോയി.വി.ജെ | ജില്ലാ ഓഫീസർ, സാമൂഹ്യനീതിവകുപ്പ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | പ്രതിമാസ, വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകളിൽ അവ്യക്തത | 1-1-6 |
| 8 | ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-1-7 |
| 9 | സ്റ്റോക്ക് തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | വരവ് തുകകളുടെ വിശദാംശങ്ങൾ വ്യക്തമല്ല | 1-1-9 |
| 11 | തെറ്റായ ശീർഷകത്തിൽ രസീത് നൽകി | 1-1-10 |
| 12 | ഇ.എം.എസ്.ഭവനപദ്ധതി വായ്പ തിരിച്ചടവ്- വായ്പ പൂർണ്ണമായും തിരിച്ചടച്ചെങ്കിലും കണക്കുകളിൽ ബാദ്ധ്യത നിലനിൽക്കുന്നു. | 1-1-11 |
| 13 | സ്ഥിരനിക്ഷേപം- വാർഷിക കണക്കുകളിലെ തുകയിൽ വ്യക്തതയില്ല. | 1-1-12 |
| 14 | സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-14 |
| 16 | മൂലധന ആസ്തി കണക്കുകൾ വ്യക്തമല്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ഗ്രാന്റ് വിനിയോഗം | 1-3 |
| 19 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 20 | 2021-22ൽ പട്ടികജാതി വികസന ഫണ്ട് ചെലവ് 47 ശതമാനം മാത്രം- 2022-23ൽ പൊതുവിഭാഗം വികസന ഫണ്ടിൽ 396.89 | 1-3-2 |

| | | |
|---|---|---|
| | ലക്ഷം രൂപയുടെ കുറവ് | |
| 21 | പൊതുവിഭാഗം വികസന ഫണ്ട് ചെലവ് 79.04 ശതമാനം മാത്രം. 20.99 ലക്ഷം ലാപ്സായി | 1-3-3 |
| 22 | പട്ടികജാതി വികസന ഫണ്ട് ചെലവ് 35.15 ശതമാനം മാത്രം. | 1-3-4 |
| 23 | പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 57.06 ശതമാനം മാത്രം. | 1-3-5 |
| 24 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 61.99 ശതമാനം മാത്രം. 423.75 ലക്ഷം ലാപ്സായി | 1-3-6 |
| 25 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 53 ശതമാനം മാത്രം. 318.98 ലക്ഷം ലാപ്സായി | 1-3-7 |
| 26 | പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി അനുവദിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-3-8 |
| 27 | പദ്ധതി അവലോകനം | 1-4 |
| 28 | ക്യാഷ് പരിശോധന | 1-5 |
| 29 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 30 | ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നുമുള്ള വരവുകൾ യഥാസമയം ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല. | 1-7 |
| 31 | ജില്ലാ പൗൾട്രിഫാമിലെ വരവുകൾ യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ല | 1-8 |
| 32 | ജീവനക്കാരുടെ ആർജ്ജിതാവധി കണക്കുകൾ പുനക്രമീകരിച്ചിട്ടില്ല. | 1-9 |
| 33 | ജീവനക്കാർ അധികനിരക്കിൽ കൈപ്പറ്റുന്ന തുകകൾ തിരികെ ഒടുക്കുന്നത് സംബന്ധിച്ച സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല | 1-10 |
| 34 | വാടകയിൽ ഗണ്യമായ കുടിശിക | 1-11 |
| 35 | ജില്ലാ ആസ്ഥാന വികസനത്തിനായി സർക്കാർ അനുവദിച്ച കോടിക്കണക്കിന് രൂപ മതിപ്പ് വിലയുള്ള ഭൂമി കൈവശപ്പെടുത്തുവാൻ സ്വകാര്യ സ്കൂളിന്റെ ശ്രമം. | 1-12 |
| 36 | ജി.ഐ.പൈപ്പുകൾ ലേലം ചെയ്തിട്ടില്ല. | 1-13 |
| 37 | ചരക്ക് സേവന നികുതി ടി.ഡി.എസ്.നടത്താതെ തുക അനുവദിച്ചു. | 1-14 |
| 38 | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ മെയിന്റനൻസ്-തുക ചെലവഴിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല | 1-15 |
| 39 | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം-പദ്ധതി തികഞ്ഞ പരാജയം. വ്യാജ ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹600000/-മാറി നൽകി. | 1-16 |

| | | |
|---|---|---|
| 40 | ക്ഷയരോഗ ബാധിതതർക്ക് പോഷകാഹാര വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-17 |
| 41 | ആയുർവ്വേദ മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 1-18 |
| 42 | ഡയാലിസിസ് ധനസഹായം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ചു | 1-19 |
| 43 | ഗോത്രസാരഥി പദ്ധതി- മാർഗരേഖക്ക വിരുദ്ധമായി പദ്ധതി നടപ്പാക്കി | 1-20 |
| 44 | മണിക്കൽമേട് കുടിവെള്ള പദ്ധതി- മാർഗരേഖക്ക വിരുദ്ധമായി ഏറ്റെടുത്ത പദ്ധതി പ്രവർത്തനരഹിതം. | 1-21 |
| 45 | ശാശേരിപ്പടി മൈലാട്ടുംപാറ റോഡ് സംരക്ഷണഭിത്തി നിർമ്മാണം -എസ്റ്റിമേറ്റിലെ അപാകത. റോഡ് അപകടാവസ്ഥയിൽ. | 1-22 |
| 46 | കൊച്ചുകാമാക്ഷി പ്രിയദർശിനി എസ്.സി. കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് - പദ്ധതി പാതിവഴിയിൽ | 1-23 |
| 47 | ഡോ.അംബേദ്കർ മെമ്മോറിയൽ ലൈബ്രറി, പകൽവീട്- നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു | 1-24 |
| 48 | നത്തുകല്ല് പാറ കോളനി സാംസ്കാരിക നിലയം നിർമ്മാണം പാതിവഴിയിൽ. | 1-25 |
| 49 | ചക്കുപള്ളം ആറാംമൈൽ വെയ്റ്റിംഗ് ഷെഡിന് സമീപം ടോയ്‌ലെറ്റ് പ്രവർത്തനരഹിതം | 1-26 |
| 50 | മാലി കുടിവെള്ള പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല. കുളം ഉപേക്ഷിക്കപ്പെട്ട നിലയിൽ. | 1-27 |
| 51 | ചക്കക്കാനം എസ്. സി. കോളനി സാംസ്കാരിക നിലയം-നിർമ്മാണം ആരംഭിച്ച് പത്ത് വർഷം കഴിഞ്ഞിട്ടും പ്രവർത്തനസജ്ജമായിട്ടില്ല. | 1-28 |
| 52 | കുമരകംമെട്ട് വയോജനകേന്ദ്രം- നിർമ്മാണ ഉദ്ദേശം വ്യക്തമല്ല | 1-29 |
| 53 | വാഗുവരൈ ഗവൺമെന്റ് ഹൈസ്കൂൾ ടീച്ചേഴ്സ് ക്വാർട്ടേഴ്സ് മെയിൻറനൻസ്- ക്വാർട്ടേഴ്സ് കെട്ടിടം നാശോന്മുഖമായി | 1-30 |
| 54 | പതിനാലാംമൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റി ഹാൾ- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-31 |
| 55 | ചിന്നക്കനാൽ ജി.എച്ച്.എസ് കുളം നിർമ്മാണം-അധിക തുക അനുവദിച്ചു. | 1-32 |
| 56 | മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി-സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ചു നൽകി. | 1-33 |

| | | |
|---|---|---|
| 57 | വെള്ളത്തുവൽ എച്ച്.എസ്. കുടിവെള്ളപദ്ധതി - ടാങ്ക് ഉപയോഗരഹിതം | 1-34 |
| 58 | വെള്ളത്തുവൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ന്യൂബ്ലോക്ക് ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ പ്രവർത്തന സജ്ജമാക്കിയിട്ടില്ല | 1-35 |
| 59 | വെള്ളത്തുവൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനായി KDHP കമ്പനി നിർമ്മിച്ച നൽകിയ രണ്ട് ബ്ലോക്കുകൾ ഉപയോഗിക്കുന്നില്ല. | 1-36 |
| 60 | മന്നാക്കുടി കമ്യൂണിറ്റി ഹാൾ - നിർമ്മാണം പാതിവഴിയിൽ | 1-37 |
| 61 | നെല്ലിപ്പാറ അങ്കണവാടി കെട്ടിടനിർമ്മാണം പാതിവഴിയിൽ അവസാനിപ്പിച്ചു-കെട്ടിടം അപകടാവസ്ഥയിൽ | 1-38 |
| 62 | കൈപ്പ കുടിവെള്ള പദ്ധതി - നാലു വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല. | 1-39 |
| 63 | 26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു | 1-40 |
| 64 | ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ -കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-41 |
| 65 | സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ - മുൻകൂർ പണം നൽകിയ പദ്ധതി നടപ്പാക്കിയില്ല. | 1-42 |
| 66 | മുരിക്കാശേരി ടൗൺ കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതി പാതിവഴിയിൽ | 1-43 |
| 67 | ഉമ്മാക്കട കുടിവെള്ള പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല. | 1-44 |
| 68 | സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളുടെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല. | 1-45 |
| 69 | പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം -പദ്ധതി പൂർത്തീകരിച്ചില്ല. | 1-46 |
| 70 | ചെറുതോണി വനിതാ കാർഷിക മാർക്കറ്റ് - പദ്ധതി പൂർത്തീകരിച്ചില്ല | 1-47 |
| 71 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-48 |
| 72 | ചക്ക സംസ്കരണ പ്ലാന്റിനായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനു നൽകിയ വിഹിതം വിനിയോഗിക്കാതെ സൂക്ഷിക്കുന്നു. | 1-49 |
| 73 | വാഗമൺ പാറക്കെട്ട് കുടിവെള്ളപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല. | 1-50 |
| 74 | കണ്ണംപടി ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിന്റെ ശോചനീയാവസ്ഥ | 1-51 |

| | | |
|---|---|---|
| | പരിഹരിക്കുന്നതിനു നടപടി സ്വീകരിച്ചില്ല. | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം-പദ്ധതി തികഞ്ഞ പരാജയം. വ്യാജ ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹600000/-മാറി നൽകി. | 3-1 |
| 2 | ചിന്നക്കനാൽ ജി. എച്ച്. എസ് കുളം നിർമ്മാണം-അധിക തുക അനുവദിച്ചു | 3-2 |
| 3 | മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി-സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ചു നൽകി. | 3-3 |
| 4 | 26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023 ലെ 1-1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ മാർച്ച് 31, 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രിക സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കുയിലിമല                                                    സീനിയർ ഡെപ്യൂട്ടി
ഡയറക്ടർ
28.12.2023                                                    ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമാവേണ്ടതാണ്. എന്നാൽ, 2022-23 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 പ്രതിമാസ, വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റേയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുകയും സെക്രട്ടറി പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ 2022 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2022-23 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വായ്പാ രജിസ്റ്റർ എന്നിവ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ രജിസ്റ്ററുകളിലും വാർഷിക കണക്കുകളിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

### 1-1-5 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തികളുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിനെ

സാധൂകരിക്കുന്ന വർക്ക്ഷീറ്റ് പരിപാലിച്ചിട്ടില്ല. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകളിൽ അവ്യക്തത

ജില്ലാപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡ്ഡുകളിലേയ്ക്കോ തുക ക്രമീകരിച്ചിരിക്കുകയാണ്. മുൻ വർഷങ്ങളിൽ വിവിധ ഹെഡുകളിൽ വരവ് രേഖപ്പെടുത്തിയ തുകകളുടെ ഉറവിടം വ്യക്തമല്ലാത്തതിനാൽ 01.04.2022ലെ മുന്നിരിപ്പ് വ്യക്തമല്ല. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ തുകകളുടെ കൃത്യതയും വ്യക്തമല്ല.

| ക്രമ നം. | ശീർഷകം | മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ് (₹) | 31.03.2023ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | 320100116 | 2324149 | 66043 | 0 | 2390192 |
| 2 | 320100128 | 11526541 | 1657598 | 12049895 | 1134244 |
| 3 | 320200111* | 55018271 | - | - | 80113438 |
| 4 | 320200112* | 33514306 | - | - | 48030949 |

| | | | | | |
|---|---|---|---|---|---|
| 5 | 320200399 | 2374165 | 0 | 0 | 2374165 |
| 6 | 320300199 | 839251 | 0 | 0 | 839251 |
| 7 | 320400101 | 6422275 | 1584000 | 1584000 | 6422275 |
| 8 | 320700103 | 0 | 689000 | 0 | 689000 |
| 9 | 320700201 | 1000000 | 0 | 0 | 1000000 |
| 10 | 320700203 | 2866073 | 75191 | 0 | 2941264 |
| 11 | 320700204 | 1630177 | 0 | 0 | 1630177 |
| 12 | 320800199 | 3793440 | 0 | 0 | 3793440 |

*320200111, 320200112 ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ധനകാര്യകമ്മീഷൻ ടൈഡ്, അൺടൈഡ് ഗ്രാന്റുകളുടെ വരവ്, ചെലവ് വിവരങ്ങളുടെ കൃത്യതയിൽ വ്യക്തതയില്ലാത്തതിനാൽ വരവും ചെലവും ഉൾപ്പെടുത്തിയിട്ടില്ല.

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മതിയായ രേഖകളുടെ പിന്തുണയില്ലാതെ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഇൻകം ശീർഷകത്തിലേയ്ക്ക് തുക ക്രമീകരണം നടത്തിയതിനും വിശദീകരണം നൽകേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി

നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ വിവിധ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുകകൾ അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

### 1-1-7 ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ജില്ലാപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക (₹) |
|---|---|---|---|
| B-9 Other Liabilities | 350300103 | Government And Other Dues Payable-Value Added Tax | 4303 |
| | 350300104 | Government And Other Dues Payable-Service Tax | 327786 |
| | 350300109 | Government And Other Dues Payable-Refund Of Unutilised Grants Of Prior Period | 938784 |
| | 350300116 | Government And Other Dues Payable-Flood Cess | 2006 |
| | 350300199 | Government And Other Dues Payable-Others | 6754 |
| | 350800101 | Liability In Respect Of Stale Cheques | 39245 |
| | 350800299 | Other Liabilities | 3793440 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും തുകകൾ യഥാസമയം ബാദ്ധ്യതയിൽ നിന്നും ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൊടുത്തു തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-1-8 സ്റ്റോഴ്സ് തെറ്റായി അക്കൗണ്ട് ചെയ്തു

ജില്ലാപഞ്ചായത്തിന്റെ 31.03.2023ലെ ആസ്തി-ബാദ്ധ്യത പത്രികയിൽ 430100102-Purchase Of

Material-Stores എന്ന ഹെഡിൽ ₹111000/- രേഖപ്പെടുത്തിയിട്ടുണ്ട്. പ്രിന്റർ, യു.പി.എസ്., ക്യാമറ തുടങ്ങി ഓഫീസ് ഉപയോഗത്തിനുള്ള സാധനങ്ങളാണ് 430100102 ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു പ്രത്യേക പ്രവൃത്തിയ്ക്ക് അല്ലെങ്കിൽ പ്രോജക്ടിനു വിതരണം ചെയ്യുന്നതിനു വേണ്ടി വാങ്ങുന്ന സാധനങ്ങളാണ് സ്റ്റോഴ്സ് എന്ന നിർവ്വചനത്തിൽ വരുന്നത്. ഉദാഹരണത്തിനു തെരുവ് വിളക്കുകൾ, ബിറ്റുമിൻ എന്നിവ വാങ്ങി പ്രവർത്തി ചെയ്യുന്ന കരാറുകാരനു വിതരണം ചെയ്യുമ്പോൾ സ്റ്റോഴ്സ് എന്ന ഹെഡ് മുഖേനയാണ് അക്കൗണ്ടിംഗ് നടത്തേണ്ടത്. എന്നാൽ, സ്ഥാപനത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് വാങ്ങുന്ന സാധനങ്ങൾ (ഇൻവൻട്രീസ്, കമ്പ്യൂട്ടർ, ഫർണിച്ചർ മുതലായവ) 430100102 ഹെഡിൽ അല്ല അക്കൗണ്ട് ചെയ്യേണ്ടത്.

1-1-9 വരവ് തുകകളുടെ വിശദാംശങ്ങൾ വ്യക്തമല്ല

ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന വരവുകളുടെ വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം എന്നിവ വ്യക്തമായിട്ടില്ല. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല.

| ക്രമ നം | രസീത് നം/വൗച്ചർ നം. | തിയതി | തുക |
|---|---|---|---|
| 140400199- Other Receipts | | | |
| 1 | 122020900070 | 01.03.2023 | 9794 |
| 2 | 122020900071 | 01.03.2023 | 45000 |
| 3 | 122020900080 | 01.03.2023 | 64371 |
| 4 | 122020900088 | 01.03.2023 | 590 |
| 5 | 122020900115 | 01.03.2023 | 528931 |
| 6 | 122020900118 | 01.03.2023 | 4888 |
| 7 | 122020900125 | 01.03.2023 | 54619 |
| 8 | 122020900127 | 01.03.2023 | 8000 |

| | | | |
|---|---|---|---|
| 9 | 122020900129 | 01.03.2023 | 15744 |
| 10 | 122020900143 | 01.03.2023 | 70 |
| 11 | 122020900136 | 31.03.2023 | 18469 |
| 12 | 122020900137 | 31.03.2023 | 2808 |
| 13 | 122020900138 | 31.03.2023 | 20296 |
| 14 | 122020900139 | 31.03.2023 | 120318 |
| 15 | 122020900140 | 31.03.2023 | 24865 |
| 16 | 122020900141 | 31.03.2023 | 7302 |
| 350300109-Government And Other Dues Payable-Refund Of Unutilised Grants Of Prior Period | | | |
| 17 | 122020900142 | 27.03.2022 | 938784 |
| 160100799-Other Revenue Grants | | | |
| 18 | 122020900144 | 31.03.2022 | 179 |
| 19 | 122020900085 | 01.03.2023 | 52294 |

മേൽ തുകകളുടെ വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം എന്നിവ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-10 തെറ്റായ ശീർഷകത്തിൽ രസീത് നൽകി

കോലാനി ജില്ല പൗൾട്രിഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങൾ, മുട്ട, പന്നി, മറ്റ് വസ്തുക്കൾ എന്നിവ വിൽക്കുന്നതിലൂടെ ലഭിച്ച ചുവടെ കൊടുത്തിരിക്കുന്ന വരവുകൾ തെറ്റായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 151100102-Receipts From Transferred Institutions - Animal Husbandryഹെഡിൽ വരവ് വയ്ക്കുന്നതിനു പകരം 151100101-Receipts From Transferred Institutions -Agriculture എന്ന ഹെഡിലാണ് വരവ് പോസ്റ്റ് ചെയ്തിട്ടുള്ളത്. ശീർഷകങ്ങളിലെ പിശക് പരിഹരിക്കുന്നതിന് റെക്റ്റിഫിക്കേഷൻ എൻട്രിയും വരുത്തിയിട്ടില്ല. അതിനാൽ, രണ്ട് ഹെഡുകളിലും രേഖപ്പെടുത്തിയിട്ടുള്ള വരവു തുകകൾ യഥാർത്ഥ വരവിനെ പ്രതിഫലിപ്പിക്കുന്നില്ല.

| തിയതി | രസീത് നം. | അടച്ച തുക |
|---|---|---|

| | | |
|---|---|---|
| 02.04.2022 | 122020900104 | 571810 |
| 16.05.2022 | 122020900064 | 377730 |
| 23.06.2022 | 122020900069 | 614311 |
| 15.09.2022 | 122020900076 | 816052 |
| 03.11.2022 | 122020900081 | 950784 |
| 19.01.2023 | 122020900103 | 1048963 |
| 21.02.2023 | 122020900095 | 837433 |

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-11 ഇ.എം.എസ്.ഭവനപദ്ധതി വായ്പ തിരിച്ചടവ്- വായ്പ പൂർണ്ണമായും തിരിച്ചടച്ചെങ്കിലും കണക്കുകളിൽ ബാദ്ധ്യത നിലനിൽക്കുന്നു.

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷം ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ₹267225000/- വായ്പ അനുവദിച്ചിരുന്നുവെങ്കിലും ₹266090392/- മാത്രമാണ് പിൻവലിച്ചത്. 2011-12 സാമ്പത്തിക വർഷം മുതൽ 2020-21 വരെയുള്ള കാലയളവിൽ വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ, ജില്ലാപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ വായ്പാനുവാദതുക തന്നെ വായ്പയായി അക്കൗണ്ട് ചെയ്തു. അതിനാൽ, 31.03.2023-ലെ ആസ്തി-ബാദ്ധ്യത പത്രികയുടെ 330500102-Secured Loan From Co-operative Banks എന്ന ശീർഷകത്തിൽ ₹1134608/- വായ്പ തിരികെ ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-12 സ്ഥിരനിക്ഷേപം- വാർഷിക കണക്കുകളിലെ തുകയിൽ വ്യക്തതയില്ല.

31.03.2023-ലെ ആസ്തി-ബാദ്ധ്യത പത്രിക ബി-12 പത്രികയിലെ 420800101 ശീർഷകത്തിൽ സ്ഥിര നിക്ഷേപ നീക്കിയിരിപ്പായി ₹ 1,70,72,391/- രേഖപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഫ്ലക്സി ഡെപ്പോസിറ്റിലെ തുകയാണ് സ്ഥിരനിക്ഷേപ ഹെഡിൽ അക്കൗണ്ട് ചെയ്തുവരുന്നത്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയ്ക്കായി ലഭിക്കുന്ന തുക യൂണിയൻ ബാങ്ക്, ചെറുതോണി ശാഖയിലെ 346702010020930 അക്കൗണ്ടിൽ നിക്ഷേപിക്കുകയും ബാങ്ക് ഓട്ടോ സ്വൈപ്പ് മുഖേന ഹ്രസ്വകാല സ്ഥിര നിക്ഷേപങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്. ബാങ്ക് പാസ്ബുക്ക് പ്രകാരം 346702010020930 അക്കൗണ്ടിൽ ₹1134244/- യാണ് 31.03.2023ലെ നീക്കിയിരിപ്പ്. കൂടാതെ, ചുവടെ കൊടുത്തിരിക്കുന്ന രണ്ട് ഫ്ലക്സി അക്കൗണ്ടുകളിലായി ₹9500000/- നീക്കിയിരിപ്പുണ്ട്.

| ക്രമ | അക്കൗണ്ട് നം. | സ്ഥിര നിക്ഷേപം കാലാവധി | പലിശ | നിക്ഷേപ തുക |
|---|---|---|---|---|

| നം. | | പൂർത്തീകരിക്കുന്ന തീയതി | | (₹) |
|---|---|---|---|---|
| 1 | 346703350000696 | 21.12.2023 | 6.3 | 25,00,000 |
| 2 | 346703350000717 | 25.03.2024 | 6.3 | 70,00,000 |

മുകളിൽ പരാമർശിച്ചിട്ടുള്ള മൂന്ന് അക്കൗണ്ടുകളിലുമായി ₹1,06,34,244/-യാണ് 31.03.2023ൽ നീക്കിയിരിപ്പുള്ളത്. എന്നാൽ, വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹1,70,72,391/-യാണ്. അതിനാൽ, സ്ഥിര നിക്ഷേപ ശീർഷകത്തിൽ നൽകിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

1-1-13 സാധ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ ചെയ്തിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വിവിധ വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ജില്ലാപഞ്ചായത്തിലെ വാടകയുടെ തൻവർഷ ഡിമാന്റ് 01.04.2022ന് രേഖപ്പെടുത്തിയെങ്കിലും 31.03.2022-ൽ പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് സാമ്പത്തിക വർഷാവസാനമായ 31.03.2023ലാണ്. വാടക കുടിശികയിനത്തിൽ 2022-23ൽ ലഭിച്ച വരവുകൾ തൻവർഷ വരവിൽ രസീത് ചെയ്തതിനു ശേഷം 31.03.2023ലാണ് കുടിശിക ഹെഡിലേയ്ക്ക് ജേണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും വരുമാനം നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-14 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ

ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

1-1-15 മൂലധന ആസ്തി കണക്കുകൾ വ്യക്തമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

1-2 ബജറ്റ്

26.03.2022-ലെ ജില്ലാപഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹30,20,201/- മുന്നിരിപ്പും ₹98,67,81,000/- വരവും ₹98,32,59,500/- ചെലവും ₹65,41,701/- മിച്ചവും വരുന്ന 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 30.03.2022ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14.03.2022-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ

നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, 2022-23-ലെ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് ജില്ലാപഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | പരാമർശം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 217966257 | 217966257 | 172273400 | 45692857 | |
| വികസന ഫണ്ട്-എസ്.സി.എസ്.പി | 0 | 186143743 | 186143743 | 65435533 | 120708210 | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 0 | 38632000 | 38632000 | 22045225 | 16586775 | |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്* | 0 | 54611980 | 54611980 | 46570445 | 8041535 | |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്* | 0 | 90836450 | 90836450 | 37775229 | 53061221 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 235260000 | 235260000 | 145832596 | 89427404 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 118586000 | 118586000 | 62970411 | 55615589 | |
| ആർ.ജി.പി.എസ്.എ-വെർച്വൽ ക്ലാസ് റൂം | 860644 | 0 | 860644 | 0 | 860644 | |
| എസ്.ടി.സ്കോളർഷിപ്പ് | 10000 | 0 | 10000 | 0 | 10000 | |
| എൻ.എച്ച്.എം.-കീമോതെറാപ്പി യൂണിറ്റ് | 350000 | 0 | 350000 | 0 | 350000 | |
| കേരളോത്സവം | 43911** | 401228 | 445139 | 400000 | 45139** | |
| ആയുർവ്വേദ വകുപ്പ് | 3793440 | 0 | 3793440 | 0 | 3793440 | |
| നബാർഡ് *** | 0 | 1584000 | 1584000 | 0 | 1584000 | |

*പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 31.03.2022 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ലാത്തതിനാൽ തൻവർഷത്തെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**പലിശ.

*** തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ മാത്രം.

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. 2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസനഫണ്ട് മൂന്ന് ഗഡുക്കളായിട്ടാണ് അനുവദിച്ചത്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസനഫണ്ടിന്റെ ചെലവ് 47.96 ശതമാനം മാത്രമായിരുന്നതിനാൽ 2022-23 ലെ മൂന്നാം ഗഡു പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത് പരിഹാര വകയിരുത്തലായി അധിക വിഹിതവും ലഭിച്ചിരുന്നു. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ എല്ലാ ഗഡുക്കളും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, പട്ടികജാതി വികസനഫണ്ടിന്റെ യഥാർത്ഥ വരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹137325743/-ന്റെ വ്യത്യാസമുണ്ട്.

| ഗഡു | അലോക്കേഷൻ (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് (₹) | വ്യത്യാസം (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 48818000 | 48818000 | 0 |
| 2 | 48818500 | 0 | 48818500 |
| 3 | 48818500 | 0 | 48818500 |
| ഷോർട്ട് ഫാൾ വകയിരുത്തൽ | 39688743 | 0 | 39688743 |
| ആകെ | 186143743 | 48818000 | 137325743 |

2. 2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസനഫണ്ട് മൂന്ന് ഗഡുക്കളായിട്ടാണ് അനുവദിച്ചത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ എല്ലാ ഗഡുക്കളും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, പട്ടികവർഗ്ഗ വികസനഫണ്ടിന്റെ യഥാർത്ഥ വരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹.12877500/-യുടെ വ്യത്യാസമുണ്ട്.

| ഗഡു | അലോക്കേഷൻ (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 1 | 12877000 | 12877000 | 0 |
| 2 | 12877500 | 12877500 | 0 |
| 3 | 12877500 | 0 | 12877500 |
| ആകെ | 38632000 | 25754500 | 12877500 |

3. പട്ടികജാതി വികസന ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച എസ്.എസ്.എ.വിഹിതം (എസ്.സി.പി) എന്ന പ്രോജക്ടിൽ ബിൽ നം. 22100652011100732474/04.11.2022 പ്രകാരം ₹500000/- 2022-23ൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും സുലേഖ ചെലവ് പത്രികയിലും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ആകെ ചെലവും യഥാർത്ഥ ചെലവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| യഥാർത്ഥ ചെലവ് (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് (₹) | വ്യത്യാസം (₹) |
|---|---|---|
| 65435533 | 64935533 | 500000 |

4. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അൺടൈഡ് ബേസിക്, ടൈഡ് ഗ്രാന്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല. ഫണ്ട് തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല. വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവർ അനുവദിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ഇനം തിരിച്ചുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.

1-3-2 2021-22ൽ പട്ടിജാതി വികസന ഫണ്ട് ചെലവ് 47 ശതമാനം മാത്രം- 2022-23ൽ പൊതുവിഭാഗം വികസന ഫണ്ടിൽ 396.89 ലക്ഷം രൂപയുടെ കുറവ്

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചപ്പോൾ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ₹3,96,88,743/- കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് അനുവദിച്ചത്. ജില്ലാപഞ്ചായത്തിന് പൊതുവിഭാഗം വികസനഫണ്ട് വിഹിതം ₹25,76,55,000/- ആയിരുന്നു. എന്നാൽ, 2021-22 സാമ്പത്തിക വർഷം പട്ടികജാതി വികസന ഫണ്ട് ചെലവ് 47.96 ശതമാനം മാത്രമായിരുന്നു. അതിനാൽ, ഷോർട്ട് ഫാൾ തുകയായി ₹3,96,88,743/- കുറവ് ചെയ്തത ശേഷം ₹21,79,66,257/- യാണ് ലഭിച്ചത്. ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായാണ് തുടർവർഷങ്ങളിലും ഫണ്ട് അനുവദിക്കുന്നത്. പഞ്ചായത്തിന്റെ അനാസ്ഥമൂലം 2022-23 സാമ്പത്തിക വർഷം മുതൽ പൊതുവിഭാഗം വികസന ഫണ്ടിൽ ആനുപാതികമായ കുറവ് വരും.

| ഗഡു | ബജറ്റ് അലോക്കേഷൻ (₹) | ഷോർട്ട് ഫാൾ കിഴിവ് (₹) | അനുവദിച്ച വിഹിതം (₹) |
|---|---|---|---|
| ഒന്ന് | 85885000 | 0 | 85885000 |
| രണ്ട് | 85885000 | 0 | 85885000 |

| | | | |
|---|---|---|---|
| മൂന്ന് | 85885000 | 39688743 | 46196257 |
| ആകെ | 257655000 | 39688743 | 217966257 |

1-3-3 പൊതുവിഭാഗം വികസന ഫണ്ട് ചെലവ് 79.04 ശതമാനം മാത്രം. 20.99 ലക്ഷം ലാപ്സായി

2022-23ൽ അനുവദിച്ച പൊതുവിഭാഗം വികസനഫണ്ട് വിഹിതമായ ₹21,79,66,257/-ൽ സാമ്പത്തിക വർഷം ₹17,22,73,400/- മാത്രമാണ് ചെലവഴിച്ചത്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ 79.04 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹20,99,606/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 217966257 | 172273400 | 45692857 | 79.04 | 43593251.4 | 2099605.6 |

1-3-4 പട്ടികജാതി വികസന ഫണ്ട് ചെലവ് 35.15 ശതമാനം മാത്രം.

2022-23ൽ അനുവദിച്ച പട്ടികജാതി വികസനഫണ്ട് വിഹിതമായ ₹.18,61,43,743/-ൽ സാമ്പത്തിക വർഷം ₹.6,54,35,533/- മാത്രമാണ് ചെലവഴിച്ചത്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന

വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 35.15 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹.8,34,79,461/- 2023-24 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ 2023-24 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 2023-24 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 186143743 | 65435533 | 120708210 | 35.15 | 37228748.6 | 83479461.4 |

1-3-5 പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 57.06 ശതമാനം മാത്രം.

2022-23ൽ അനുവദിച്ച പട്ടികവർഗ്ഗ വികസനഫണ്ട് വിഹിതമായ ₹.3,86,32,000/-ൽ സാമ്പത്തിക വർഷം ₹.2,20,45,225/- മാത്രമാണ് ചെലവഴിച്ചത്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 57.06

ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹.88,60,375/- 2023-24 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ 2023-24 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 2023-24 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 38632000 | 22045225 | 16586775 | 57.06 | 7726400 | 8860375 |

1-3-6 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 61.99 ശതമാനം മാത്രം. 423.75 ലക്ഷം ലാപ്സായി

2022-23ൽ അനുവദിച്ച റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹.23,52,60,000/-ൽ സാമ്പത്തിക വർഷം ₹.14,58,32,596/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 61.99 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റിൽ അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹.4,23,75,404/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 235260000 | 145832596 | 89427404 | 61.99 | 47052000 | 42375404 |

1-3-7 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 53 ശതമാനം മാത്രം. 318.98 ലക്ഷം ലാപ്സായി

2022-23ൽ അനുവദിച്ച റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹.11,85,86,000/-ൽ സാമ്പത്തിക വർഷം ₹.6,29,70,411/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 53.10ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റിൽ അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹.3,18,98,389/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 118586000 | 62970411 | 55615589 | 53.1 | 23717200 | 31898389 |

1-3-8 പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി അനുവദിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

ജില്ലാപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2023-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | തുക (₹) |
|---|---|---|
| 1 | 320100116 | 2390192 |
| 2 | 320100128 | 1134244 |
| 3 | 320100199 | 860644 |
| 4 | 320200305 | 10000 |
| 5 | 320200307 | 350000 |
| 6 | 320200323 | 45139 |
| 7 | 320200399 | 2374165 |
| 8 | 320300199 | 839251 |

| | | |
|---|---|---|
| 9 | 320400101 | 6422275 |
| 10 | 320700103 | 689000 |
| 11 | 320700104 | 500000 |
| 12 | 320700201 | 1000000 |
| 13 | 320700203 | 2941264 |
| 14 | 320700204 | 1630177 |
| 15 | 320800199 | 3793440 |

രസീത് ചെയ്യുമ്പോൾ കൃത്യമായ വിവരണം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിവിധ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല. 320700104 ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ₹.5,00,000/- കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിയ്ക്കായി 30.11.2021ൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയതാണ്. എന്നാൽ, തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

16.09.2022ലെ ഭരണസമിതി യോഗത്തിൽ തെരുവ് നായശല്യം സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ചർച്ച ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികൾ ഉൾപ്പടെയുള്ളവർക്ക് തെരുവ് നായക്കളുടെ കടിയേൽക്കുകയും വളർത്തു മൃഗങ്ങളെ പേവിഷബാധയെ തുടർന്ന് കൊന്നൊടുക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പ്രായമായ ആളുകൾ, തൊഴിലാളികൾ, സ്ത്രീകൾ, തുടങ്ങി വഴിയാത്രക്കാരായ എല്ലാ വിഭാഗം ആളുകളും തെരുവ് നായ്ക്കളുടെ ആക്രമണത്തിനു ഇരയാവുന്നുണ്ട്. കൂടാതെ, ഇരുചക്ര വാഹനയാത്രക്കാരായ നിരവധി ആളുകൾ അപകടത്തിൽ പെടുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ശാസ്ത്രീയ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ജില്ലയിൽ എ.ബി.സി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു (തീരുമാനം നം. 1-1). കൂടാതെ,₹.25,00,000/- തനതുഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി തയ്യാറാക്കുന്നതിനും തീരുമാനിച്ചു (തീരുമാനം നം. 1-1). 22.09.2022ലെ ഭരണസമിതിയോഗം വിഷയം വീണ്ടും ചർച്ച ചെയ്യുകയും ജില്ലയിലെ എല്ലാ

ഗ്രാമപഞ്ചായത്തുകളുടെയും സഹകരണത്തോടെ അടിയന്തിരമായി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു (തീരുമാനം നം.1-2). രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് എ.ബി.സി. സെന്ററുകൾ സ്ഥാപിച്ച് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ബ്ലോക്ക് പഞ്ചായത്തിനു കൈമാറി നടപടികൾ സ്വീകരിക്കുന്നതിനും 09.12.2022 ലെ ഭരണസമിതിയോഗം തീരുമാനിച്ചു (തീരുമാനം നം.1-12). എന്നാൽ, പദ്ധതി നടത്തുന്നതു സംബന്ധിച്ച് തുടർനടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിച്ചില്ല. 2023-24 വാർഷിക പദ്ധതിയിലും തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഏ.ബി.സി. പ്രോജക്ട് നടപ്പാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2017-18ൽ ലഭിച്ച വിഹിതം വർഷങ്ങളായി ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. എ.ബി.സി. പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ നിലവിൽ ₹27,21,264/- നീക്കിയിരിപ്പുണ്ട്.

പ്രത്യേക ഉദ്ദേശ്യ പദ്ധതികൾ/സംയുക്ത പ്രോജക്ടുകൾ എന്നിവയ്ക്കായി തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക/വിനിയോഗശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതോയാണ്.

## 1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 834 | 1242051364 | 430 | 569048445 | 0 | 403 | 51.56 |

2022-23 വാർഷിക പദ്ധതി അംഗീകാര നടപടികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 15.01.2022, 23.05.2022 |
| ഗ്രാമസഭ യോഗം | 18.01.2022 |
| വികസന സെമിനാർ | 06.06.2022 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 18.07.2022 |
| ഭരണസമിതിയുടെ അംഗീകാരം | 19.07.2022 (1-2) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2022-23ൽ രണ്ട് യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭക്ക് സമാനമായ യോഗം കൂടിയിട്ടുണ്ട്. എന്നാൽ, ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വികസന ആവശ്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല . സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ജില്ലാപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ് ജില്ലാപഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധന ഇല്ലാതെയാണ്.

പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി

വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കാർഷികമേഖലയിൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാധിച്ചില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ, മറ്റ് വകുപ്പുകളുടെ അംഗീകാരം ആവശ്യമുള്ള സംഗതിയിൽ അവ നേടിയെടുക്കൽ എന്നിവയിൽ അനാവശ്യ കാലവിളംബമാണ് വരുത്തിയിട്ടുള്ളത്. ആവശ്യമായ രേഖകൾ സമയബന്ധിതമായി വാങ്ങുന്നതിനു സാധിക്കാത്തതുമൂലം പല പ്രോജക്ടുകളും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

2022-23 ൽ ആവിഷ്കരിച്ച പ്രോജക്ടുകൾ, 2021-22ലെ സ്പിൽ ഓവർ പ്രോജക്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | 458 | 195 | 42.58 | 807153598 | 353697591 | 43.82 |
| സ്പിൽ ഓവർ | 376 | 235 | 62.50 | 434897766 | 215350854 | 49.52 |
| ആകെ | 834 | 430 | 51.56 | 1242051364 | 569048445 | 45.82 |

124.21 കോടി രൂപയുടെ 2022-23 വാർഷിക പദ്ധതിയിൽ 56.90 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 834 പ്രോജക്ടുകളിൽ 51.56 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. 2022-23 വാർഷിക പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാന തലത്തിൽ ഏറ്റവും അവസാന സ്ഥാനമാണ് ജില്ലാപഞ്ചായത്തിനു ലഭിച്ചത്. പദ്ധതി നിർവ്വഹണത്തിൽ വരുത്തുന്ന ഉദാസീനതയാണിത് വ്യക്തമാക്കുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | ടുകൾ | ടുകൾ | ശതമാനം | | | |
|---|---|---|---|---|---|---|
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 51 | 23 | 45.1 | 119724960 | 43360957 | 36.22 |
| പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി | 3 | 3 | 100 | 2855000 | 2696940 | 94.46 |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 1 | 1 | 100 | 2000000 | 1776644 | 88.83 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി | 3 | 0 | 0 | 11300000 | 0 | 0 |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 3 | 3 | 100 | 4500000 | 3598542 | 79.97 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 2 | 2 | 100 | 5000000 | 4822367 | 96.45 |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 2 | 2 | 100 | 28333334 | 27840443 | 98.26 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 3 | 3 | 100 | 12000000 | 7796472 | 64.97 |
| ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം | 1 | 1 | 100 | 2500000 | 2500000 | 100 |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 4 | 4 | 100 | 142245509 | 114910616 | 80.78 |
| ഫാം സൂപ്രണ്ട്, ജില്ലാ | 5 | 1 | 20 | 1183720 | 46900 | 3.96 |

| | | | | | | |
|---|---|---|---|---|---|---|
| കൃഷിത്തോട്ടം | | | | | | |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) | 11 | 11 | 100 | 28371287 | 20792802 | 73.29 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവ്വേദം) | 13 | 13 | 100 | 19100000 | 19095019 | 99.97 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 3 | 3 | 100 | 1300000 | 1300000 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 729 | 360 | 49.38 | 861637554 | 318510743 | 36.97 |
| ആകെ | 834 | 430 | 51.56 | 1242051364 | 569048445 | 45.82 |

കൃഷി അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച മൂന്ന് പ്രോജക്ടുകളും നടപ്പാക്കിയില്ല. ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച 5 പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമാണ് നടപ്പാക്കിയത്. കാർഷികമേഖല പ്രധാന വരുമാന സ്രോതസായ ജില്ലയിൽ കൃഷി വികസനത്തിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനു ശ്രമിക്കുന്നില്ല. മെച്ചപ്പെട്ട വിത്ത്, തൈകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനു ആവശ്യമായ സാങ്കേതിക പിന്തുണയുറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല.

സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി

ആവിഷ്കരിച്ച പ്രോജക്ടുകളിൽ അമ്പത് ശതമാനത്തിൽ താഴെ മാത്രമാണ് 2022-23ൽ നടപ്പാക്കിയത്. യു.പി.എസ്.സി പരീക്ഷകൾക്ക് കുട്ടികളെ പര്യാപ്തമാക്കുന്നതിനു ആവിഷ്കരിച്ച അക്കാദമിക് എക്സലൻസ്, ക്ഷയരോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനു ആവിഷ്കരിച്ച പ്രോജക്ടുകൾ തുടങ്ങിയവ വ്യക്തമായ കാഴ്ചപ്പാടും പദ്ധതിയും കൂടാതെ നിർവ്വഹിച്ചതിനാൽ തികഞ്ഞ പരാജയമായി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകൾ എന്നിവ ആവിഷ്കരിച്ചതിനാൽ ഭൂരിഭാഗം പദ്ധതികളും പാതിവഴിയിൽ അവസാനിച്ചിരിക്കുകയാണ്. വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച അപേക്ഷകളിന്മേൽ ജില്ലാപഞ്ചായത്ത് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല.

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 689 പ്രോജക്ടുകളിൽ 381 എണ്ണവും പട്ടികജാതി വിഭാഗത്തിൽ 105 ൽ 32 എണ്ണവും പ്രോജക്ടുകളാണ് നടപ്പാക്കിയത്. പൊതുവിഭാഗത്തിൽ ചെലവ് 48.22 ശതമാനവും പട്ടികജാതി വിഭഗത്തിൽ ചെലവ് 33.10 ശതമാനവുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 39ൽ 17 പ്രോജക്ടുകളും നടപ്പാക്കി. പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് കേവലം 49.34 ശതമാനം മാത്രമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണുള്ളത്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 49 | 20 | 40.82 | 108261270 | 54453024 | 50.3 |
| സേവനം | 444 | 203 | 45.72 | 692703319 | 308627498 | 44.55 |
| പശ്ചാത്തലം | 341 | 207 | 60.70 | 441086775 | 205967923 | 46.7 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 834 | 430 | 51.56 | 1242051364 | 569048445 | 45.82 |

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി പുരോഗതി 25.04.2023ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യോഗം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ പഞ്ചായത്ത് എസ്.സി.പി., ടി.എസ്.പി. എന്നിവയിൽ വളരെ കുറവ് ചെലവാണ് വരുത്തിയിരിക്കുന്നതെന്നും യഥാക്രമം 45 ശതമാനവും 57 ശതമാനവും ആണ് ചെലവെന്നും അതിനാലിത് പ്രത്യേകം പരിശോധിക്കണമെന്നും യോഗം നിർദേശം നൽകിയിരുന്നു.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2023ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹590/- (അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-6 ആഭ്യന്തരനിയന്ത്രണം

ജില്ലാപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ആസ്തികൾ തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നില്ല. കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ജില്ലാപഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി

സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും മുൻകൂറുകൾ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ അപൂർണ്ണവുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ 2022-23ൽ രണ്ട് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നുമുള്ള വരവുകൾ യഥാസമയം ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല.

അരിക്കുഴയിലുള്ള ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും നടീൽവസ്തുക്കളും കാർഷികോത്പന്നങ്ങളും വിൽക്കുന്നതു വഴി ലഭിക്കുന്ന പണവും വിവിധ കൃഷിഭവനകളിൽ നിന്നും ലഭിക്കുന്ന തുകകളും യഥാസമയം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ ഒരു മാസത്തിലേറെ താമസിച്ചാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. 04.06.2022 മുതൽ 26.10.2023 വരെ സ്ഥാപനത്തിൽ ലഭിച്ച തുക ജില്ലാ പഞ്ചായത്തിൽ

ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തുക സ്വീകരിച്ച തിയതി | | ലഭിച്ച തുക ₹ | ജില്ലാ പഞ്ചായത്തിൽ അടച്ച തിയതി/രസീത് നമ്പർ | കാലതാമസം |
|---|---|---|---|---|
| എന്നു മുതൽ | എന്നു വരെ | | | |
| 04.06.2022 | 24.06.2022 | 45634 | 25.06.2022/122040100034 | 21 ദിവസം |
| 25.07.2022 | | 206383 | 26.07.2022/122040500016 | - |
| 25.06.2022 | 25.07.2022 | 1510402 | 26.07.2022/122040100047 | 30 ദിവസം |
| 26.07.2022 | 29.08.2022 | 23948 | 30.08.2022/122040100061 | 34 ദിവസം |
| 30.08.2022 | | 112485 | 30.08.2022/122040500019 | - |
| 30.08.2022 | 25.09.2022 | 126252 | 26.09.2022/122040100071 | 27 ദിവസം |
| 22.09.2022 | | 34122 | 26.09.2022/122040500022 | - |
| 26.09.2022 | 18.10.2022 | 20938 | 19.10.2022/122040100083 | 22 ദിവസം |
| 18.10.2022 | | 111062 | 19.10.2022/122040500025 | - |
| 19.10.2022 | 28.11.2022 | 137513 | 29.11.2022/122040100099 | 40 ദിവസം |
| 26.11.2022 | | 45051 | 29.11.2022/122040500030 | - |
| 29.11.2022 | 13.12.2022 | 60753 | 14.11.2022/122040100110 | 15 ദിവസം |
| 14.12.2022 | 27.12.2022 | 89765 | 28.12.2022/122040100117 | 13 ദിവസം |
| 28.12.2022 | 09.01.2023 | 66787 | 10.01.2023/122040100120 | 12 ദിവസം |
| 10.01.2023 | 27.01.2023 | 73072 | 28.01.2023/122040100127 | 17 ദിവസം |
| 29.01.2023 | 08.02.2023 | 151661 | 09.02.2023/122040100135 | 11 ദിവസം |
| 09.02.2023 | 26.02.2023 | 73766 | 27.02.2023/122040100140 | 17 ദിവസം |
| 27.02.2023 | 14.03.2023 | 83127 | 15.03.2023/122040100148 | 16 ദിവസം |

| | | | | |
|---|---|---|---|---|
| 15.03.2023 | 24.04.2023 | 180557 | 25.04.2023/123040100004 | 40 ദിവസം |
| 30.05.2023 | | 11500 | 31.05.2023/123040500008 | - |
| 25.04.2023 | 30.05.2023 | 139522 | 31.05.2023/123040100016 | 35 ദിവസം |
| 31.05.2023 | 25.07.2023 | 205650 | 26.07.2023/123040100035 | 56 ദിവസം |
| 25.07.2023 | | 7500 | 26.07.2023/123040500016 | - |
| 26.07.2023 | 26.10.2023 | 298363 | 27.10.2023/123040100061 | 91 ദിവസം |

2022-23 സാമ്പത്തിക വർഷം 2023 മാർച്ച് 15 മുതൽ 31 വരെ ലഭിച്ച വരവുകൾ 2023-24 സാമ്പത്തിക വർഷത്തിലാണ് (25.04.2023) ജില്ലാ പഞ്ചായത്തിൽ ഒടുക്കിയത്. അതിനാൽ 2022-23ൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന വരവ് അടുത്ത സാമ്പത്തിക വർഷത്തെ കണക്കുകളിലാണ് ഉൾപ്പെടുത്തിയത്. ലഭിക്കുന്ന തുക കൃഷി ഫാമിന്റെ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുകയും തുക ലഭിച്ച് വളരെ നാളുകൾക്ക് ശേഷം ജില്ലാ പഞ്ചായത്തിൽ ഒടുക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. പ്രസ്തുത നടപടി ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നതിനു കാരണമാവുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 എന്നിവയിൽ വരവുകൾ യഥാസമയം ബാങ്ക്/ട്രഷറിയിൽ ഒടുക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ലഭിക്കുന്ന വരവുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ജില്ലാ കൃഷിത്തോട്ടം ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, നിശ്ചിത ഇടവേളകളിൽ (ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസം) തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് രസീതു ലഭ്യമാക്കി കളക്ഷൻ രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്.

### 1-8 ജില്ലാ പൗൾട്രിഫാമിലെ വരവുകൾ യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ല

കോലാനിയിലുള്ള ജില്ലാ പൗൾട്രി ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങൾ, മുട്ട, പന്നി, മറ്റ് വസ്തുക്കൾ എന്നിവ വിൽക്കുന്നതു വഴി ലഭിക്കുന്ന വരവുകൾ തൊട്ടടുത്ത ദിവസം ജില്ലാ പൗൾട്രി ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തുക സ്വീകരിച്ച തിയതികൾ | ലഭിച്ച തുക | അക്കൗണ്ടിൽ ഒടുക്കിയ തിയതി |
|---|---|---|

| എന്നു മുതൽ | എന്നു വരെ | | |
|---|---|---|---|
| 31.03.2022 | 01.04.2022 | 49857 | 02.04.2022 |
| 02.04.2022 | 05.04.2022 | 10253 | 06.04.2022 |
| 06.04.2022 | 10.04.2022 | 45971 | 11.04.2022 |
| 11.04.2022 | 15.04.2022 | 48228 | 16.04.2022 |
| 16.04.202 | 24.04.2022 | 70204 | 25.04.2022 |
| 25.04.2022 | 29.04.2022 | 51725 | 30.04.2022 |
| 30.04.2022 | 08.05.2022 | 42401 | 09.05.2022 |
| 09.05.2022 | 15.05.2022 | 53316 | 16.05.2022 |
| 16.05.2022 | 18.05.2022 | 209513 | 19.05.2022 |
| 19.09.2022 | 20.05.2022 | 63486 | 21.05.2022 |
| 21.05.2022 | 22.05.2022 | 14653 | 23.05.2022 |
| 23.05.2022 | 24.05.2022 | 7350 | 25.05.2022 |
| 25.05.2022 | 29.05.2022 | 80884 | 30.05.2022 |
| 30.05.2022 | 03.06.2022 | 102550 | 04.06.2022 |
| 04.06.2022 | 12.06.2022 | 68342 | 13.06.2022 |
| 13.06.2022 | 17.06.2022 | 34043 | 18.06.2022 |
| 18.06.2022 | 20.06.2022 | 33490 | 21.06.2022 |
| 21.06.2022 | 26.06.2022 | 44357 | 27.06.2022 |
| 27.06.2022 | 01.07.2022 | 46683 | 02.07.2022 |
| 02.07.2022 | 06.07.2022 | 35734 | 07.07.2022 |
| 07.07.2022 | 10.07.2022 | 79693 | 11.07.2022 |
| 11.07.2022 | 15.07.2022 | 60417 | 16.07.2022 |
| 16.07.2022 | 24.07.2022 | 79652 | 25.07.2022 |

| | | | |
|---|---|---|---|
| 25.07.2022 | 29.07.2022 | 72868 | 30.07.2022 |
| 30.07.2022 | 05.08.2022 | 55990 | 06.08.2022 |
| 06.08.2022 | 15.08.2022 | 68245 | 16.08.2022 |
| 16.08.2022 | 19.08.2022 | 57798 | 20.08.2022 |
| 20.08.2022 | 28.08.2022 | 61032 | 29.08.2022 |
| 29.08.2022 | 04.09.2022 | 71537 | 05.09.2022 |
| 05.09.2022 | 11.09.2022 | 82046 | 12.09.2022 |
| 12.09.2022 | 14.09.2022 | 51872 | 15.09.2022 |
| 15.09.2022 | 18.09.2022 | 49103 | 19.09.2022 |
| 19.09.2022 | 21.09.2022 | 52890 | 22.09.2022 |
| 22.09.2022 | 25.09.2022 | 50873 | 26.09.2022 |
| 26.09.2022 | 27.09.2022 | 47019 | 28.09.2022 |
| 28.09.2022 | 30.09.2022 | 52538 | 01.10.2022 |
| 01.10.2022 | 05.10.2022 | 53249 | 06.10.2022 |
| 06.10.2022 | 09.10.2022 | 54558 | 10.10.2022 |
| 10.10.2022 | 11.10.2022 | 53874 | 12.10.2022 |
| 12.10.2022 | 16.10.2022 | 50728 | 17.10.2022 |
| 17.10.2022 | 17.10.2022 | 91130 | 19.10.2022 |
| 18.10.2022 | 20.10.2022 | 23857 | 21.10.2022 |
| 21.10.2022 | 24.10.2022 | 106731 | 25.10.2022 |
| 25.10.2022 | 25.10.2022 | 96220 | 26.10.2022 |
| 26.10.2022 | 28.10.2022 | 54996 | 29.10.2022 |
| 29.10.2022 | 01.11.2022 | 61146 | 02.11.2022 |
| 02.11.2022 | 04.11.2022 | 66664 | 05.11.2022 |

| | | | |
|---|---|---|---|
| 05.11.2022 | 09.11.2022 | 46321 | 10.11.2022 |
| 10.11.2022 | 13.11.2022 | 46570 | 14.11.2022 |
| 14.11.2022 | 15.11.2022 | 59065 | 16.11.2022 |
| 16.11.2022 | 18.11.2022 | 51485 | 19.11.2022 |
| 19.11.2022 | 22.11.2022 | 44702 | 23.11.2022 |
| 23.11.2022 | 28.11.2022 | 45842 | 29.11.2022 |
| 29.11.2022 | 29.11.2022 | 46587 | 30.11.2022 |
| 30.11.2022 | 04.12.2022 | 51345 | 05.12.2022 |
| 05.11.2022 | 06.12.2022 | 56366 | 07.12.2022 |
| 07.11.2022 | 11.12.2022 | 42817 | 12.12.2022 |
| 12.11.2022 | 13.12.2022 | 41093 | 14.12.2022 |
| 14.11.2022 | 17.12.2022 | 45278 | 19.12.2022 |
| 18.11.2022 | 20.12.2022 | 45813 | 21.12.2022 |
| 21.11.2022 | 25.12.2022 | 47152 | 26.12.2022 |
| 26.11.2022 | 27.12.2022 | 45840 | 28.12.2022 |
| 28.11.2022 | 02.01.2023 | 48196 | 03.01.2023 |
| 03.01.2023 | 03.01.2023 | 44720 | 04.01.2023 |
| 04.01.2023 | 06.01.2023 | 46501 | 07.01.2023 |
| 07.01.2023 | 10.01.2023 | 43999 | 11.01.2023 |
| 11.01.2023 | 15.04.2023 | 47173 | 16.04.2023 |
| 16.01.2023 | 17.01.2023 | 46545 | 18.01.2023 |
| 18.01.2023 | 20.01.2023 | 55038 | 21.01.2023 |
| 21.01.2023 | 24.01.2023 | 51824 | 25.01.2023 |
| 25.01.2023 | 29.01.2023 | 40145 | 30.01.2023 |

| | | | |
|---|---|---|---|
| 30.01.2023 | 31.01.2023 | 47638 | 01.02.2023 |
| 01.02.2023 | 02.02.2023 | 40816 | 03.02.2023 |
| 03.02.2023 | 03.02.2023 | 91073 | 04.02.2023 |
| 04.02.2023 | 07.02.2023 | 75245 | 08.02.2023 |
| 08.02.2023 | 09.02.2023 | 73547 | 10.02.2023 |
| 10.02.2023 | 12.02.2023 | 233528 | 13.02.2023 |
| 13.02.2023 | 14.02.2023 | 53186 | 15.02.2023 |
| 15.02.2023 | 19.02.2023 | 54393 | 20.02.2023 |
| 20.02.2023 | 21.02.2023 | 52032 | 22.02.2023 |
| 22.02.2023 | 26.02.2023 | 53353 | 27.02.2023 |
| 27.02.2023 | 28.02.2023 | 53719 | 01.03.2023 |
| 29.02.2023 | 03.03.2023 | 50825 | 04.03.2023 |
| 04.03.2023 | 05.03.2023 | 25320 | 06.03.2023 |
| 06.03.2023 | 07.03.2023 | 50180 | 08.03.2023 |
| 08.03.2023 | 12.03.2023 | 124451 | 13.03.2023 |
| 13.03.2023 | 14.03.2023 | 55169 | 15.03.2023 |
| 15.03.2023 | 22.03.2023 | 57598 | 23.03.2023 |
| 23.03.2023 | 26.03.2023 | 80494 | 27.03.2023 |
| 27.03.2023 | 28.03.2023 | 88140 | 29.03.2023 |
| 29.03.2023 | 30.03.2023 | 84513 | 31.03.2023 |
| 31.03.2023 | 02.04.2023 | 146861 | 03.04.2023 |
| 03.04.2023 | 03.04.2023 | 40152 | 04.04.2023 |
| 04.04.2023 | 09.04.2023 | 48442 | 10.04.2023 |
| 10.04.2023 | 12.04.2023 | 59408 | 13.04.2023 |

| | | | |
|---|---|---|---|
| 13.04.2023 | 16.04.2023 | 57486 | 17.04.2023 |
| 15.04.2023 | 17.04.2023 | 135000 | 18.04.2023 |
| 18.04.2023 | 23.04.2023 | 85691 | 24.04.2023 |
| 24.04.2023 | 27.04.2023 | 51431 | 28.04.2023 |
| 28.04.2023 | 07.05.2023 | 61577 | 06.05.2023 |
| 08.05.2023 | 11.05.2023 | 49662 | 12.05.2023 |
| 12.05.2023 | 17.05.2023 | 10789 | 18.05.2023 |
| 18.05.2023 | 25.05.2023 | 49334 | 26.05.2023 |
| 26.05.2023 | 01.06.2023 | 45863 | 02.06.2023 |
| 02.06.2023 | 08.06.2023 | 49685 | 09.06.2023 |
| 09.06.2023 | 11.06.2023 | 31913 | 12.06.2023 |
| 12.06.2023 | 15.06.2023 | 45717 | 16.06.2023 |
| 16.06.2023 | 22.06.2023 | 63611 | 23.06.2023 |
| 23.06.2023 | 29.06.2023 | 184539 | 30.06.2023 |
| 30.06.2023 | 30.06.2023 | 119740 | 01.07.2023 |
| 01.07.2023 | 06.07.2023 | 113676 | 07.07.2023 |
| 07.07.2023 | 10.07.2023 | 13703 | 11.07.2023 |
| 11.07.2023 | 13.07.2023 | 52378 | 14.07.2023 |
| 14.07.2023 | 20.07.2023 | 49015 | 21.07.2023 |
| 21.07.2023 | 24.07.2023 | 36460 | 25.07.2023 |
| 25.07.2023 | 30.07.2023 | 66746 | 31.07.2023 |
| 31.07.2023 | 03.08.2023 | 51438 | 04.08.2023 |
| 04.08.2023 | 08.08.2023 | 48213 | 09.08.2023 |
| 09.08.2023 | 10.08.2023 | 45128 | 11.08.2023 |

| | | | |
|---|---|---|---|
| 11.08.2023 | 18.08.2023 | 78248 | 19.08.2023 |
| 19.08.2023 | 20.08.2023 | 22896 | 21.08.2023 |
| 21.08.2023 | 24.08.2023 | 59625 | 25.08.2023 |
| 25.08.2023 | 31.08.2023 | 80505 | 01.09.2023 |
| 01.09.2023 | 03.09.2023 | 46250 | 04.09.2023 |
| 04.09.2023 | 07.09.2023 | 50544 | 08.09.2023 |
| 08.09.2023 | 15.09.2023 | 64640 | 16.09.2023 |
| 16.09.2023 | 24.09.2023 | 74061 | 25.09.2023 |
| 25.09.2023 | 28.09.2023 | 50247 | 29.09.2023 |
| 29.09.2023 | 05.10.2023 | 102546 | 06.10.2023 |
| 06.10.2023 | 12.10.2023 | 90183 | 13.10.2023 |
| 13.10.2023 | 19.10.2023 | 112457 | 20.10.2023 |
| 20.10.2023 | 24.10.2023 | 43589 | 25.10.2023 |
| 25.10.2023 | 26.10.2023 | 81395 | 27.10.2023 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 എന്നിവയിൽ വരവുകൾ യഥാസമയം ബാങ്ക്/ട്രഷറിയിൽ ഒടുക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ലഭിക്കുന്ന വരവുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ജില്ലാ പൗൾട്രി ഫാം സൂപ്രണ്ടിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും നിശ്ചിത ഇടവേളകളിൽ (ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസം) തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്.

വരവുകൾ യഥാസമയം ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നില്ല.

കോഴിക്കുഞ്ഞുങ്ങൾ, മുട്ട തുടങ്ങിയവ വിൽക്കുന്നതു വഴി ലഭിക്കുന്ന വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ ഒരു മാസത്തിലേറെ താമസിച്ചാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ജില്ലാ പഞ്ചായത്തിൽ അടച്ച തിയതി | രസീത് നം. | അടച്ച തുക (₹) |
|---|---|---|
| 02.04.2022 | 122020900104 | 57180 |
| 16.05.2022 | 122020900064 | 377730 |
| 23.06.2022 | 122020900069 | 614311 |
| 15.09.2022 | 122020900076 | 816052 |
| 03.11.2022 | 122020900081 | 950784 |
| 19.01.2023 | 122020900103 | 1048963 |
| 21.02.2023 | 122020900095 | 837433 |
| 27.04.2023 | 123020900009 | 14066894 |

2023 മാർച്ച് അവസാനംവരെ ലഭിച്ച വരവുകൾ 2023-24 സാമ്പത്തിക വർഷത്തിലാണ് (25.04.2023) ജില്ലാ പഞ്ചായത്തിൽ ഒടുക്കിയത്. അതിനാൽ 2022-23ൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന വരവ് അടുത്ത സാമ്പത്തിക വർഷത്തെ കണക്കുകളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലഭിക്കുന്ന തുക ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും വളരെ നാളുകൾക്ക് ശേഷം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണ് നിലവിൽ ചെയ്യുന്നത്. ലഭിക്കുന്ന വരവുകൾ ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും രസീതു ലഭ്യമാക്കി കളക്ഷൻ രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്.

<u>വരവു തുകകൾ ഒടുക്കൽ നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.</u>

ജില്ലാ പൗൾട്രി ഫാം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന തുക സംബന്ധിച്ച് യാതൊരു രജിസ്റ്ററും പരിപാലിക്കുന്നില്ല. അതിനാൽ, ഒരു നിശ്ചിത കാലയളവിൽ എത്ര തുക പിരിച്ചുവെന്നോ പിരിച്ച തുക മുഴുവൻ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നോ പരിശോധിക്കുന്നതിനു സാധിക്കുന്നില്ല. ട്രാൻസ്ഫർ ചെയ്യുന്ന തുകയ്ക്ക് രസീതു നൽകുന്നതല്ലാതെ തുകയുടെ ആധികാരികത സംബന്ധിച്ച് ജില്ലാപഞ്ചായത്തിൽ പരിശോധന നടക്കുന്നില്ല. ദിനംപ്രതിയുള്ള വരവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. അർഹമായ എല്ലാ വരവുകളും കൃത്യമായി ലഭിക്കുന്നുണ്ടെന്നും

ജില്ലാപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

1-9 ജീവനക്കാരുടെ ആർജ്ജിതാവധി കണക്കുകൾ പുനക്രമീകരിച്ചിട്ടില്ല.

സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന റഗുലർ ജീവനക്കാർക്ക് 1/22 നിരക്കിലാണ് ആദ്യവർഷം ആർജ്ജിതാവധിയ്ക്ക് അർഹതയുള്ളത്. 27.02.2007ലെ സ.ഉ.(അ)നം.75/2007/ധന പ്രകാരം ഒരു ജീവനക്കാരൻ സേവനത്തിൽ പ്രവേശിച്ച് മൂന്ന് വർഷത്തെ തുടർച്ചയായ സേവനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ജീവനക്കാരന്റെ ആദ്യവർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ പുന:ക്രമീകരിക്കാവുന്നതാണ്. ജില്ലാപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ മൂന്ന് വർഷത്തെ സേവനം പൂർത്തീകരിച്ച ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ ആർജ്ജിതാവധി 1/11 നിരക്കിൽ പുന:ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | തസ്തിക | സേവനത്തിൽ പ്രവേശിച്ച തിയതി |
|---|---|---|---|
| 1 | ശ്രീമതി.ലത.ആർ | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ്) | 22.04.2004 |
| 2 | ശ്രീ.ബിപിൻ.എം.ജി. | ഓഫീസ് അറ്റൻഡന്റ് | 03.08.2017 |
| 3 | ശ്രീ.മനേഷ് ശിവരാമൻ നായർ | ഡ്രൈവർ (ഗ്രേഡ് I) | 14.10.2011 |
| 4 | ശ്രീമതി.രജിത.എൽ | ഓഫീസ് അറ്റൻഡന്റ് | 14.02.2018 |

പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി 1/11 നിരക്കിൽ പുന:ക്രമീകരിക്കേണ്ടതാണ്.

1-10 ജീവനക്കാർ അധികനിരക്കിൽ കൈപ്പറ്റുന്ന തുകകൾ തിരികെ ഒടുക്കുന്നത് സംബന്ധിച്ച സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല

ഇൻക്രിമെന്റ്, സ്ഥാനക്കയറ്റം, ഗ്രേഡ്, അവധി തുടങ്ങിയവ അനുവദിക്കുമ്പോൾ തെറ്റായ രീതിയിൽ ശമ്പളനിർണ്ണയം നടത്തുന്നതു മൂലം അധികനിരക്കിൽ ശമ്പളം അനുവദിക്കുകയും പിന്നീട് പരിശോധനയിൽ അധികം വാങ്ങിയ ശമ്പളം തിരികെ ഈടാക്കുന്നതിനും നിർദ്ദേശിക്കുന്ന സാഹചര്യങ്ങളുണ്ട്. അധികം വാങ്ങിയ ശമ്പളവും ആനുകൂല്യങ്ങളും തിരികെ അടച്ചുകൊള്ളാം എന്ന് എല്ലാ ജീവനക്കാരും രേഖാമൂലം ഉറപ്പ് നൽകണമെന്ന് 13.12.2019ലെ

സ.ഉ.(അ)നം.169/2019/ധന, 02.06.2020ലെ സ.ഉ.(അ)നം.70/2020/ധന ഉത്തരവുകളിൽ നിർദേശിച്ചിരുന്നു. ഗസറ്റഡ് ജീവനക്കാരുടെ സംഗതിയിൽ ഒരു പകർപ്പ് ഡി.ഡി.ഒ. മുഖാന്തിരം അക്കൗണ്ടന്റ് ജനറലിനു അയയ്ക്കണമെന്നും ഒരു പകർപ്പ് ഡി.ഡി.ഒ. സൂക്ഷിക്കണമെന്നും നോൺ ഗസറ്റഡ് ജീവനക്കാരുടെ കാര്യത്തിൽ ഒരു പകർപ്പ് സേവനപുസ്തകത്തിൽ പതിപ്പിക്കണമെന്നും ഒരു പകർപ്പ് ഡി.ഡി.ഒ. സൂക്ഷിക്കണമെന്നും നിർദേശിച്ചിരുന്നു. കൂടാതെ, ജീവനക്കാരുടെ സോവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ജില്ലാപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ മേൽ ഉത്തരവ് പ്രകാരമുള്ള അണ്ടർടേക്കിംഗ് വാങ്ങി ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിപ്പിക്കുകയോ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-11 വാടകയിൽ ഗണ്യമായ കുടിശിക

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അന്യാർതൊളു വ്യവസായ എസ്റ്റേറ്റ് , ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് എന്നിവയുടെ വാടകയിനത്തിൽ കുടിശിക നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | ആകെ കുടിശിക |
|---|---|---|---|
| അന്യാർതൊളു വ്യവസായ എസ്റ്റേറ്റ് | ഷൈൻ ടി.ആർ തണ്ടാശ്ശേരിയിൽ കുഴിത്തൊളു | ₹3150 (2021-22-ൽ) 3150 X 8 =25200 (08/2021മുതൽ 3/22 വരെ) ₹3308 X 10= 33080 (4/22 മുതൽ 1/23 വരെ) | 58280 |

| | | | |
|---|---|---|---|
| ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് റൂം നമ്പർ-2 | നെൽസൺ ആന്റണി പള്ളിക്ക തയ്യിൽ ചെറുതോണി | ₹7036 (2021-22-ൽ) 7036 X8 =56288 (08/2021മുതൽ 3/22 വരെ) ₹7388 X9 =66492 (04/22 മുതൽ 12/2022 വരെ) | 122780 |

അന്യാർതൊള്ള വ്യവസായ എസ്റ്റേറ്റിന്റെ വാടകകുടിശ്ശിക അടയ്ക്കാത്തതിനാലും 2022-23 വർഷം വാടക കരാർ പുതുക്കാത്തതിനാലും ജില്ലാ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 09/12/22/ലെ 14/3 നമ്പർ തീരുമാനപ്രകാരം 27/01/2023 കെട്ടിടം പൂട്ടി സീൽ ചെയ്തിട്ടുള്ളതാണ്. ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് റൂം നമ്പർ-2 ലും 31/12/2022-ൽ വാടകക്കാരനെ ഒഴിവാക്കി റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. റിക്കവറി നടപടികളിലൂടെ കടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 ജില്ലാ ആസ്ഥാന വികസനത്തിനായി സർക്കാർ അനുവദിച്ച കോടിക്കണക്കിന് രൂപ മതിപ്പ് വിലയുള്ള ഭൂമി കൈവശപ്പെടുത്തുവാൻ സ്വകാര്യ സ്കൂളിന്റെ ശ്രമം.

1972-ൽ രൂപീകൃതമായ ഇടുക്കി ജില്ലയുടെ ആസ്ഥാന വികസനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ജില്ലാതല സർക്കാർ ഓഫീസുകളും സംസ്ഥാന – കേന്ദ്ര പൊതുമേഖലാ ഓഫീസുകളും ജില്ലാ ആസ്ഥാനത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുവാനും 04/10/1996-ൽ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി പുറത്തിറക്കിയ സ.ഉ (കൈ)നമ്പർ 599/96 റവന്യൂ പ്രകാരം 474.04 ഹെക്ടർ സ്ഥലം ഇടുക്കി വികസന അതോറിറ്റിക്ക് കൈമാറുവാൻ റവന്യൂവകുപ്പ് നിർദ്ദേശം നൽകുകയും തുടർന്ന് 10/09/1998 ൽ ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം 322.974 ഹെക്ടർ സ്ഥലം ഇടുക്കി വികസന അതോറിറ്റിക്ക് ലഭിക്കുകയും ചെയ്തു. ഇടുക്കി ഡാം നിർമ്മാണസമയത്ത് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ഉപയോഗിച്ചിരുന്ന 2.15ഹെക്ടർ സ്ഥലവും ഇതിൽ ഉൾപ്പെട്ടിരുന്നു.

1978 ഫെബ്രുവരി 18-ന് ഗവർണ്ണർക്കു വേണ്ടി ഇടുക്കി ജില്ലാ കളക്ടറും, തിരുവനന്തപുരം ശ്രീ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിനുവേണ്ടി ട്രസ്റ്റ് സെക്രട്ടറിയും തമ്മിൽ ഒപ്പിട്ട കരാർ അനുസരിച്ച് മുകളിൽ പരാമർശിച്ച 2.15 ഹെക്ടർ സ്ഥലത്ത് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി നിർമ്മിച്ച് ഉപയോഗിച്ചിരുന്ന കെട്ടിടങ്ങളിൽ സ്കൂൾ നടത്തുന്നതിനുള്ള അവകാശം ശ്രീ

വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന് നൽകി. കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നു.

1. The Bounden (ശ്രീ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ്) Shall Be Liable To Obey Whatever Policy Decision The Government May Take In This Regard.

2. The Bounden Shall Use The Buildings For The Purpose For Which They Are Alotted By The Idukki Township Development Authority.

3. The Bounden Shall Not Make Any Alteration On The Land On Which The Buildings Stand, Without Permission By The Idukki Township Development Area Authority.

4. The Bounden Shall Keep The Roads Within The Area Occupied By The Buildings, Opened To The Public

5. The Bounden Shall Not Make Any Additional Constructions Or Alternations To The Buildings Without Permissions By The Idukki Township Development Authority.

6. On Demand The Bounden Shall Pay To Government The Market Value Of The Land If It Is Ordered To Be Assigned Under The Kerala Land Assignment Act Or The Annual Rent If It Is Ordered To Be Leased Out Under The Kerala Land Assignment Act As The Case May Be.

7. The Government Shall Have Right To Resume The Land At Any Time If Required By It On One Month Notice, Without Payment Of Compensation For Any Improvement Effected By The Bounden.

ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് 12/01/2000-ലെ നമ്പർ SVVS-A-15/2000 കത്ത് പ്രകാരം തങ്ങളുടെ കൈവശമുള്ള 2.15 ഹെക്ടർ സ്ഥലത്തിന് തങ്ങളുടെ പേരിൽ പട്ടയം നൽകണമെന്നാവശ്യപ്പെട്ട് ഇടുക്കി തഹസീൽദാർക്ക് കത്ത് നൽകി. തുടർന്ന് 07/02/2000-ൽ ഇടുക്കി വികസന അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ജില്ലാ കളക്ടർക്കും ഇടുക്കി വികസന അതോറിറ്റിക്കും സ്ഥലം വിട്ടുനൽകണമെന്നാവശ്യപ്പെട്ട് കത്ത് നൽകി. ഇതിന് 03/04/2000-ൽ ഇടുക്കി വികസന അതോറിറ്റി ചെയർമാൻ ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന് നൽകിയ മറുപടിയിൽ സ്ഥലത്തിന്റെ ലാന്റ് വാല്യൂ ഇടുക്കി വികസന അതോറിറ്റി നിശ്ചയിക്കും എന്ന് മറുപടി നൽകി . പിന്നീട് ഇതു സംബന്ധിച്ച് യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (എം.എസ്)98/2007 തീയതി 30/03/2007/റവന്യൂ വകുപ്പ് പ്രകാരം ഇടുക്കി വികസന അതോറിറ്റി നിർത്തലാക്കി ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ സർക്കാർ അനുമതിക്ക് വിധേയമായി മാത്രമേ തുടർന്ന് സ്കൂളിന് ഭൂമി നൽകുവാൻ സാധിക്കു എന്ന അവസ്ഥയും സംജാതമായി.

സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെമേലുള്ള അധികാരം ലഭിക്കുന്നതിനുവേണ്ടി സ്കൂൾ അധികൃതർ WP(C)23500/10 പ്രകാരം കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഉചിതമായ തീരുമാനം എടുക്കുവാൻ കോടതി സർക്കാരിനോട് നിർദ്ദേശിച്ച് ഉത്തരവാകുകയും ചെയ്തു. 31/05/2012 ന് മുമ്പ് ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ സർക്കാരിൽ ഹാജരാക്കണമെന്നും അല്ലാത്തപക്ഷം സ്കൂളിന്റെ അംഗീകാരം നഷ്ടമാകുമെന്നും കാണിച്ച് 04/04/2012 ലെ GO(Rt) No. 1669/G.Edn പ്രകാരം ഉത്തരവായി. തുടർന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലമുൾപ്പെടെ 2.15 ഹെക്ടർ സ്ഥലത്തിന് കൈവശാവകാശ സർട്ടിഫിക്കറ്റിന് സ്കൂൾ ഇടുക്കി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ ഈ സ്ഥലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലമാണെന്നും ആയതിനാൽ ജില്ലാപഞ്ചായത്തിന്റെ അഭിപ്രായം അറിയുവാൻ താൽപ്പര്യമുണ്ടെന്നും കാണിച്ച് വില്ലേജ് ആഫീസർ 30/05/2012-ൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. ഇതിനുള്ള മറുപടിയിൽ ഇത് ജില്ലാ പഞ്ചായത്ത് വക ഭൂമിയാണെന്നും ആയതിനാൽ തന്നെ ഈ സ്ഥലത്തിന് കൈവശരേഖ നൽകാൻ പാടില്ല എന്നും ഇടുക്കി വില്ലേജ് ഓഫീസറെ അറിയിക്കുവാൻ 02/06/2012 ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ നമ്പർ 11 (17) പ്രമേയം പ്രകാരം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു. എന്നാൽ നിർമാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ കരാർ ലംഘനം നടത്തിയ ട്രസ്റ്റിനെതിരെ യാതൊരു നിയമ നടപടിയും സ്വീകരിക്കാൻ ജില്ലാ പഞ്ചായത്ത് തയ്യാറായിട്ടില്ല.

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ ഭൂമിയിൽ യാതൊരുവിധത്തിലുമുള്ള അനുമതിയും കൂടാതെ തുടർന്നും ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് അനധികൃതമായി കമ്പി വേലി ഇടുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തത് ശ്രദ്ധയിൽ പെട്ടതിനെതുടർന്ന് ഈ സ്ഥലത്ത് നടക്കുന്ന എല്ലാ അനധികൃത കയ്യേറ്റവും അനുബന്ധ പ്രവൃത്തികളും നിർത്തിവച്ച് അനധികൃതനിർമ്മാണം ഉടനടി നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കണമെന്നും അല്ലാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കുമെന്നും ചൂണ്ടികാട്ടി 30/09/2014-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി

സ്കൂളിന് കത്ത് നൽകി. ഈ കത്തിനുള്ള മറുപടിയിൽ പ്രസ്തുത സ്ഥലം IDA സ്കൂളിന് വിട്ടുതന്നതാണെന്നും ഇരു നില കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ IDA -യുടെ അനുവാദത്തോടെയാണെന്നുമാണ് സ്കൂൾ അധികൃതർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പോലും 1978-ലെ കരാർ ഉടമ്പടിയിലെ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് കരാർ റദ്ദാക്കുവാനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2009 ഒക്ടോബർ മാസം ജില്ലാപഞ്ചായത്ത് സെന്റിന് ₹ 154320 പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ സ്ഥലത്തിന്റെ വില അടിസ്ഥാനമാക്കിയാൽ പോലും ഇതിന് സമീപത്ത് സ്കൂൾ ഉപയോഗിച്ചുവരുന്ന സ്ഥലത്തിന് ഏകദേശം ₹819.44 ലക്ഷം വില വരുന്നതാണ്. 16/01/2017-ൽ സ്കൂളിന് അത്യാവശ്യമുള്ള സ്ഥലത്തിന്റെ കമ്പോളവില അടയ്ക്കുവാൻ സമ്മതമാണെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കണമെന്നും അല്ലാത്തപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ച് ജില്ലാപഞ്ചായത്ത് സെക്രട്ടറി നമ്പർ റ്റി/127/2000/IDA കത്ത് പ്രകാരം സ്കൂൾ അധികൃതർക്ക് അറിയിപ്പ് നൽകി . ഇതിന് 21/01/2017-ൽ നമ്പർ SVVS/25/2017 നമ്പർ കത്ത് മുഖേന സ്കൂൾ അധികൃതർ നൽകിയ മറുപടിയിൽ തങ്ങളുടെ ഉടമസ്ഥതയിലും കൈവശാവകാശത്തിലും കഴിഞ്ഞ 40 വർഷമായി ഇരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുവാൻ ജില്ലാപഞ്ചായത്തിന് അവകാശമില്ല എന്നാണ് അറിയിച്ചത്. യഥാസമയങ്ങളിൽ ഇടുക്കി ഡവലപ്പ്മെന്റ് അതോറിറ്റിയും ജില്ലാ പഞ്ചായത്തും നിയമനടപടികൾ സ്വീകരിക്കാത്തതാണ് ഇപ്രകാരമൊരു വാദം ഉന്നയിക്കാൻ ട്രസ്റ്റിനെ പര്യാപ്തമാക്കിയത്.

ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന 2.15 ഹെക്ടർ ഭൂമിയിൽ നിന്നും 1 ഏക്കർ സ്ഥലം മോട്ടോർ വാഹന വകുപ്പിന് നൽകുവാൻ 06/05/2017-ലെ ജില്ലാപഞ്ചായത്ത് കമ്മറ്റി 10-ാം നമ്പർ പ്രമേയമായി തീരുമാനിക്കുകയും സ്ഥലം അളന്ന് തിരിച്ച് നൽകുവാൻ 31/05/2017-ൽ താലൂക്ക് സർവ്വേയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്. 04/11/2017-ൽ ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് ജില്ലാ പഞ്ചായത്തിന് നൽകിയ കത്തിൽ 2.15ഹെക്ടർ ഭൂമി 03/04/2000-ത്തിൽ ജില്ലാ കളക്ടർ തങ്ങൾക്ക് നൽകിയതാണെന്നും 1976 മുതൽ 41 വർഷമായി തങ്ങളുടെ കൈവശമുള്ള ഭൂമിയ്ക്ക് വില എത്ര എന്ന് അറിയിക്കുന്ന മുറയ്ക്ക് ഖജനാവിൽ അടച്ചുകൊള്ളാമെന്നും അറിയിച്ചു. 31/01/2018-ൽ നടന്ന ജില്ലാ പഞ്ചായത്ത്

കമ്മറ്റിയുടെ 39-ാം നമ്പർ തീരുമാനപ്രകാരം സ്ഥലത്തിന്റെ വില സെന്റിന് ₹ 500000/- ആയി നിശ്ചയിക്കുകയും ഈ വിവരം 06/04/2018-ൽ സ്കൂൾ അധികൃതരെ അറിയിക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട വില വളരെ കൂടുതലാണന്ന് സ്കൂൾ അധികൃതർ നിലപാട് സ്വീകരിച്ചതിനെ തുടർന്ന് വില നിശ്ചയിച്ച് നൽകുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പല തവണ ഇടുക്കി തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഇതിനിടയിലും സ്കൂൾ അധികൃതർ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ അനസ്യൂതം തുടർന്നുകൊണ്ടിരുന്നതിനെ തുടർന്ന് 23/04/2018-ലെ കത്ത് നമ്പർ-T-127/2000/IDA പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നാവശ്യപ്പെട്ട് ഇടുക്കി പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും സ്കൂൾ അധികൃതർക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു.

ഇതിനുള്ള മറുപടിയിൽ, തർക്കസ്ഥലമായ 2.15 ഹെക്ടർ സ്ഥലം 1976 മുതൽ തങ്ങളുടെ ഉടമസ്ഥതയിലാണെന്ന വാദമാണ് ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് മുന്നോട്ട് വെയ്ക്കുന്നത്. 03/04/2000-ലെ ഇടുക്കിജില്ലാ കളക്ടറുടെ T/127/2000/IDA നമ്പർ കത്തിൽ തങ്ങളുടെ ഉടമസ്ഥാവകാശം അംഗീകരിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന് നാളിതുവരെ നിയമാനുസൃതമായ കൈവശാവകാശ സർട്ടിഫിക്കറ്റോ മറ്റ് രേഖകളോ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് സ്ഥലത്തിന്റെ മേൽ ഇത്രയും അവകാശവാദങ്ങൾ ഉന്നയിച്ചിട്ടും ട്രസ്റ്റിന്റെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ യാതൊരു നിയമ നടപടിയും ജില്ലാ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

നിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻ തോതിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുവാദത്തിനായി ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് 08/01/2009-ൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കത്ത് നൽകുകയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായം തേടുകയും ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മണ്ണെടുക്കുന്നതിനുള്ള അനുമതി നിഷേധിച്ചിരുന്നു. 05/03/2019-ൽ ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് ജില്ലാപഞ്ചായത്തിന് നൽകിയ കത്തിൽ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സമാജത്തിന്റെ പേരിലല്ല എന്ന കാരണത്താൽ തങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല എന്നും ന്യായവില നിശ്ചയിച്ച് ഭൂമി തങ്ങൾക്ക് വിട്ടുതരണമെന്നും

ആവശ്യപ്പെട്ടുകയുണ്ടായി.

ജില്ലാതല ഓഫീസുകളും മറ്റ് സംസ്ഥാന-കേന്ദ്ര പൊതുമേഖലാ ഓഫീസുകളും ജില്ലാ ആസ്ഥാനത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുവാനായി ഇടുക്കി വികസന അതോറിറ്റിക്ക് റവന്യൂവകുപ്പ് കൈമാറിയ സ്ഥലം സ്വകാര്യ സ്കൂളിന് യഥേഷ്ടം ഉപയോഗിക്കുവാൻ ഇടയാക്കിയത് സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യത്തെ സാധൂകരിക്കുന്നതല്ല. 03/02/2022 -ന്റെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയിൽ ഇടുക്കി മെഡിക്കൽ കോളജിന് സമീപം ശ്രീ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് അനധികൃതമായി കൈവശപ്പെടുത്തിയ സ്ഥലത്ത് കൃഷി ഉൾപ്പെടെ നടത്തിവരുന്നതായും കൈയേറ്റം ഒഴിപ്പിക്കണമെന്നുമുള്ള പ്രമേയം ചർച്ച ചെയ്യുകയും ആ ദിവസത്തെ 4/1-ാം നമ്പർ തീരുമാനമായി കൈയ്യേറ്റം ഒഴിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണർ, ഇടുക്കി ജില്ലാ കളക്ടർ, ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയവരെ എതിർ കക്ഷികളാക്കി ശ്രീവിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് നിർദിഷ്ട സ്ഥലത്തിന് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് 27/09/2022-ൽ W.P. (C)No 31178/2022 ആയി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

കഴിഞ്ഞ 3 വർഷങ്ങളായി ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എൽ.പി വിഭാഗം | യു.പി വിഭാഗം | എച്ച്.എസ് വിഭാഗം | എൽ.കെ.ജി/ യു.കെ.ജി | ആകെ കുട്ടികൾ |
|---|---|---|---|---|---|
| 2020-21 | 17 | 9 | 22 | 14 | 62 |
| 2021/22 | 15 | 7 | 9 | 8 | 39 |
| 2022-23 | 11 | 1 | 0 | 4 | 16 |

എൽ.കെ.ജി/യു.കെ.ജി കുട്ടികളെ ഒഴിവാക്കിയാൽ 2022-23-ൽ 12 കുട്ടികളാണ് സ്കൂളിലുള്ളത്. അതിൽ തന്നെ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു വിദ്യാർത്ഥി പോലുമില്ല. ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ 03/02/2023-ൽ പരിശോധന നടത്തിയപ്പോൾ സ്കൂളിന്റെ അംഗീകാരം സംബന്ധിച്ച രേഖകളോ കുട്ടികളുടെയോ അദ്ധ്യാപകരുടെയോ ഹാജർ പുസ്തകങ്ങളോ അഡ്മിഷൻ രജിസ്റ്ററോ ഹാജരാക്കുവാൻ അധികൃതർക്ക് സാധിച്ചിരുന്നില്ല. 9 കുട്ടികളും രണ്ട്

അദ്ധ്യാപകരുമാണ് സ്കൂളിൽ ഉണ്ടായിരുന്നത്. 2019-20 ന് ശേഷം അധ്യാപകർ ഹാജർ ബുക്കിൽ ഒപ്പിട്ടിട്ടില്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ വ്യക്തമാക്കുന്നുണ്ട്. ഓരോ വർഷവും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുകയും നിലവിൽ പത്തിൽ താഴെ വിദ്യാർത്ഥികൾ മാത്രം പഠിക്കുകയും ചെയ്യുന്ന സ്ഥാപനമാണിത്. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് വിട്ടു നൽകിയ കെട്ടിടവും സ്ഥലവും കൈവശപ്പെടുത്തുവാനാണ് സ്കൂൾ അധികൃതർ ശ്രമിക്കുന്നത്. ജില്ലാ പഞ്ചായത്ത് കമ്മറ്റി നിശ്ചയിച്ചതു പ്രകാരം ₹26,55,00,000/- വില വരുന്ന ഭൂമി അന്യാധീനപ്പെടുവാൻ ഇടവരാതെ ജില്ലാ പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-13 ജി.ഐ.പൈപ്പുകൾ ലേലം ചെയ്തിട്ടില്ല.

ചുവടെ കൊടുത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾക്കായി സ്ഥാപിച്ച ജി.ഐ. പൈപ്പുകൾ കാലപ്പഴക്കം മൂലം തുരുമ്പെടുക്കുകയും പൈപ്പിൽ ലീക്കേജ് ഉണ്ടാവുകയും ചെയ്തിട്ടുള്ളതിനാൽ ജി.ഐ പൈപ്പുകൾക്ക് മാറ്റി HDPE പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് തൻവർഷം പ്രോജക്ടുകൾ തയ്യാറാക്കിയത്. എന്നാൽ നീക്കംചെയ്ത ജി.ഐ പൈപ്പുകൾ ലേലം ചെയ്ത് മുതലിൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | നീക്കം ചെയ്ത ജി.ഐ പൈപ്പിന്റെ അളവ് | ബിൽ നമ്പർ/തിയതി/തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ – 307/23<br>മണക്കാട് പഞ്ചായത്ത് വഴിത്തല ജലസംരക്ഷണസമിതി പൈപ്പ് ലൈൻ മാറ്റിയിടൽ<br>എം.ബുക്ക് നമ്പർ-954/19-20 | 1749 മീറ്റർ | XVFC/2022-23/P/83/28.02.2023, ₹967552<br>ധനകാര്യ കമ്മീഷൻ- ടൈഡ് ഗ്രാന്റ് |
| 2 | പ്രോജക്ട് നമ്പർ – 335/23<br>മണക്കാട് പഞ്ചായത്ത് വരിക്കാനിത്തടം കുടിവെള്ളപദ്ധതി<br>എം.ബുക്ക് നമ്പർ-955/19-20 | 1440 മീറ്റർ | 221006520136O1418187/21.03.2023, ₹727236<br>ധനകാര്യ കമ്മീഷൻ- ടൈഡ് ഗ്രാന്റ് |
| 3 | പ്രോജക്ട് നമ്പർ – 309/23<br>ഒറ്റല്ലൂർ-മണ്ണാത്തിപ്പാറ കുടിവെള്ള പദ്ധതി<br>എം.ബുക്ക് നമ്പർ-953/2019-20 | 900 മീറ്റർ | XVFC/2022-23/P/63/28.02.2023, ₹831251<br>ധനകാര്യ കമ്മീഷൻ- ടൈഡ് ഗ്രാന്റ് |

| | | | |
|---|---|---|---|
| 4 | പ്രോജക്ട് നമ്പർ – 263/23 കോടിക്കുളം പഞ്ചായത്ത് ഏഴല്ലൂർ എസ് സി കോളനി കുടിവെള്ളപദ്ധതി പുനരുദ്ധാരണം എം.ബുക്ക് നമ്പർ-806/19-20 | 972 മീറ്റർ | 22100652013601541074/29.03.2022, ₹1039985- വികസന ഫണ്ട്- പട്ടികജാതി വിഭാഗം |

ക്രമ നമ്പർ 1,2 എന്നിവയിലെ പഴയ ജി.ഐ പൈപ്പുകൾ പുറത്തെടുത്ത് സ്റ്റാക്ക് ചെയ്തിട്ടില്ല. പ്രോജക്ട് നമ്പർ – 309/23 ൽ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ ഒറ്റല്ലൂർ, മണ്ണാത്തിപ്പാറ ഭാഗത്തെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന കുടിവെള്ള പദ്ധതിയിലെ കാലപ്പഴക്കം ചെന്ന ജി.ഐ. പൈപ്പുകൾ മാറ്റി പകരം HDPE പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തത്. എം. ബുക്ക് പേജ് നമ്പർ 5 പ്രകാരം നിലവിലുണ്ടായിരുന്ന 900 മീറ്റർ ജി.ഐ.പൈപ്പ് പുറത്തെടുത്ത് സ്റ്റാക്ക് ചെയ്തതിന് 18 ശതമാനം ജി.എസ്.ടി ഉൾപ്പെടെ ₹58500/- നൽകിയിട്ടുണ്ട്. ജി.ഐ പൈപ്പുകൾ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ – 263/23 ൽ കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ പട്ടികജാതി കോളനിയിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന കുടിവെള്ള പദ്ധതിയിലെ കാലപ്പഴക്കം ചെന്ന ജി.ഐ. പൈപ്പുകൾ മാറ്റി പകരം HDPE പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തത്. നിലവിലുണ്ടായിരുന്ന 972 മീറ്റർ ജി.ഐ പൈപ്പ് പുറത്തെടുത്ത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നതായി എം.ബുക്ക് പേജ് നമ്പർ 14 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ വ്യക്തിയുടെ സ്ഥലത്തും പൊതുനിരത്തിലുമായി കൂട്ടിയിട്ടിരിക്കുന്ന പൈപ്പുകൾ നാശോന്മുഖമാകാതെയും മോഷണം പോകാതെയും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ചരക്ക് സേവന നികുതി ടി.ഡി.എസ്.നടത്താതെ തുക അനുവദിച്ചു.

തൊടുപുഴ ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച തൊടുപുഴയിലുള്ള ജില്ലാ ആശുപത്രിയിലെ വിവിധ മെഷീനുകൾക്ക് AMC എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 703/23) ₹433030/- റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എയർകണ്ടിഷനറുകളുടെ എ.എം.സി. പുതുക്കുന്നതിന് ₹334500/- ആണ് വിനിയോഗിച്ചത്.2017 ലെ CGST Act, വകുപ്പ് 51(1)ൽ വിതരണത്തിന്റെ ആകെ മൂല്യം ₹2.50 ലക്ഷം-യിൽ അധികം വരുന്ന സാഹചര്യത്തിൽ കരാറുകാരുടെ ബില്ലിൽ നിന്നും 1 ശതമാനം ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-ലെ SGST Act വകുപ്പ് 51(1)ലും സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ ജി.എസ്.ടി. ഇനത്തിൽ 2 ശതമാനം തുക

സ്രോതസ്സിൽ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയാണ് കരാറുകാരന് നൽകാവുന്നത്. പവ്വർകൂൾ, വാരപ്പെട്ടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 221006520121014852299/26.03.2023 നമ്പർ ബിൽ പ്രകാരം ₹334500/- സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ജി.എസ്.ടി ഇൻവോയ്സ് പ്രകാരം എ.എം.സി പുതുക്കുന്നതിനുള്ള നിരക്ക് ₹283500/-യും ജി.എസ്.ടി ₹51030/-യും ഉൾപ്പടെ ₹334530/- ആണ്. ₹283500/-യുടെ 2 % ജി.എസ്.ടി. തുകയായ ₹5670/- സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷമുള്ള തുകയ്ക്കാണ് കരാറുകാരന് അർഹതയുള്ളത്. ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയ ശേഷം ₹328860/- അനുവദിക്കുന്നതിനു പകരം സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചതു മൂലം അധികം നൽകിയ തുക തിരികെ ഈടാക്കുകയോ നികുതി പൂർണ്ണമായ നിരക്കിൽ ഒടുക്കിയ റിട്ടേൺ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/05.09.2023) മറുപടി നൽകിയിട്ടില്ല.

1-15 കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ മെയിന്റനൻസ്-തുക ചെലവഴിച്ചിട്ടും പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സമ്പൂർണ്ണ കേൾവി – കോക്ലിയാർ ഇംപ്ലാന്റ് ചെയ്തവർക്ക് ഉപകരണങ്ങൾ മെയിന്റനൻസ്<br>പ്രോജക്ട് നമ്പർ 650/23 |
| അടങ്കൽ | ₹1000000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹550000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ |
| ബിൽനമ്പർ/തിയതി/തുക | 221006520122013055157/07.03.2023, ₹550000/- |

കേൾവിശക്തി കുറഞ്ഞ 18 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്ക് നൽകിയിട്ടുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു കുട്ടിയ്ക്ക് ₹50000/- പ്രതിവർഷം അനുവദിക്കാവുന്നതാണെന്നും ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി കുട്ടികളുടെ പട്ടിക സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകേണ്ടതാണെന്നും തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.02.2019ലെ സ.ഉ.(സാധാ)426/2019 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ (28.05.2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുടക്കം കൂടാതെ തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ചുവടെ കൊടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ 11 കുട്ടികൾക്കായി ₹550000/- സാമൂഹ്യസുരക്ഷാ മിഷനു കൈമാറി.

| ക്രമ നം. | പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | അഭിൻ ബിജു | രാജാക്കാട് |
| 2 | കൃഷ്ണജിത്ത് പി.എസ് | |
| 3 | ആദ്യനാഥ് ജിനേഷ് | |
| 4 | സിജി സുകുമാരൻ | വെള്ളിയാമറ്റം |
| 5 | ധരണ്യ അരുൺ | കാഞ്ചിയാർ |
| 6 | ഗൗതം ഉണ്ണികൃഷ്ണൻ | |
| 7 | വിധുൻ.സി.വിനോദ് | ചക്കുപള്ളം |
| 8 | അൽഫോൺസ മരിയ | |
| 9 | അനന്യ ബിജു | ഇടുക്കി-കഞ്ഞിക്കുഴി |
| 10 | എഡ്‌ലിൻ മരിയ | വാഴത്തോപ്പ് |
| 11 | ഹംസിക.എച്ച് | മൂന്നാർ |

കേടായ കേൾവി ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിന് 2021-22 വർഷം സോഷ്യൽ സെക്യൂരിറ്റി മിഷനിൽ ജില്ലാപഞ്ചായത്ത് തുക നിക്ഷേപിച്ചുവെങ്കിലും ഒരു വർഷം

കഴിഞ്ഞിട്ടും ഉപകരണങ്ങൾ നന്നാക്കി നൽകിയിട്ടില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തെയും ആരോഗ്യത്തേയും പ്രതികൂലമായി ബാധിക്കുന്ന വിഷയമായിട്ടും സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തയ്യാറായിട്ടില്ല. ഉപകരണങ്ങൾ യഥാസമയം നന്നാക്കാതിരുന്നാൽ ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങൾ പൂർണ്ണമായും പ്രവർത്തനരഹിതമായി മാറുന്ന സാഹചര്യം സംജാതമാവും. ഉപകരണങ്ങൾ നന്നാക്കുന്നതിനു കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ നിരന്തരം ബന്ധപ്പെട്ടുവെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നതിനു മിഷൻ വിമുഖത കാണിക്കുകയാണെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഓഡിറ്റ് വേളയിൽ വ്യക്തമാക്കി.

2018-19 സാമ്പത്തിക വർഷം മുതൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ തുക നിക്ഷേപിക്കുന്നുവെങ്കിലും സമയബന്ധിതമായി തുക കുട്ടികൾക്ക് കൈമാറാത്തതുമൂലം കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ നിരവധി കുട്ടികൾക്ക് തങ്ങളുടെ കേഴ്‌വി ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ കഴിയാതെ വരികയും പല കുട്ടികളും കേൾവി നഷ്ടപ്പെട്ട നിലയിലുമാണെന്നും ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ഒരു മെഡിക്കൽ ബോർഡ് രൂപീകരിച്ച് അർഹരായവർക്ക് ധനസഹായം നൽകുന്ന രീതിയിൽ മാനദണ്ഡം പരിഷ്കരിക്കണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിനു ജില്ലാ പഞ്ചായത്ത് കമ്മിറ്റി 08.04.2022ൽ തീരുമാനം നമ്പർ 1-5 ആയി തീരുമാനമെടുത്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുടക്കം കൂടാതെ തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകേണ്ടതാണെന്ന് 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ അവർ താമസിക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൾ പരിശോധിച്ച് ഗുണഭോക്തൃലിസ്റ്റ് ജില്ലാപഞ്ചായത്തിനു കൈമാറുകയും ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. തന്മൂലം അനാവശ്യ കാലതാമസത്തിനിടവരികയും കൃത്യമായ മോണിറ്ററിംഗ് സാധ്യമല്ലാതെ വരികയുമാണ് ചെയ്യുന്നത്. ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച ഗ്രാമപഞ്ചായത്തുകളെ

കുട്ടികളുടെ മാതാപിതാക്കൾ സമീപിക്കുന്നുണ്ടെങ്കിലും ജില്ലാപഞ്ചായത്ത് പ്രോജക്ടായതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നാണ് ഗ്രാമപഞ്ചായത്തുകൾ മറുപടി നൽകുന്നത്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ഉപകരണങ്ങൾ നന്നാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച ₹550000/-തടസപ്പെടുത്തുന്നു.

1-16 അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം-പദ്ധതി തികഞ്ഞ പരാജയം. വ്യാജ ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹600000/-മാറി നൽകി.

| | |
|---|---|
| പ്രോജക്ട് വിവരം | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം<br>പ്രോജക്ട് നമ്പർ 894/23 |
| അടങ്കൽ | ₹1500000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ബിൽ നമ്പർ/തിയതി | 22100652012501352541/10.03.2023 |
| തുക | ₹600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം |

ഇടുക്കി ജില്ലയുടെ അക്കാദമിക്ക് ഗുണമേന്മയിൽ സമഗ്രമായ മുന്നേറ്റം നേടിയെടുക്കുന്നതിനു വേണ്ടി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് അക്കാദമിക്ക് എക്സലൻസ്. ജില്ലയിലെ ഹയർ സെക്കണ്ടറി, വൊക്കേഷണനൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ പതിനൊന്നാം ക്ലാസിലെ മികച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് പ്രതിഭാ പരിപോഷണത്തിനുള്ള അവസരം ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിട്ടുള്ളത്. ഓരോ താലൂക്കിലേയും തെരഞ്ഞെടുത്ത രണ്ട്

കേന്ദ്രങ്ങളിലായി 40 കുട്ടികളെ വീതം പ്രതിഭാ നിർണ്ണയ പരീക്ഷയിലൂടെ കണ്ടെത്തി പ്രത്യേക കോച്ചിംഗ് നൽകി സിവിൽ സർവ്വീസ്, ഐ.സി.ഇ.ആർ, ഐ.ഐ.ടി, എൻ.ഐ.ടി, ഐ.സി.എ.ആർ, ബി.ആർക്ക്, ഐ.ഐ.ബി.എഫ്. തുടങ്ങിയ ദേശീയ തലത്തിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്കും കോഴ്സുകളിലേയ്ക്കും അഡ്മിഷൻ നേടിയെടുക്കുന്നതിനുള്ള താൽപര്യം ജനിപ്പിക്കുകയും വഴികാട്ടുകയും ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഓരോ കേന്ദ്രത്തിലും കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. 10.06.2021- ലെ ഭരണസമിതി യോഗത്തിന്റെ 1-3 നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കോ-ഓർഡിനേഷൻ സമിതിയ്ക്ക് അപേക്ഷ സമർപ്പിച്ചു. 29.09.2021ലെ സ.ഉ.(സധാ) നം.1866/2021/ത.സ്വ.ഭ.വ. പ്രകാരം ഇടുക്കി ജില്ലയിലെ +2 തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ഓരോ സ്കൂളിൽ നിന്നും പതിനഞ്ചോളം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഇവർക്ക് സിവിൽ സർവ്വീസ്, ഐ.ഐ.ടി, എൻ.ഐ.ടി, ഐ.ഐ.എം. തുടങ്ങിയ കോഴ്സുകൾക്ക് യോഗ്യരാക്കത്തക്കവിധം പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യത പരിഗണിച്ച് അക്കാദമിക്ക് എക്സലൻസ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ട് പ്രപ്പോസൽ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സംഘാടനം

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വിദ്യാഭ്യാസ ഉപഡയറക്ടർ, എസ്.എസ്.കെ ജില്ലാ കോർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പാൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങിയ ജില്ലാ കമ്മറ്റിയാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്.

2) ജില്ലാതല അക്കാദമിക്ക് കമ്മറ്റി ഘടന

| | |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| രക്ഷാധികാരി | ജില്ലയിൽ നിന്നുള്ള മന്ത്രി |
| അക്കാദമിക്ക് | ജില്ലാ കളക്ടർ |

| | |
|---|---|
| അഡ്വൈസറി ബോർഡ് ചെയർമാൻ | |
| അക്കാദമിക്ക് അഡ്വൈസറി ബോർഡ് അംഗങ്ങൾ | സബ് കളക്ടർമാർ, സൂപ്രണ്ട് ഓഫ് പോലീസ്, ഐ.എഫ്.എസ് ഓഫീസർ, ഫോറസ്റ്റ് ഓഫീസർ, റിട്ടയേർഡ് സിവിൽ സർവ്വീസ് ഓഫീസർ, വിദ്യാഭ്യാസ വിചക്ഷണൻമാർ (എൻ.ജി.ഒ) |
| കൺവീനർ | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| കോർഡിനേറ്റർ | ഡയറ്റ് ഫാക്കൽറ്റി അംഗം |
| കോർഡിനേഷൻ കമ്മറ്റി അംഗങ്ങൾ | ബി.ആർ.സി അംഗങ്ങൾ, അധ്യാപകർ, കോളജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

3) പ്രാദേശിക സെന്ററുകളിലെ കമ്മിറ്റി ഘടന

| | |
|---|---|
| രക്ഷാധികാരി | എം.എൽ.എ |
| കോർഡിനേറ്റർ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| കമ്മറ്റി അംഗങ്ങൾ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അധ്യാപകർ, കോളജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളിൽ ജില്ലാപഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ, അതത് വിദ്യാലയത്തിലെ പ്രിൻസിപ്പാൾമാർ, ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രതിനിധി , വിദ്യാലയതല കോർഡിനേറ്റർമാർ എന്നിവർ മേൽനോട്ടം വഹിക്കും.

4)പഠന കേന്ദ്രങ്ങൾ

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | കോച്ചിംഗ് സെന്ററുകളുടെ പേര് |
|---|---|---|
| 1 | ദേവികുളം | GVHSS മൂന്നാർ, SNDPHSS അടിമാലി |
| 2 | ഇടുക്കി | GTHSS കട്ടപ്പന, SMHSS മുരിക്കാശ്ശേരി |
| 3 | പീരുമേട് | GHSS കുമളി, PHS ഏലപ്പാറ |
| 4 | തൊടുപുഴ | APJAHSS തൊടുപുഴ, GHSS കോടിക്കുളം |

| | | |
|---|---|---|
| 5 | ഉടുമ്പൻചോല | GHSS കല്ലാർ, GHSS രാജാക്കാട് |

5)ടൈംടേബിൾ

ജനവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ദിവസം 5 മണിക്കൂർ വീതമാണ് ക്ലാസുകളുടെ സമയം. ശനി ഓഫ് ലൈനിലും ഞായർ ഓൺ ലൈനുമായാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടത്. ഉച്ചവരെയുള്ള സമയങ്ങളിൽ വിവിധവിഷയങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസുകളും ഉച്ചയ്ക്ക് ശേഷം ഉപന്യാസരചന, ഇന്റർവ്യൂ, ഗ്രൂപ്പ് ചർച്ച, സംവാദം, വ്യക്തിഗത പ്രകടനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള പരിശീലനവുമാണ് നടത്തേണ്ടത്.

6)പ്രോജക്ട് നടത്തിപ്പിന്റെ സാമ്പത്തിക വിശകലനം

| പ്രവർത്തനം | നിരക്ക് | തുക (₹) |
|---|---|---|
| നേരിട്ടുള്ള ക്ലാസ്-100 മണിക്കൂർ | ₹1000/മണിക്കൂർ | 100000/- |
| പ്രിന്റഡ് നോട്ട് | ₹500/ഒരു വിദ്യാർത്ഥിക്ക് | 25000/- |
| ആകെ ഒരു ബാച്ചിന് | | 125000/- |
| ആകെ 10 ബാച്ചിന് | | 1250000/- |
| ഓൺലൈൻ ക്ലാസ് (100 മണിക്കൂർ) | 5 ബാച്ചിന് വീതം (2 ഷിഫ്റ്റ് ആയി) ₹750/മണിക്കൂർ | 150000/- |
| വെബ് സൈറ്റ് | | 50000/- |
| സെർവർ | | 25000/- |
| മറ്റ് ചെലവുകൾ | | 25000/- |
| ആകെ ചെലവ് | | ₹1500000/- |

സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി ആവിഷ്കരിച്ച ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചതു മുതൽ നിരവധി അപാകങ്ങളാണ് സംഭവിച്ചത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

അപാകതകൾ

1. പദ്ധതി നടപ്പാക്കുന്നതിനായി 22.10.2022 ന് ഇ-ടെണ്ടർ ക്ഷണിച്ചു. മലയാള മനോരമ, മാതൃഭൂമി

എന്നീ ദിനപത്രങ്ങളുടെ സംസ്ഥാനത്തെ എല്ലാ എഡിഷനിലുമാണ് പരസ്യം നൽകിയത്. പ്രാരംഭത്തിൽ തയ്യാറാക്കിയ ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും കാതലായ ഒരു മാറ്റത്തോടെയാണ് ടെണ്ടർ പ്രസിദ്ധീകരിച്ചത് . ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെയാണ് ക്ലാസുകളുടെ സമയം എന്നും ദിവസം 5 മണിക്കൂർ ക്രമത്തിൽ ശനി ഓഫ് ലൈനിലും ഞായർ ഓൺ ലൈനുമായാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടത് എന്നുമുള്ള ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈൻ ക്ലാസും മാസത്തിലൊരു ഓഫ് ലൈൻ ക്ലാസും എന്നതായിരുന്നു ടെണ്ടറിലെ പ്രധാന മാറ്റം. ഇത്തരമൊരു മാറ്റത്തിന്റെ കാരണം വ്യക്തമല്ല. സംസ്ഥാന വ്യാപകമായി ടെണ്ടർ പരസ്യം നൽകിയെങ്കിലും ആരും ടെണ്ടറിൽ പങ്കെടുത്തിട്ടില്ല.

2. ടെണ്ടറിൽ ആരും പങ്കെടുക്കാത്തിനാൽ 19.11.2022 – ൽ റീ-ടെണ്ടർ നടത്തി. ആദ്യ ടെണ്ടർ പരസ്യങ്ങൾ മലയാള മനോരമ, മാതൃഭൂമി ദിനപ്പത്രങ്ങളുടെ കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിച്ചപ്പോൾ രണ്ടാമത്തെ ടെണ്ടർ പരസ്യം പത്രങ്ങളുടെ കോട്ടയം എഡിഷനിൽ മാത്രമാണ് പ്രസിദ്ധീകരിച്ചത്. കോട്ടയം എഡിഷനിൽ മാത്രം റീ-ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതു കാരണം മത്സരക്ഷമത ഇല്ലാതാവുകയും കേരളത്തിലെ പ്രമുഖ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളുടെ ശ്രദ്ധയിൽ ടെണ്ടർ വിശദാംശങ്ങൾ ലഭ്യമാവാതെ വരികയും ചെയ്തു. മാത്രമല്ല ആദ്യ ടെണ്ടറിൽ നിന്നും മാറ്റങ്ങൾ വരുത്തിയാണ് റി-ടെണ്ടർ നടത്തിയത്. ഒരു താലൂക്കിൽ രണ്ട് ട്രയിനിംഗ് സെന്റർ എന്നത് ഒന്നായി ചുരുക്കി. ആദ്യ ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്ന പദ്ധതിയുടെ സാമ്പത്തിക വിശകലനം ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഉൾപ്പെടുത്തി. റി-ടെണ്ടറിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No | Activity | Quantity | Rate | Amount |
|---|---|---|---|---|
| 1 | Coaching Class For Students-Offline | 125 Hr | 1500 | 187500 |
| 2 | Coaching Class For Students-Online | 420 Hr | 1000 | 420000 |
| 3 | Materials And Study Notes* | 500 | 1000 | 500000 |
| 4 | Refreshment And Other Expenses | | | 63000 |
| 5 | Web Application | | | 100000 |

| | | | | |
|---|---|---|---|---|
| 6 | Provision For GST | | 18% | 22890 |
| | Total | | | 1499190 |

*ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി Materials And Study Notes എന്ന ഇനത്തിൽ വന്ന വർദ്ധനവ് വളരെ വലുതാണ്.

പരിശീലനസ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ

| ക്രമ നം | മാനദണ്ഡം | സ്കോർ |
|---|---|---|
| 1 | കഴിഞ്ഞ 5 വർഷമായി സ്ഥാപനത്തിൽ നിന്നും പരിശീലനം നേടി സിവിൽ സർവ്വീസ് പരീക്ഷയിൽ ആദ്യത്തെ 500 റാങ്കിനുള്ളിൽ വന്നവരുടെ എണ്ണം | 30 |
| 2 | സ്ഥാപനത്തിൽ ഫാക്കൽറ്റികളായ റിട്ടയേർഡ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം | 25 |
| 3 | പരിശീലനരംഗത്തെ മുൻപരിചയം | 10 |
| 4 | ട്രയിനിംഗ് മെത്തഡോളജി | 20 |
| 5 | സിലബസ് | 15 |
| | ആകെ സ്കോർ | 100 |

റീ-ടെണ്ടറിൽ പങ്കെടുത്തത് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി എന്ന ഒരു സ്ഥാപനം മാത്രമാണ്. ടെണ്ടറിൽ സൂചിപ്പിച്ചിരുന്ന അതേ നിരക്കാണ് സ്ഥാപനം ക്വോട്ട് ചെയ്തത്. ഈ സ്ഥാപനത്തിന് ലഭിച്ച സ്കോർ എത്രയെന്ന് വ്യക്തമല്ല. ഈ മേഖലയിലെ സ്ഥാപനത്തിന്റെ മുൻപരിചയവും വ്യക്തമല്ല.

3. 09/12/2022 ലെ ജില്ലാപഞ്ചായത്ത് കമ്മറ്റി ടെണ്ടർ അംഗീകരിക്കുകയും കരാറിലേർപ്പെടുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് കരാർ ഉടമ്പടി നമ്പർ ജി4/3162/2022 തിയതി 20/01/2023 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഒന്നാം കക്ഷിയായും പ്രസിഡന്റ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി പാറത്തോട് രണ്ടാം കക്ഷിയായും കരാറിലേർപ്പെട്ടു. കരാർ ചമയ്ക്കുന്നതിനായി വാങ്ങിയ മുദ്രപത്രം പ്രസിഡന്റ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി പാറത്തോട് എന്ന പേരിലാണെങ്കിലും കരാറിലെ സീൽ പ്രസിഡന്റ്

ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി തിരുവനന്തപുരം എന്നാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്തിടപാടിൽ ടെണ്ടർ നേടിയത് എഡ്യുസോൺ അക്കാദമി ആണെന്നും കരാറിലേർപ്പെടുവാൻ ടിയാൻ വിളിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഏത് സ്ഥാപനമാണ് ടെണ്ടർ നേടിയത് എന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.

4. ഈ പ്രോജക്ടിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് രണ്ടാം കക്ഷി പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടതെന്ന് കരാർ വ്യക്തമാക്കുന്നു. എന്നാൽ ടൈംടേബിൾ, സാമ്പത്തിക വിശകലനം എന്നിവയിലൊന്നും കരാറിലെ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

5. ശനി, ഞായർ ദിവസങ്ങളിലായി ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഇടവിട്ട് നടത്തണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഒരു ഓഫ് ലൈൻ ക്ലാസ് പോലും നടത്തപ്പെട്ടിട്ടില്ല.

6. എല്ലാ പഠനകേന്ദ്രങ്ങളിലും മുഴുവൻ സമയ അധ്യാപകരുടെ സേവനം ഉണ്ടാകണമെന്ന കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല.

7. കരാർ വ്യവസ്ഥ പ്രകാരം പദ്ധതി നടത്തിപ്പിൽ പിഴവുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം കരാർ റദ്ദ് ചെയ്യുവാനും നിയമനടപടികൾ സ്വീകരിക്കുവാനും ഒന്നാം കക്ഷിക്ക് അധികാരമുള്ളതാണ്. . മോണിട്ടറിംഗിന്റെയും വിലയിരുത്തലിന്റെയും അഭാവത്തിൽ കരാർ വ്യവസ്ഥകൾ നിരന്തരം ലംഘിക്കപ്പെടുകയും പദ്ധതി സമ്പൂർണ പരാജയമായി മാറുകയും ചെയ്തിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ.

ഒരു നൂതന പദ്ധതി എന്ന നിലയിൽ ഓഡിറ്റ് ടീം പദ്ധതി നടപ്പിലാക്കുന്ന ചില ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ സന്ദർശിച്ച് അക്കാദമിക് കോ-ഓർഡിനേറ്റർമാർ, സ്കൂൾ പ്രിൻസിപ്പൾമാർ, പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയുണ്ടായി. പ്രധാന കണ്ടെത്തലുകൾ ചുവടെ നൽകുന്നു.

1. പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കുമായിരുന്ന സ്കൂൾ കോ-ഓർഡിനേറ്റർമാർക്ക് പദ്ധതി നടത്തിപ്പിൽ യാതൊരു പങ്കാളിത്തവുമില്ല. നിലവിൽ ക്ലാസ്

നടക്കുന്നുണ്ടോ എന്ന് പോലും ഇവർക്കറിയില്ല. പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഓൺലൈൻ ക്ലാസുകളെ കുറിച്ച് ഇവർക്ക് അറിയിപ്പ് ലഭിക്കാറുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അതും ലഭ്യമല്ല.

2. നാളിതുവരെ ഓഫ് ലൈൻ ക്ലാസുകൾ നടന്നിട്ടില്ല.

3. പുസ്തകങ്ങൾ, പ്രിന്റഡ് നോട്സ്, മറ്റ് സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ ഒന്നും നൽകിയിട്ടില്ല.

4. വ്യക്ത്യാധിഷ്ഠിത മെന്റർഷിപ്പ് ടീം സേവനം ലഭ്യമല്ല.

5. തുടർ പരീക്ഷകളോ മൂല്യനിർണ്ണയമോ നടക്കുന്നില്ല.

6. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലുള്ള പ്രാദേശിക അക്കാദമിക് ടീമിന്റെ പിന്തുണ ഇല്ല.

7. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ ഓൺലൈൻ ക്ലാസുകൾക്കായി പ്രത്യേക പ്ലാറ്റ് ഫോം ഉണ്ടാക്കിയിട്ടില്ല.

8. ഗൂഗിൾ മീറ്റിൽ മാത്രമാണ് ഓൺലൈൻ ക്ലാസുകൾ നൽകുന്നത്.

9. പദ്ധതിയുടെ വിലയിരുത്തലിനായി സ്കൂൾ പ്രിൻസിപ്പൾമാരെയോ , അക്കാഡമിക് കോ-ഓർഡിനേറ്റർമാരെയോ സമീപിച്ചിട്ടില്ല.

10. ക്ലാസ്സുകൾ നയിക്കുന്നത് ആരാണന്നോ, സ്ഥാപനം ഏതാണന്നോ സ്കൂളുകൾക്ക് അറിയില്ല.

11. മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി ഒരു വർഷം കഴിയുമ്പോഴും പൂർത്തിയായിട്ടില്ല.

12. കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി എന്നിവ സംബന്ധിച്ച് യാതൊരു വിവരവും ജില്ലാപഞ്ചായത്തിനോ സ്കൂൾ അധികൃതർക്കോ രക്ഷിതാക്കൾക്കോ നൽകുന്നില്ല.

13.ഗ്രൂപ്പ് ചർച്ച, ഇന്റർവ്യൂ പരിശീലനം, ഉപന്യാസ രചന, തുടങ്ങിയ സ്കിൽ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നില്ല.

<u>മറ്റ് അപാകതകൾ</u>

ടെണ്ടറിൽ പങ്കെടുത്ത ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി EMDആയി ₹37,500 അടച്ചിരുന്നു. കരാർ വയ്ക്കുമ്പോൾ 5% തുകയായ ₹.75,000/-അടയ്ക്കേണ്ടതാണ്. എന്നാൽ ഈ തുക അടച്ചില്ലെന്ന് മാത്രമല്ല നിരതദ്രവ്യമായി അടച്ച ₹.37500/- തിരികെ നൽകണമെന്ന് 17/02/2023 ൽ ആവശ്യപ്പെടുകയും ഈ തുക തിരികെ നൽകുവാൻ 22/02/2023 ൽ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും 01/03/2023-ലെ 1/4-ാം നമ്പർ ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം

തുക മടക്കി നൽകുവാൻ അനുമതി നൽകുകയും ചെയ്തു. ഇത് ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

ജി എസ് ടി ബിൽ ഇല്ലാതെ ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിക്ക് ₹600000/- നൽകി .

20/01/2023ൽ കരാറിലേർപ്പെട്ട ഈ പ്രവൃത്തിയ്ക്ക് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ലഭിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹.600000/- യുടെ പാർട്ട് ബിൽ അനുവദിച്ച് 03/03/2023 ലെ നടപടിക്രമം നമ്പർ ജി4/3162/2022/ഡി.ഡി.ഇ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 09/03/2023ൽ ബിൽ നമ്പർ 22100652012501352541 പ്രകാരം ₹.600000/- ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയുടെ എച്ച് ഡി എഫ് സി ബാങ്ക് തിരുവനന്തപുരം ശാഖയിലുള്ള അക്കൗണ്ട് നമ്പർ 5020000697464 –ലേക്ക് നൽകി. ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച രണ്ട് ബില്ലുകൾ അംഗീകരിച്ചാണ് തുക നൽകിയത്. രണ്ട് ബില്ലുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | A Complete Referencce Bookfor Civil Servicce Examination (Foundation)-500 എണ്ണം | 156/21 /02/23 | 500000 |
| 2 | Web Software | 23/21/2/23 | 100000 |
| | ആകെ | | 600000 |

ഒന്നാമത്തെ ബിൽ ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി യുടെ പേരിലുള്ളതും രണ്ടാമത്തെ ബിൽ India Magister എന്ന കമ്പനിയുടെ പേരിലുമാണ് . രണ്ട് ബില്ലിലും ജി എസ് ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

500 വിദ്യാർത്ഥികൾക്ക് 1000 രൂപയുടെ വീതം പുസ്തകം നൽകിയെന്നാണ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി ഒന്നാമത്തെ ബില്ലിലൂടെ അവകാശപ്പെട്ടത്. എന്നാൽ ഓഡിറ്റ് ടീം

നേരിട്ട് നടത്തിയ അന്വേഷണത്തിൽ ഒരു കുട്ടിക്ക് പോലും പുസ്തകം ലഭിച്ചിട്ടില്ലെന്ന് രേഖാമൂലം വിദ്യാർത്ഥികൾ അറിയിച്ചിട്ടുള്ളതാണ്. ഓൺ ലൈൻ ക്ലാസിനായി Web Application Support വാങ്ങിയതിനാണ് രണ്ടാമത്തെ ബില്ലിലൂടെ ₹.100000/- ആവശ്യപ്പെട്ടത്. എന്നാൽ ഇതും വാസ്തവവിരുദ്ധമാണ്. ഓൺ ലൈൻ ക്ലാസിനായി യാതൊരുവിധ Web Application-ഉം ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി പണംകൊടുത്ത് വാങ്ങിയിട്ടില്ല. GOOGLE CLASSROOM-ലൂടെ മാത്രമാണ് ക്ലാസുകൾ നടത്തിയിട്ടുള്ളത്. ഇതും രേഖാമൂലം വിദ്യാർത്ഥികൾ അറിയിച്ചിട്ടുള്ളതാണ്. ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച ബില്ലുകളിന്മേൽ പ്രാഥമിക അന്വേഷണം പോലും നടത്താതെ പണം കൈമാറിയതുമൂലം ₹.600000/- നഷ്ടം സംഭവിച്ചിരിക്കുന്നു. നഷ്ടമായ തുക ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഈ ഏജൻസി മുഖേനയുള്ള തുടർ പദ്ധതികൾ ഒഴിവാക്കി കരാർ ലംഘനത്തിനും വിശ്വാസ വഞ്ചനയ്ക്കും ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഷ്ടമായ തുക ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.അപാകങ്ങൾക്കു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്കു (നം.10/04.12.2023,25/11.12.2023) മറുപടി നൽകിയില്ല.

## 1-17 ക്ഷയരോഗ ബാധിതതർക്ക് പോഷകാഹാര വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 1059/23 |
| അടങ്കൽ | ₹1000000/- (പൊതുവിഭാഗം വികസനഫണ്ട്) |
| ബിൽ നമ്പർ/തിയതി/തുക | 22100652012101336921/31.03.2023, ₹999810/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി തൊടുപുഴ |

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ റ്റി.ബി രോഗികൾക്ക് പോഷകാഹാര വിതരണം എന്ന പ്രോജക്ടിനായി ₹999810/- പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകങ്ങളുണ്ട്.

1. ഇടുക്കി ജില്ലയിലെ 486 ക്ഷയ രോഗബാധിതർക്ക് മൂന്ന് മാസത്തേയ്ക്ക് പോഷകാഹാരം നൽകുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടു കൂടി പ്രോജക്ട് തയ്യാറാക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 – ലെ യോഗ തീരുമാനം 4-33 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2021-22

സാമ്പത്തിക വർഷത്തിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കിയ വേളയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നില്ല. ഭരണസമിതിയുടെ 02.11.2022ലെ 2-2 തീരുമാനപ്രകാരം പുതിയ പ്രോജക്ടായി ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

2. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19/04/2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖയിലോ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലോ ക്ഷയരേഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

3. വർഷത്തിൽ മൂന്ന് മാസം പോഷകാഹാരം നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പോഷകാഹാരം വിതരണം ചെയ്യുന്നതിന്റെ ഇടവേളകൾ/സമയം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മൂന്ന് മാസം പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തതെങ്കിലും 2023 മാർച്ചിൽ ഒറ്റ തവണയായിട്ടാണ് സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ളത്.

4. 486 ഗുണഭോക്താക്കൾക്ക് പോഷകാഹാരം നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 230 രോഗികൾക്കാണ് പോഷകാഹാരം നൽകിയത്. അർഹരായ എല്ലാ രോഗികൾക്കും പോഷകാഹാരം വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല. അതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച അർഹതാ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.

5. ജില്ലയിലെ സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നതിന് നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾക്ക് കിറ്റ് വിതരണ ചുമതല നൽകുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരാത്ത തൊടുപുഴ, കട്ടപ്പന നഗരസഭകളിലെ ആശുപത്രികൾക്കും കിറ്റുകൾ അനുവദിച്ചതിന്റെ മാനദണ്ഡവും വ്യക്തമല്ല.

6. ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കുന്നതിനാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയ്ക്ക് അപേക്ഷ നൽകിയതും അനുമതി ലഭിച്ചിട്ടുള്ളതും. എന്നാൽ, വികസന ഫണ്ടാണ് പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത്.

7. ക്ഷയരോഗബാധിതർക്ക് അവരുടെ രോഗാവസ്ഥയെ കുറയ്ക്കുന്നതിന് ഉതകുന്ന മാംസ്യവും വിറ്റമിനുകളും അധികം അടങ്ങിയിരിക്കുന്ന പോഷകാഹാരങ്ങൾ നൽകുന്നതിനു പകരം സാധാരണ ഭക്ഷണ സാധനങ്ങൾ ആണ് നൽകിയിട്ടുള്ളത്.

വ്യക്തമായ ആസൂത്രണമോ രൂപരേഖയോ കൂടാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. 2023-24 വാർഷിക പദ്ധതിയിലും പോഷകാഹാര വിതരണത്തിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും

നാളിതുവരെ നടപ്പാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ-1/05.09.2023 - ന് നൽകിയ മറുപടിയിൽ ജില്ലാ ടി.ബി. ഓഫീസർ തയ്യാറാക്കിയ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന ഡേറ്റാ എൻട്രി നടത്തുകയും എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം മാത്രം തൊടുപുഴ ജില്ലാ ആശുപത്രി വഴി നടത്തുകയുമാണ് ചെയ്തിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. ലക്ഷ്യബോധമില്ലാതെ പദ്ധതി ആവിഷ്കരിച്ചതിനാൽ ഗുണഭോക്താക്കൾക്ക് വേണ്ടതായ പരിചരണവും പോഷകാഹാരവും കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച ₹999810/- തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ആയുർവ്വേദ മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.

തൻവർഷം ജില്ലാ ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് വിവിധ പദ്ധതികളിലായി ചെലവഴിച്ച തുകയുടെയും ഇനിയും ലഭിക്കുവാനുള്ള മരുന്നിന്റെയും വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) | ലഭിച്ച മരുന്ന് (₹) | അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| ജില്ലാ ആയുർവ്വേദ ആശുപത്രി അനക്സ് പാറേമാവ്-മരുന്ന് വാങ്ങൽ പ്രോജക്ട് നമ്പർ - 08/23 | 3000000 | 3000000 | 1615506 | 1384494 |
| ജില്ലാ ആയുർവ്വേദ ആശുപത്രി അനക്സ് പാറേമാവ്-പാലീയേറ്റീവ് മരുന്ന് വാങ്ങൽ പ്രോജക്ട് നമ്പർ 08/23 | 1000000 | 1000000 | 861292 | 138708 |
| ജില്ലാ ആയുർവ്വേദ ആശുപത്രി അനക്സ് പാറേമാവ്-സ്ത്രീശക്തി പദ്ധതി- പ്രോജക്ട് നമ്പർ 08/23 | 3500000 | 3500000 | 2192744 | 1307256 |
| ജില്ലാ ആയുർവ്വേദ ആശുപത്രി അനക്സ് പാറേമാവ്-മൊബൈൽ ട്രൈബൽ ക്ലിനിക്ക് | 600000 | 550000 | 455912 | 94088 |

| | | | | |
|---|---|---|---|---|
| പ്രോജക്ട് നമ്പർ 151/23 | | | | |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1-19 ഡയാലിസിസ് ധനസഹായം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ചു

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ഡയാലിസിസ് ധനസഹായം എന്ന പ്രോജക്ടിനായി ₹7011870/- ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഡയാലിസിസ് നടത്തിയതിന്റെ ബില്ലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ/സ്വകാര്യ ആശുപത്രികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 534/23 |
| അടങ്കൽ | ₹7020652/- (പൊതുവിഭാഗം വികസനഫണ്ട്) |
| ബിൽ നമ്പർ/തിയതി/തുക | 22100652012100716186/18.07.2022, ₹2064090/- |
| | 22100652012100582590/27.09.2022, ₹1460000/- |
| | 22100652012100657241/27.09.2022, ₹514000/- |
| | 22100652012100322437/01.11.2022, ₹1155780/- |
| | 22100652012100920278/18.11.2022, ₹1103000/- |
| | 22100652012100792509/16.12.2022, ₹715000/- |
| ആകെ | ₹7011870/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി തൊടുപുഴ |

സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ തി. 28.05.2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.7 പ്രകാരം ഡയാലിസിസിനുള്ള ധനസഹായം അനുവദിക്കുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ അതത് ഗ്രാമപഞ്ചായത്തുകളാണ് പ്രോജക്ട് ആവിഷ്കരിക്കേണ്ടത്. എന്നാൽ, ജില്ലാപഞ്ചായത്ത് നേരിട്ടാണ് തുക ആശുപത്രികൾക്ക് കൈമാറിയിട്ടുള്ളത്. ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് ഗ്രാമപഞ്ചായത്തുകൾ നൽകിയതിന്റെ വിശദാംശങ്ങൾ ഫയലിലില്ല. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രണ്ടു ലക്ഷം രൂപ വരെ വാർഷിക വരുമാനം

ഉള്ളവർക്കാണ് ഡയാലിസിസ് ധനസഹായത്തിനു അർഹതയുള്ളത്. അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമല്ല.

ഗ്രാമപഞ്ചായത്തുകൾ മുഖേന മാത്രമേ ഡയാലിസിസിനു ധനസഹായം അനുവദിക്കുവാൻ പാടുള്ളുവെന്നും ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന വിഹിതം അതത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുക മാത്രമാണ് ചെയ്യേണ്ടതെന്നും വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022ലെ യോഗത്തിലും വ്യക്തമാക്കിയിട്ടുണ്ട് (വിഷയം 4-14, 4-21).

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 4/05.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഗോത്രസാരഥി പദ്ധതി- മാർഗരേഖക്കു വിരുദ്ധമായി പദ്ധതി നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി

പ്രോജക്ട് നമ്പർ 691/2023 ആയി നടപ്പാക്കിയ ഗോത്രസാരഥി വിഹിതം നൽകൽ എന്ന പ്രോജക്ടിനായി ₹23,87,136/- പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

19.04.2022ലെ സ.ഉ(കൈ)84/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.(18) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഗോത്രസാരഥി പ്രോജക്ട് നടപ്പാക്കാമെന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം കൂടി വകയിരുത്തി പ്രോജക്ട് നടപ്പാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗോത്രസാരഥി പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് നേരിട്ട് പദ്ധതി നടപ്പാക്കുന്നത് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃലിസ്റ്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ-ഉം തദ്ദേശ സ്ഥാപനത്തിലെ ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കേണ്ടതും അതനുസരിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് വിഹിതം നൽകേണ്ടതുമാണെന്നും ഇങ്ങനെ നൽകുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് കണക്കാക്കി അതത് തദ്ദേശ സ്ഥാപനം വകയിരുത്തേണ്ടതാണെന്നും 27.10.2022ലെ ഡി.എ.1/395/2019/ത.സ്വ.ഭ.വ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലയിലെ 18 ഗ്രാമപഞ്ചായത്തുകളിലെ 34 സ്കൂളുകളിലായി 1771 കുട്ടികൾ ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കുട്ടികളുടെ യാത്രാ സൗകര്യത്തിനായി 10 മാസത്തേയ്ക്ക് ₹24306150/- ആവശ്യമാണെന്നും പട്ടികവർഗ്ഗവകുപ്പ്, ജില്ലാപഞ്ചായത്ത് ഉൾപ്പടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുള്ള ഫണ്ട് ₹11525333/- മാത്രമാണെന്നും എന്നാൽ ജില്ലാപഞ്ചായത്തുകൾക്ക് ഗോത്രസാരഥി പദ്ധതി നടപ്പാക്കുന്നതിനു പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ലാത്ത സാഹചര്യത്തിൽ അർഹരായ എല്ലാ കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനു ജില്ലാപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ചിട്ടുള്ള ഗോത്രസാരഥി പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകാനുമതി ലഭ്യമാകുന്നതിനു വേണ്ടി വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയിൽ അപേക്ഷ നൽകുന്നതിന് 15.10.2022ലെ ഭരണസമിതി യോഗം തീരുമാനിച്ചിരുന്നു (തീരുമാനം നമ്പർ 1-3). 09.01.2023ലെ കോ-ഓർഡിനേഷൻ സമിതി യോഗം വിഷയം പരിഗണിക്കുകയും ജില്ലാപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തുന്നതിനു അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിനും അർഹമായ വിഹിതം എത്രയെന്ന് നിശ്ചയിച്ച് അറിയിക്കുന്നതിനനുസരിച്ചാണ് അതത് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ വിഹിതം അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നതിനു പകരം ജില്ലാപഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തത്. അതിനാൽ, ഓരോ ഗ്രാമപഞ്ചായത്തിനു ആവശ്യമായ വിഹിതം സംബന്ധിച്ച് വ്യക്തതയില്ല. ഓരോ ഗ്രാമപഞ്ചായത്തിനും തുക നിശ്ചയിച്ചതിനു സ്വീകരിച്ച മാനദണ്ഡവും വ്യക്തമല്ല. ഗോത്രസാരഥി പദ്ധതിസംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത് എന്നിവ 2022-23 വർഷം ചെലവഴിച്ച തുകയുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഭാവിയിൽ പദ്ധതികൾ നടപ്പാക്കുന്നതിനു

ശ്രദ്ധിക്കേണ്ടതാണ്.

**1-21 മണിക്കൽമേട് കുടിവെള്ള പദ്ധതി- മാർഗരേഖകൾ വിരുദ്ധമായി ഏറ്റെടുത്ത പദ്ധതി പ്രവർത്തനരഹിതം.**

| | |
|---|---|
| പ്രോജക്ട് വിവരം | പീരുമേട് ഗ്രാമ പഞ്ചായത്ത് 9-ാം വാർഡ് മണിക്കൽമേട് കുടിവെള്ളം മോട്ടോർ, പൈപ്പ്<br>പ്രോജക്ട് നമ്പർ – 407/22, 316/23<br>എം.ബുക്ക് നമ്പർ- 1050/2019-20<br>കരാറുകാരൻ – ശ്രീ സെൽവൻ.ടി |
| അടങ്കൽ | ₹1000000/- (ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/34/15.06.2022, ₹571644/- |
| | XVFC/2022-23/P/100/30.03.2023, ₹155567/- |
| ആകെ | ₹727211/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |



നവീകരിച്ച കുളം



പമ്പ് ഹൗസ്

പീരുമേട് ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡിലെ മണിക്കൽമേട് ഭാഗത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന ആവിഷ്കരിച്ച പദ്ധതിയാണിത്. 10000 ലിറ്റർ സംഭരണ ടാങ്ക്, 650 മിറ്റർ 75mm പൈപ്പ്ലൈൻ, 15 എച്ച്.പി. മോട്ടോർ എന്നിവ സ്ഥാപിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് 2021-22 ൽ പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ നിലവിലുണ്ടായിരുന്ന കുളത്തിന്റെ

നവീകരണം, പമ്പ് ഹൗസ് അറ്റകുറ്റപ്പണി, 900 മിറ്റർ 50mm ജി.ഐ പൈപ്പ്ലൈൻ, 15 എച്ച്.പി. മോട്ടോർ എന്നിവ സ്ഥാപിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഗ്രാമപഞ്ചായത്തുകളുടെ അനുമതിയോടു കൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖകൾ പ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് അനുവാദമില്ല. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. പീരുമേട് ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല.

കുളം നവീകരണം, പമ്പ് ഹൗസ് അറ്റകുറ്റപ്പണി, പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നിവ മാത്രമാണ് ചെയ്തിട്ടുള്ളത്. മോട്ടോർ പമ്പ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

കുടിവെള്ള വിതരണത്തിനായി വർഷങ്ങൾക്കു മുമ്പ് കുളം നിർമ്മിച്ച്, പമ്പ് ഹൗസ് സ്ഥാപിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. മോട്ടോർ പമ്പ് വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും എസ്റ്റിമേറ്റ് പരിഷ്കരിച്ചപ്പോൾ മേൽ ഇനങ്ങൾ ഒഴിവാക്കി. നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പമ്പ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ശാശേരിപ്പടി മൈലാടുംപാറ റോഡ് സംരക്ഷണഭിത്തി നിർമ്മാണം -എസ്റ്റിമേറ്റിലെ അപാകത. റോഡ് അപകടാവസ്ഥയിൽ.

| | |
|---|---|
| പ്രോജക്ട് വിവരം | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്-ശാശേരിപ്പടി മൈലാടുംപാറ റോഡ്<br>പ്രോജക്ട് നമ്പർ – 262/20, 123/23 - 2019-20<br>എം.ബുക്ക് നമ്പർ- 181/2020-21 |

| | |
|---|---|
| | കരാറുകാരൻ -ശ്രീ ജോർജ്ജ് തോമസ് |
| അടങ്കൽ | ₹1000000/- (സംരക്ഷണ ഗ്രാന്റ് -റോഡ്) |
| ബിൽ നമ്പർ/തിയതി, തുക | 20100652013601411322/28.03.2021, ₹510852/- |
| | 22100652013600087409/09.05.2022, ₹290928/- |
| ആകെ | ₹801780/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ശാശേരിപ്പടി-മൈലാട്ടുംപാറ റോഡിന്റെ ഒരു ഭാഗം 2018ലെ പ്രളയത്തിൽ തകർന്ന് ഗതാഗതം ദുഷ്കരമായതിനാൽ അപകടസാധ്യത ഒഴിവാക്കുന്നതിനായി റോഡിന്റെ സൈഡ് 23 മീറ്റർ നീളത്തിലും 5 മീറ്റർ ഉയരത്തിലും ഒരു സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 2019-20ൽ പ്രോജക്ട് തയ്യാറാക്കുകയും കരാർ നമ്പർ 91/T/AEE/LSGD/IDK /19-2020 ആയി 04.01.2020 ൽ നിർമ്മാണ കരാർ വയ്ക്കുകയും ചെയ്തു. രണ്ട് തവണ കരാർ നീട്ടി നൽകിയതിനു ശേഷം 03/2022ലാണ് പദ്ധതി പൂർത്തീകരിച്ചത്. കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും സ്വീകരിച്ചിട്ടില്ല.

പ്രതീക്ഷിച്ചതിലും കൂടുതൽ ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടി വരുന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനു സാധിച്ചില്ല. സംരക്ഷണഭിത്തിയുടെ ഉയരം ഏകദേശം രണ്ട് മീറ്റർ കൂടി വർദ്ധിപ്പിച്ചാൽ മാത്രമേ പദ്ധതി ലക്ഷ്യം കൈവരിക്കുകയുള്ളൂ. എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി പദ്ധതി നടപ്പിലാക്കിയെങ്കിലും പദ്ധതിയുടെ യഥാവിധിയുള്ള പൂർത്തീകരണം സാധ്യമാകാത്തതിനാൽ അപകട സാധ്യത നിലനിൽക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/10.12.2023 ന് മറുപടി ലഭ്യമായില്ല.




അപകടാവസ്ഥയിലായ സംരക്ഷണഭിത്തി

സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ വർഷകാലത്ത് മതിൽകെട്ടിൽ വെള്ളമിറങ്ങുന്ന അവസ്ഥയാണുള്ളതെന്ന് സ്ഥലപരിശോധനാവേളയിൽ പരിസരവാസികൾ അറിയിച്ചു. ശാശേരിപ്പടിയേയും മൈലാട്ടുംപാറയേയും ബന്ധിപ്പിക്കുന്ന ഏക പാതയാണിത്. കനത്ത മഴയിൽ ഭാഗികമായി നിർമ്മിച്ച സംരക്ഷണഭിത്തി തകരുവാനുള്ള സാധ്യതയുള്ളതിനാൽ സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 കൊച്ചുകാമാക്ഷി പ്രിയദർശിനി എസ്.സി. കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് - പദ്ധതി പാതിവഴിയിൽ

| | |
|---|---|
| പ്രോജക്ട് വിവരം | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് – കൊച്ചുകാമാക്ഷി പ്രിയദർശിനി എസ്.സി. കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ്<br>പ്രോജക്ട് നമ്പർ – 563/23 - 2022-23<br>എം.ബുക്ക് നമ്പർ- 181/2020-21<br>കരാറുകാരൻ - ശ്രീ ജോർജ്ജ് തോമസ് |
| അടങ്കൽ | ₹1000000/- (വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നമ്പർ/തിയതി, തുക | 22100652013601542260/31.03.2023, ₹154591/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |



അറ്റകുറ്റപ്പണി നടത്തിയ കുളം

ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിലെ കൊച്ചുകാമാക്ഷി പ്രിയദർശിനി എസ്.സി. കോളനിയിൽ കുടിവെള്ള വിതരണത്തിനായി ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ സഹായത്തോടെ 2006-07 കാലയളവിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ നവീകരണത്തിനായി 2022-23 ൽ ആവിഷ്കരിച്ച പ്രോജക്ടിൽ കുളം നവീകരണം, 7.50എച്ച്.പി. മോട്ടോർപമ്പ്, 400 മീറ്റർ HDPE പൈപ്പ്ലൈൻ മാറ്റൽ എന്നിവയ്ക്കായി 700000/- രൂപയാണ് വകയിരുത്തിയത്.

ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 19.04.2022ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1.(ബി)(22)ൽ വ്യക്തമാക്കിയിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii) ൽ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങിയിട്ടില്ല.

പ്രവൃത്തി നടത്തുന്നതിനു കരാറുകാരനുമായി 03.02.2023ൽ നമ്പർ 212/T/AEE/LID7EW /IDK/2022-23 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, കുളത്തിന്റെ പാർശ്വ സംരക്ഷണത്തിനായി കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. കുടിവെള്ളം പമ്പ് ചെയ്യുന്നതിനായി മുമ്പ് വാങ്ങിയ മോട്ടോർ പമ്പ്

കേടായതിനാൽ നിലവിൽ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല.

നിർമ്മാണം പൂർത്തീകരിക്കുന്നതിന 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഡോ.അംബേദ്കർ മെമ്മോറിയൽ ലൈബ്രറി, പകൽവീട്-നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്ട് വിവരം | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്- ഡോക്ടർ അംബേദ്കർ മെമ്മോറിയൽ ലൈബ്രറി, പകൽവീട്<br>പ്രോജക്ട് നമ്പർ – 949/22, 382/23<br>എം.ബുക്ക് നമ്പർ- 397/2020-21, 885/2020-21<br>കരാറുകാരൻ - ശ്രീ അഖിൽ ജോർജ്ജ് |
| അടങ്കൽ | ₹2200000/- (വികസന ഫണ്ട്-പട്ടികജാതി വിഭാഗം) |
| ബിൽ നമ്പർ/തിയതി, തുക | 22100652013601116988/31.01.2023, ₹1673019/- |
| | 22100652013601554795/30.03.2023, ₹405141/- |
| ആകെ | ₹2078160/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |



പാതിവഴിയിൽ നിർമ്മാണം നിർത്തിയ പകൽവീട്

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ലൈബ്രറി, പകൽവീട് എന്നിവ സ്ഥാപിക്കുന്നതിനായി 2021-22ൽ 22 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോജക്ടാണിത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയത് താഴത്തെ നിലയിൽ പകൽവീടും മുകൾ നിലയിൽ കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുന്നതിനാണ്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം കെട്ടിടത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾക്കു മാത്രമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. കെട്ടിടം പണിയുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ല. കൂടാതെ സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറി അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ₹2078160/- ചെലവഴിച്ചിട്ടും പകൽവീടിന്റെ നിർമ്മാണം പോലും പൂർത്തീകരിക്കുന്നതിനു സാധിച്ചിട്ടില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി

പ്രോജക്ട് ആവിഷ്കരിക്കാത്തതിന വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 13/10.12.2023 ന് മറുപടി നൽകിയിട്ടില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ/ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ആസ്തിയിൽ ചേർക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹2078160/-യുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നാളിതുവരെ ചെലവഴിച്ച തുക ധനദുർവിനിയോഗമായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-25 നത്തുകല്ല് പാറ കോളനി സാംസ്കാരിക നിലയം നിർമ്മാണം പാതിവഴിയിൽ.

| | |
|---|---|
| പ്രോജക്ട് | ഇരട്ടയാർ പഞ്ചായത്ത് വാർഡ് 9 നത്തുകല്ല് പാറ കോളനി ജില്ലാ പഞ്ചായത്ത് കെട്ടിടം പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ 880/23 - 2022-23 |
| അടങ്കൽ | ₹1500000/- (വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നമ്പർ/തിയതി | 22100652013601532962/28.03.2023 |
| തുക | ₹898923/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

|  |  |
|---|---|
| സാംസ്കാരിക നിലയം | വാതിലുകൾ സ്ഥാപിക്കാതെ തുറന്നു കിടക്കുന്ന സ്ഥിതിയിൽ |

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ നത്തുകല്ല് പാറ കോളനിയിൽ ജില്ലാ പഞ്ചായത്ത് നാല് വർഷം മുമ്പ് നിർമ്മാണം ആരംഭിച്ച് സ്ട്രക്ച്ചറൽ പ്രവൃത്തി മാത്രം പൂർത്തീകരിച്ച ഇരുനില കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് 15 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. പദ്ധതിയുടെ നിർവ്വഹണ വേളയിൽ പ്രവർത്തികളിൽ ചില മാറ്റങ്ങൾ വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി 28.02.2023ൽ ഇരട്ടയാർ അസിസ്റ്റന്റ് എഞ്ചിനിയർ ജില്ലാ പഞ്ചായത്തിനു കത്ത് നൽകിയിരുന്നു. എന്നാൽ, 03.10.2023ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ മാത്രമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി നൽകിയത്. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കൽ ഉൾപ്പടെയുള്ള കാര്യങ്ങൾ നടപ്പാക്കാത്തതിനാൽ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയോ ആവശ്യത്തിനു വാതിലുകളും ജനാലകളും സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗം എന്തിനെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. ഫലത്തിൽ ഒരു കെട്ടിട നിർമ്മാണം മാത്രമായി പദ്ധതി മാറിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ

വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹898923/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 15/10.12.2023 ന് മറുപടി നൽകിയിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ചക്കുപള്ളം ആറാംമൈൽ വെയ്റ്റിംഗ് ഷെഡിന് സമീപം ടോയ്‌ലെറ്റ് പ്രവർത്തനരഹിതം

| | |
|---|---|
| പ്രോജക്ട് വിവരം | ചക്കുപള്ളം പഞ്ചായത്ത് വാർഡ് 11 -ആറാംമൈൽ വെയ്റ്റിംഗ് ഷെഡിന് സമീപം ടോയ്‌ലെറ്റും അനുബന്ധ പ്രവൃത്തികളും.<br>പ്രോജക്ട് നമ്പർ – 1119/22, 455/23<br>എം.ബുക്ക് നമ്പർ - 787/2017-18<br>കരാറുകാരൻ - ശ്രീ ജയൻ മോഹൻ |
| അടങ്കൽ | 500000 (ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) |
| ബിൽ നമ്പർ/തിയതി | XVFC/2022-23/P/58/15.02.2023 |
| തുക | ₹390447/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |





ജീർണ്ണാവസ്ഥയിലായ ടോയ്‌ലെറ്റ്

ചക്കുപള്ളം പഞ്ചായത്ത് പതിനൊന്നാം വാർഡിൽ ആറാംമൈലിൽ ഗ്രാമപഞ്ചായത്ത് 13 വർഷം മുമ്പ് പണികഴിപ്പിച്ച രണ്ട് കടമുറികളിൽ ഉപയോഗിക്കാതെ കിടന്ന ഒരു കടമുറി പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ടോയ്‌ലെറ്റായി മാറ്റുന്നതിനാണ് 2021-22ൽ പ്രോജക്റ്റ് ഏറ്റെടുത്തത്. പുരുഷൻമാർക്കായി ഒരു ടോയ്‌ലെറ്റ്, രണ്ട് യൂറിനൽ, സ്ത്രീകൾക്കായി ഒരു ടോയ്‌ലെറ്റ് എന്നിവ നിർമ്മിച്ചു. വാതിൽ തകർന്ന് ടോയ്‌ലെറ്റുകൾ നിലവിൽ വൃത്തിഹീനമായി കിടക്കുകയാണ്. നാളിതുവരെ പൊതുജനങ്ങൾ ടോയ്‌ലെറ്റ് ഉപയോഗിച്ചിട്ടില്ലെന്നും പ്രദേശത്ത് ഇത്തരത്തിലൊരു ടോയ്‌ലെറ്റിന്റെ ആവശ്യകതയില്ലെന്നും സമീപവാസികൾ സ്ഥലപരിശോധനാവേളയിൽ വ്യക്തമാക്കി. വ്യക്തമായ പഠനമോ ആവശ്യകതയോ നിർണ്ണയിക്കാതെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങുകയോ ടോയ്‌ലെറ്റിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തത വരുത്തുകയോ ചെയ്തിട്ടില്ല.

ജില്ലാപഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്റ്റുകൾ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് 29.01.2018ലെ സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിബന്ധന മറികടന്നാണ് 5 ലക്ഷം രൂപ അടങ്കലിൽ പ്രോജക്റ്റ് രൂപീകരിച്ചത്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 16/10.12.2023 – ന് മറുപടി നൽകിയിട്ടില്ല. ടോയ്‌ലെറ്റ് നിർമ്മാണത്തിനായി വിനിയോഗിച്ച ₹390447/- യുടെ ചെലവ് തടസപ്പെടുത്തുന്നു. ടോയ്‌ലെറ്റുകൾ ഉപയോഗക്ഷമമാക്കാത്ത പക്ഷം പ്രോജക്റ്റിനായി ചെലവഴിച്ച തുക പാഴ്ചെലവായി

കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-27 മാലി കുടിവെള്ള പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല. കുളം ഉപേക്ഷിക്കപ്പെട്ട നിലയിൽ.

| | |
|---|---|
| പ്രോജക്റ്റ് വിവരം | മാലി കുടിവെള്ള പദ്ധതി<br>പ്രോജക്റ്റ് നമ്പർ - 422/22, 325/23<br>എം.ബുക്ക് നമ്പർ- 892/2020-21<br>കരാറുകാരൻ -ശ്രീ ശിവകുമാർ.ആർ |
| അടങ്കൽ | 1500000 (ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/32/08.06.2022, ₹831432 |
| | XVFC/2022-23/P/54/31.12.2022, ₹626396 |
| ആകെ | ₹1457828/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ പതിമൂന്നാം വാർഡിൽ മാലി ജംഗ്ഷനിൽ 500 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി പതിനഞ്ച് വർഷം മുമ്പ് എം.പി. ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ച 21 മീറ്റർ വ്യാസമുള്ള കുളം വർഷകാലത്ത് സമീപത്തെ തോട്ടിൽ നിന്നും വെള്ളം കയറി മലിനമാകുന്നതിനാൽ വശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിനായി 2021-22ൽ വിഭാവനം ചെയ്ത പ്രോജക്റ്റാണിത്. ഫിൽട്ടറിംഗ് യൂണിറ്റ്, ടാങ്ക് എന്നിവയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പാർശ്വഭിത്തി നിർമ്മിച്ച് ഗ്രിൽ സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഫിൽട്ടറിംഗ് യൂണിറ്റ്, ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമല്ല. കുളത്തിലെ വെള്ളത്തിൽ പോളയും മറ്റ് മാലിന്യങ്ങളും അടിഞ്ഞു കൂടിയതിനാൽ ഉപയോഗശൂന്യമായ അവസ്ഥയാണ് നിലവിലുള്ളത്.



പോള നിറഞ്ഞ് മലിനമായ കുളം

ഗ്രാമപഞ്ചായത്തുകളുടെ അനുമതിയോടു കൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല.

വൈദ്യുതി കണക്ഷൻ, വിതരണ പൈപ്പ്ലൈൻ എന്നിവ ഇല്ലാത്തതിനാൽ കുടിവെള്ള വിതരണം നടക്കുന്നില്ല. ഏലത്തോട്ടത്തിന്റെ ഒരു വശത്ത് ചതുപ്പ് നിലത്താണ് കുളം നിർമ്മിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ശുദ്ധജലം നൽകുന്നതിനു 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. ഗുണഭോക്താക്കൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാതെ പാതിവഴിയിൽ പദ്ധതി നിർത്തിയതിനാൽ നവീകരണത്തിനായി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 17/10.12.2023 ന്

മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി വിനിയോഗിച്ച ₹14,57,828/-യുടെ ചെലവ് തടസപ്പെടുത്തുന്നു. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കാത്ത പക്ഷം പ്രോജക്ടിനായി ചെലവഴിച്ച തുക പാഴ്ചെലവായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-28 ചക്കക്കാനം എസ്. സി. കോളനി സാംസ്കാരിക നിലയം-നിർമ്മാണം ആരംഭിച്ച് പത്ത് വർഷം കഴിഞ്ഞിട്ടും പ്രവർത്തനസജ്ജമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് വിവരം | കരുണാപുരം പഞ്ചായത്ത് ചക്കക്കാനം എസ്. സി. കോളനി സാംസ്കാരിക നിലയം<br>പ്രോജക്ട് നമ്പർ – 626/20, 453/21, 819/22, 149/23 - 2019-20<br>എം.ബുക്ക് നമ്പർ- 88/2020-21, 688/2019-20,<br>കരാറുകാരൻ - ഫ്രാൻസിസ്.പി.സി |
| അടങ്കൽ | ₹1500100/- (വികസന ഫണ്ട്-പട്ടികജാതി വിഭാഗം) |
| ബിൽ നമ്പർ/തിയതി, തുക | 201006520136014427 63/31.03.2021, ₹973926/- |
| | 221006520136015138 4/26.05.2022, ₹472300/- |
| ആകെ | ₹1446226/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |


ചക്കക്കാനം സാംസ്കാരിക നിലയം


കെട്ടിത്തിന്റെ ഉൾവശം

കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ ചക്കക്കാനത്ത് ജില്ലാ പഞ്ചായത്ത് 2014-15 വർഷം സ്ട്രക്ചറൽ പ്രവൃത്തികൾ നടത്തിയ സാംസ്കാരിക നിലയം പൂർത്തീകരിക്കുന്നതിന് 2019-20 ൽ 15 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോജക്ടാണിത്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ നിർമ്മാണം നടത്തി നാലു വർഷത്തിനു ശേഷം മാത്രമാണ് തുടർപ്രവൃത്തികൾക്ക് പ്രോജക്ട് ഏറ്റെടുത്തത്. 2014ൽ നിർമ്മാണം ആരംഭിച്ച കെട്ടിടം ഇന്നത്തെ നിലയിൽ നിർമ്മിച്ചതിനു തന്നെ എട്ട് വർഷങ്ങൾ വേണ്ടി വന്നുവെന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചകളാണ് വെളിവാക്കുന്നത്.

കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലും ഇക്കാര്യം നിബന്ധനയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനു പദ്ധതി തയ്യാറാക്കിയപ്പോഴും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം ഉപയോഗയോഗ്യമായിപൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തീകരിക്കത്തക്ക വിധത്തിൽ ബഹുവർഷ പ്രോജക്ടായി പദ്ധതി ഏറ്റെടുത്തെങ്കിലും 2019-20ൽ ആരംഭിച്ച പ്രവൃത്തി 2022-23ലാണ് ഭാഗികമായെങ്കിലും പൂർത്തീകരിച്ചത്.

ഒൻപത് വർഷം പിന്നിടുമ്പോഴും കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നിവ ഉറപ്പാക്കി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനു സാധിച്ചിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിടം പക്ഷി-മൃഗാദികളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി മാറിയിരിക്കുകയാണ്. ചുറ്റും കാട്

വളർന്നതിനാൽ കെട്ടിടത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം തന്നെ അടഞ്ഞിരിക്കുന്നു. കെട്ടിട നിർമ്മാണത്തിനായി 30.03.2020 ൽ 364/Q/AEE/LSGD/IDK/19-20 നമ്പർ ആയി നിർമ്മാണ കരാർ തയ്യാറാക്കിയിട്ടുണ്ട്. ഏഴ് തവണ കരാർ നീട്ടി നൽകിയതിനു ശേഷം 03/2022ലാണ് പദ്ധതി പൂർത്തീകരിച്ചത്. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും സ്വീകരിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 18/10.12.2023 ന് മറുപടി നൽകിയിട്ടില്ല.

കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ₹1446226/- യുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നാളിതുവരെ ചെലവഴിച്ച തുക ധനദുർവിനിയോഗമായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-29 കുമരകംമെട്ട് വയോജനകേന്ദ്രം- നിർമ്മാണ ഉദ്ദേശം വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് വിവരം | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് – കുമരകംമെട്ട് വയോജനകേന്ദ്രം<br>പ്രോജക്ട് നമ്പർ – 1069/22, 435/23<br>എം.ബുക്ക് നമ്പർ - 441/2020-21<br>കരാറുകാരൻ - പി.കെ.സോമൻപിള്ള |
| അടങ്കൽ | ₹2100000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്-₹2000000/-, തനത് ഫണ്ട്-₹100000/-) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/38/28.08.2022, ₹1088171/-<br>XVFC/2022-23/P/97/30.03.2023, ₹911829/- |
| ആകെ | ₹2000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |







കുമരകംമെട്ട് വയോജനകേന്ദ്രം. സമീപത്ത് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം

പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ കുമരകംമെട്ടിൽ നിലവിലുള്ള വയോജനകേന്ദ്രം വികസിപ്പിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത്. നിലവിലുള്ള വയോജനകേന്ദ്രം 2012-13, 2013-14 കാലയളവിൽ നെടുങ്കണ്ടം ബ്ലോക്ക്പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ളതാണ്. ഈ വയോജനകേന്ദ്രത്തിൽ യാതൊരു അടിസ്ഥാന സൗകര്യവും നാളിതുവരെ ഒരുക്കിയിട്ടില്ലാത്തിനാൽ കെട്ടിടം ഉപയോഗരഹിതമായി കിടക്കുന്നു. സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമല്ല. വയോജനകേന്ദ്രത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം ഏത് തദ്ദേശസ്ഥാപനത്തിനാണെന്നു പോലും വ്യക്തമല്ലാതിരിക്കുന്ന അവസ്ഥയിലാണ് ജില്ലാപഞ്ചായത്ത് 20 ലക്ഷം രൂപ മുടക്കി പുതിയൊരു നിർമ്മാണം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തിന്റെ അനുമതി കൂടാതെ നടത്തിയിട്ടുള്ളത്. വയോജനകേന്ദ്രം നിർമ്മിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമല്ല. വയോജനങ്ങളെ പരിപാലിക്കുന്നതിനാണോ പകൽവീടായി ഉപയോഗിക്കുന്നതിനാണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

കെട്ടിട നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്റ്റുകൾ ബഹുവർഷ പ്രോജക്റ്റുകളായി

തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.

നിലവിലുള്ള വയോജന കേന്ദ്രം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നതിനു പകരം പുതിയൊരു വയോജന കേന്ദ്രം നിലവിലുള്ള വയോജനകേന്ദ്രത്തിനോട് ചേർന്ന് നിർമ്മിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് നേരിട്ടുള്ള സ്ഥലപരിശോധനയിൽ വ്യക്തമായി. ഈ പ്രവൃത്തിയിൽ വയോജന കേന്ദ്രങ്ങൾക്ക് അനിവാര്യമായ വെള്ളം, വൈദ്യുതി, ടോയ്‌ലെറ്റ്, റാമ്പ് സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. രണ്ട് കെട്ടിടങ്ങളും ഉപയോഗിക്കാതെ ഒരു കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നു. പകൽ വീട് ആരംഭിക്കുന്നതിനു വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 29.01.2018ലെ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ, 19.04.2022ലെ സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്.അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 19/10.12.2023-ന് മറുപടി നൽകിയിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനു തുടർനടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ ₹2000000/- യുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതി പ്രവർത്തന സജ്ജമാക്കാത്ത പക്ഷം നാളിതുവരെ ചെലവഴിച്ച തുക ധനദുർവിനിയോഗമായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-30 വാഗുവരൈ ഗവൺമെന്റ് ഹൈസ്കൂൾ ടീച്ചേഴ്സ് ക്വാർട്ടേഴ്സ് മെയിൻ്റനൻസ്- ക്വാർട്ടേഴ്സ് കെട്ടിടം നാശോന്മുഖമായി

| | |
|---|---|
| പ്രോജക്ട് വിവരം | മൂന്നാർ ഗ്രാമ പഞ്ചായത്ത് വാഗുവരൈ ഗവൺമെന്റ് ഹൈ സ്കൂൾ ടീച്ചേഴ്സ് ക്വാർട്ടേഴ്സ് മെയിന്റനൻസ്<br>പ്രോജക്ട് നമ്പർ – 881/22, 355/23<br>എം.ബുക്ക് നമ്പർ - 53/2019-20 |
| അടങ്കൽ | ₹500000 /- (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ബിൽ നമ്പർ/തിയതി, തുക | 221006520136000869 76/09.05.2022, ₹231060/- |
| | 221006520136006806 16/22.10.2022, ₹193662/- |
| ആകെ | ₹424722/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |





വാഗുവരൈ ഗവ. സ്കൂൾ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ

മൂന്നാർ ഗ്രാമപഞ്ചായത്തിലെ വാഗുവര ഗവൺമെന്റ് ഹൈസ്കൂളിന്റെ ടീച്ചേഴ്സ് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി നടത്തുന്നതിനാണ് 2021-22ൽ പ്രോജക്ട് ആവിഷ്കരിച്ചത്. ജില്ലാ പഞ്ചായത്ത് മുൻകാലങ്ങളിൽ നിർമ്മാണം ആരംഭിച്ച് പാതിവഴിയിൽ അവസാനിപ്പിച്ച രണ്ട് ക്വാർട്ടേഴ്സുകളുടെ വാതിലുകൾ, ജനലുകൾ എന്നിവ ഘടിപ്പിക്കൽ, തറയിൽ ടൈൽ വിരിക്കൽ, പെയിന്റിംഗ് എന്നിവയാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, ക്വാർട്ടേഴ്സിനു അനിവാര്യമായ ടൊയ്‌ലെറ്റ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് തുക

വകയിരുത്തുകയോ നിർമ്മാണം നടത്തുകയോ ചെയ്യാത്തതിനാൽ കെട്ടിടങ്ങൾ ഉപയോഗിക്കാതെ ജീർണ്ണാവസ്ഥയിൽ സ്ഥിതി ചെയ്യുകയാണ്.

കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. അറ്റകുറ്റപ്പണിക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പോലും പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക വകയിരുത്താത്തതു മൂലം അനുവദിക്കുന്ന തുക പാഴായി പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

കെട്ടിടം നിർമ്മാണ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുവാനുള്ള തുടർ പ്രോജക്ട് 2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 20/10.12.2023 - ന് മറുപടി നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണx ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനു തുടർ പ്രോജക്ട് വയ്ക്കാത്ത സാഹചര്യത്തിൽ ₹424722/- യുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നാളിതുവരെ ചെലവഴിച്ച തുക ധനദുർവനിയോഗമായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ

പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-31 പതിനാലാംമൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റി ഹാൾ-നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് വിവരം | അടിമാലി ഗ്രാമപഞ്ചായത്ത് - പതിനാലാംമൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം<br>പ്രോജക്ട് നമ്പർ - 399/22, 310/23<br>എം.ബുക്ക് നമ്പർ- 282/2020-21<br>കരാറുകാരൻ - ജിജോ ജോസഫ് |
| അടങ്കൽ | ₹2000000 /- (ധനകാര്യ കമ്മീഷൻ-അൺടൈഡ് ബേസിക്ക്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2021-22/P/9/29.03.2022, ₹664057/- |
| | XVFC/2022-23/P/56/13.01.2023, ₹987497/- |
| ആകെ | ₹1651554/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

അടിമാലി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം വാർഡ് നാല് സെന്റ് കോളനിയിലെ ജനങ്ങൾക്ക് വിവിധ യോഗങ്ങൾ, പരിപാടികൾ എന്നിവ നടത്തുന്നതിന് ഒരു കെട്ടിടം നിർമിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. കമ്മ്യൂണിറ്റി ഹാൾ, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന

പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. രണ്ട് നിലകളിലായി കെട്ടിടം, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ടോയ്‌ലെറ്റിന്റെ വാതിൽ തകർന്ന അവസ്ഥയിലാണ്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം ജില്ലാപഞ്ചായത്തിനു കൈമാറി ലഭിച്ചതിന്റെ രേഖകളും ഫയലിൽ ഇല്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-32 ചിന്നക്കനാൽ ജി.എച്ച്.എസ് കുളം നിർമ്മാണം-അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് വിവരം | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്- ജി. എച്ച്. എസ് കുളം നിർമ്മാണം<br>പ്രോജക്ട് നമ്പർ – 1419/20, 539/21, 842/22, 169/23 -<br>എം.ബുക്ക് നമ്പർ - 345/2019-20<br>ഗുണഭോക്തൃസമിതി കൺവീനർ - ശ്രീ.രാജ.പി |
| അടങ്കൽ | ₹2100000 /- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ/തിയതി, തുക | 201006520136010027001/28.01.2021, ₹242388/- |
| | 22100652013600151404/30.05.2021, ₹417781/- |
| ആകെ | ₹660169/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ചിന്നക്കനാൽ ഗവൺമെന്റ് ഹൈസ്കൂളിൽ കുളം നിർമ്മിച്ച് വെള്ളം വിതരണം ചെയ്യുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ് 2019-20 - ൽ പ്രോജക്ട് തയ്യാറാക്കിയത്. ഗുണഭോക്തൃസമിതി മുഖേന പദ്ധതി നടപ്പാക്കുന്നതിനു തീരുമാനിക്കുകയും അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കമ്മിറ്റിയുമായി 29.11.2019 ൽ 21/BC/AEE/LSGD/IDK /19-20 ആയി നിർമ്മാണ കരാർ വയ്ക്കുകയും ചെയ്തു. എന്നാൽ, പതിനൊന്ന് തവണ കരാർ കാലാവധി നീട്ടിയതിനു ശേഷം 21.03.2022ലാണ് നിർമ്മാണം പൂർത്തീകരിച്ചത്. പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനു ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും 29.11.2019ൽ കരാർ വെച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു ശ്രമവും ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല.

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തി ബിൽ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 13.11.2014 ലെ നം.ഡി.ബി.1/1559 /സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി നടത്തുന്ന പ്രവൃത്തികളിൽ സമിതിയ്ക്കുള്ള യഥാർത്ഥ ചെലവോ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവോ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിച്ചതിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | കൺവീനർ സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | അനുവദിച്ച തുക | അധികം നൽകിയ തുക (5.5% OHC ബില്ലിൽ നിന്ന് വസൂലാക്കിയത് കിഴിച്ച്) |
|---|---|---|---|---|---|
| Providing And Placing On Terrece Poly Ethelyene Water Storage Tank | 8000 Ltr | ₹40000/+ 18% GST)= ₹47200/- (ബിൽ നമ്പർ 533/22.06.2020, Hindustan Marbles & Granites, Adimali) | ₹81120/- | ₹81120/- | ₹32054/- |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ

11/04.12.2023 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ₹32054/- ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നിർവഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**1-33 മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി-സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ചു നൽകി.**

| | |
|---|---|
| പ്രോജക്ട് വിവരം | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് – മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം<br>പ്രോജക്ട് നമ്പർ – 391/22, 305/23<br>എം.ബുക്ക് നമ്പർ- 1111/19-20, 1162/19-20<br>കരാറുകാരൻ - ശ്രീ ഷംസുദീൻ.കെ.ബാബു |
| അടങ്കൽ | ₹500000 /- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/81/28.03.2023, ₹195043/- |
| | XVFC/2022-23/P/92/30.03.2023, ₹104564/- |
| ആകെ | ₹299607/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുരിക്കാശേരിയിൽ കുടിവെള്ള വിതരണത്തിനായി 2021-22ൽ ആവഷ്കരിച്ച പ്രോജക്ടിൽ 10000 ലിറ്ററിന്റെ ടാങ്ക് പണിയുന്നതിനു ₹100000/-യും 575 മീറ്റർ പൈപ്പിടുന്നതിനു ₹400000/-യും ഉൾപ്പടെ ആകെ ₹500000/- രൂപയാണ് വകയിരുത്തിയത്. എന്നാൽ 6 മീറ്റർ ആഴത്തിൽ, 6.6 മീറ്റർ വ്യാസത്തിൽ കുളം, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രോജക്ടിലും എസ്റ്റിമേറ്റ് റിപ്പോർട്ടിലും കുടിവെള്ള പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നവരുടെ വിശദാംശങ്ങളോ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലമോ വ്യക്തമാക്കിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 16.06.2021ലെ ലാന്റ് റിലിൻക്വിഷ്മെന്റ് ഫോം പ്രകാരം കുളം

നിർമ്മിക്കുന്നതിനു 40ച.മി സ്ഥലം മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ ജില്ലാപഞ്ചായത്തിനു സൗജന്യമായി വിട്ടു നൽകിയിട്ടുണ്ട്. എന്നാൽ, മുന്നാധാര പ്രകാരം മേൽ 40ച.മി സ്ഥലം കുളം നിർമ്മിച്ച് മോട്ടോർ പമ്പ്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ച് വെള്ളം കൊണ്ടുപോകുന്നതിനായി മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റിനു ശ്രീമതി.ചിന്നമ്മ ജോസഫ് കാട്ടാംകോട്ടിൽ എന്ന വ്യക്തി 10.06.2021ൽ വിറ്റ സ്ഥലമാണ്. മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിനു വെള്ളം എത്തിക്കുന്നതിനായി ജില്ലാ പഞ്ചായത്തു മുഖേന കുളം നിർമ്മിച്ചിരിക്കുകയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പേരിൽ പൈപ്പ്ലൈൻ, ടാങ്ക് എന്നിവയ്ക്കായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രോജക്ടിൽ പരാമർശിക്കാത്ത കുളം നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം എന്നിവയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്ത ഇനങ്ങൾ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 27.07.2021ലെ ഡി.ബി.4/2020-21 കത്തിന്റെ അടിസ്ഥാനത്തിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുരിക്കാശേരി സ്കൂൾപ്പടിഭാഗം കുടിവെള്ള പദ്ധതിയ്ക്ക് മുരിയ്ക്കാശേരി സെന്റ് മേരീസ് സ്കൂൾ മൈതാനത്തിന്റെ തെക്ക്പടിഞ്ഞാറ് ഭാഗത്ത് 90മീറ്റർ ആഴത്തിൽ 150മില്ലീമീറ്റർ വ്യാസത്തിൽ കുഴൽക്കിണർ കുഴിക്കുന്നതിനു ₹77382/-യുടെ എസ്റ്റിമേറ്റ് 10.12.2021ലെ GWD1/864/21 കത്ത് പ്രകാരം ജില്ലാ ഭൂജലവകുപ്പ് കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. എന്നാൽ, കുഴൽക്കിണർ കുഴിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മറികടന്ന് കുളം നിർമ്മിക്കുന്നതിനു തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല.



സ്കൂളിന്റെ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കുളവും ടാങ്കും

മുരിക്കാശേരി ടൗണിനടുത്തുള്ള മർക്കസ് മദ്രസക്കു സമീപം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റിന്റെ സ്ഥലത്ത് ഒരു കുളം നിർമ്മിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മുരിക്കാശേരി ടൗണിലും പരിസര പ്രദേശങ്ങളിലും കുടിവെള്ള വിതരണം നടത്തുന്നതിനു ആവിഷ്കരിച്ച മുരിക്കാശേരി ടൗൺ കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും ഇതേ അവസരത്തിൽ നടന്നിട്ടുണ്ട്. അതിനാൽ തന്നെ സമീപത്തായി വീണ്ടും കുളം നിർമ്മിക്കേണ്ട ആവശ്യകത ഇല്ലാത്തതാണ്. സർക്കാർ ഫണ്ടുപയോഗിച്ച് സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് ഫയലിൽനിന്നും വ്യക്തമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/04.12.2023 ന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി വിനിയോഗിച്ച ₹299607/- യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , അളവുകളും എസ്റ്റിമേറ്റും തയ്യാറാക്കിയ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർമെന്റ് നടത്തിയ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നടപടികളിലൂടെ ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-34 വെള്ളത്തുവൽ എച്ച്.എസ്. കുടിവെള്ളപദ്ധതി - ടാങ്ക് ഉപയോഗരഹിതം

| | |
|---|---|
| പ്രോജക്ട് വിവരം | വെള്ളത്തൂവൽ പഞ്ചായത്ത് – വെള്ളത്തൂവൽ എച്ച്.എസ്. കുടിവെള്ളപദ്ധതി<br>പ്രോജക്ട് നമ്പർ – 1117/19, 1188/20, 1398/21, 557/22, 100/23<br>എം. ബുക്ക് നമ്പർ - 96/2020-21, 925/2019-20,<br>ഗുണഭോക്തൃസമിതി കൺവീനർ - ശ്രീമതി.സിന്ധു.സി |
| അടങ്കൽ | ₹1000000 /- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ബിൽ നം./തിയതി, തുക | 20100652013601411568/29.03.2021, ₹355585/-<br>21100652013601468572/26.03.2022, ₹220090/-<br>22100652013601213188/17.02.2023, ₹203225/- |
| ആകെ | ₹778900/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ വെള്ളത്തൂവൽ ഗവൺമെന്റ് ഹൈസ്കൂളിൽ കുടിവെള്ളം എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. കുളം നിർമാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ, ടാങ്ക് നിർമാണം എന്നിവ ഉൾപ്പെട്ടതാണ് എസ്റ്റിമേറ്റ്. 2018-19 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പ്രോജക്ട് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതിനാണ് തീരുമാനിച്ചത്. കമ്മിറ്റിയുമായി 04.12.2018 ൽ 44/BBC/AEE/LSGD/IDK/18-19 ആയി നിർമ്മാണ കരാർ തയ്യാറാക്കി. കുളം നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്ത് കെ.എസ്.ഇ.ബി അവകാശം ഉന്നയിച്ചതിനാലും വെള്ളമെത്തിക്കാമെന്ന് സ്കൂൾ അധികൃതർക്ക് കെ.എസ്.ഇ.ബി. ഉറപ്പ് നൽകിയതിനാലും ഒരു ജലസംഭരണി പണിയുന്നതിനും ബാലൻസ് തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടത്തിന് സംരക്ഷണഭിത്തി പണിയുന്നതിനും തീരുമാനിക്കുകയും അതുപ്രകാരം പ്രോജക്ട് 2019-20 ൽ റിവൈസ് ചെയ്യുകയുമുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 26.08.2020ൽ സൈറ്റ് കൈമാറി. പിന്നീട് കുളം നിർമ്മാണം ഒഴിവാക്കി പകരം പ്രകൃതിദത്ത ഉറവിടത്തിൽ നിന്നും വെള്ളമെത്തിക്കുന്ന രീതിയിൽ മാറ്റുകയും സംരക്ഷണഭിത്തി കെട്ടുന്നതിന് മറ്റൊരു പ്രോജക്ടുള്ളതിനാൽ അവശേഷിക്കുന്ന തുകയ്ക്ക് സ്കൂൾ കെട്ടിടത്തിൽ ടൈൽ

വിരിക്കുന്നതിനും 2020-21 ൽ തീരുമാനിച്ചു. ടാങ്ക് നിർമ്മാണം തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചെങ്കിലും നേരിട്ടുള്ള പരിശോധനയിൽ ടാങ്കിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടില്ലെന്ന് വ്യക്തമായി. പഴയ ടാങ്കിൽ നിന്നുമാണ് നിലവിലും സ്കൂളിന്റെ ആവശ്യങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്നത്.

2018-19ൽ ആരംഭിച്ച പദ്ധതി 2022-23ലാണ് ഭാഗികമായെങ്കിലും പൂർത്തീകരിച്ചത്. വ്യക്തമായ ആസൂത്രണവും പഠനവും കൂടാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. അതിനാലാണ് വിവിധ അവസരങ്ങളിൽ പ്രോജക്ട് ഭേദഗതി ചെയ്യേണ്ടി വന്നത്. പദ്ധതി പൂർത്തീകരിച്ച് ആവശ്യമായ വെള്ളം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയതായി നിർമ്മിച്ച ടാങ്ക് ഉപയോഗിക്കാത്തിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്. പദ്ധതിയ്ക്കായി വിനിയോഗിച്ച ₹778900/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-35 വെള്ളത്തൂവൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ന്യൂബ്ലോക്ക് ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ പ്രവർത്തന സജ്ജമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് വിവരം | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് –<br>ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ<br>ന്യൂബ്ലോക്ക് ടോയ്‌ലെറ്റ്, വാഷിംഗ് ഏരിയ.<br>പ്രോജക്ട് നമ്പർ – 927/22, 100/23<br>എം.ബുക്ക് നമ്പർ - 534/19-20, 546/19-20,<br>539/19-20, 544/19-20, 547/19-20, 1176/19-20<br>കരാർ സ്ഥാപനം - അടിമാലി ലേബർ കോൺട്രാക്ട്<br>കോ-ഓപ്പറേറ്റിവ് സൊസൈറ്റി | |
| അടങ്കൽ | ₹1500000 /- (ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) | |
| ബിൽനമ്പർ/തിയതി, തുക | XVFC/2021/P/19/30.03.2022, ₹246900/- | |
| | XVFC/2022-23/P/56/30.03.2023, ₹1222145/- | |
| ആകെ | ₹1469045/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | |

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ വെള്ളത്തൂവൽ ഗവൺമെന്റ് ഹയർസെക്കണ്ടറിസ്കൂളിൽ കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻസ് കമ്പനി സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു നൽകിയ കെട്ടിടങ്ങളുടെ സമീപം ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനാണ് 2021-22ൽ പ്രോജക്ട് തയ്യാറാക്കിയത്. ടോയ്‌ലെറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വെള്ളം, വൈദ്യുതി എന്നിവ എത്തിച്ച് ടോയ്‌ലെറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് മുമ്പ് നിർമ്മിച്ചു സ്കൂളിനു കൈമാറിയ ടോയ്‌ലെറ്റ് ഉപയോഗിക്കാതെ കിടക്കുമ്പോഴാണ് പുതിയ ടോയ്‌ലെറ്റ് പണിതിട്ടുള്ളത്. പഴയ ടോയ്‌ലെറ്റ് ഉപയോഗ യോഗ്യമാക്കുകയോ പുതുതായി നിർമ്മിച്ച ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ രണ്ട് നിർമ്മിതികളും ഉപയോഗരഹിതമായിരിക്കുന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്. കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻ കമ്പനി നിർമ്മിച്ചു നൽകിയിട്ടുള്ള രണ്ട് ബ്ലോക്കുകളിലും ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യമായ പഠനങ്ങൾ നടത്താതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതു മൂലം പൊതുപണം അനാവശ്യമായി ചെലവഴിക്കുന്ന സാഹചര്യമാണ് വന്നിട്ടുള്ളത്. രണ്ട് ടോയ്‌ലെറ്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 21/10.12.2023 ന് മറുപടി നൽകിയിട്ടില്ല. ടോയ്‌ലെറ്റ് നിർമ്മാണത്തിനായി വിനിയോഗിച്ച ₹14,69,045/-യുടെ ചെലവ് തടസപ്പെടുത്തുന്നു. ടോയ്‌ലെറ്റുകൾ ഉപയോഗക്ഷമമാക്കാത്ത പക്ഷം പ്രോജക്ടിനായി ചെലവഴിച്ച തുക പാഴ്ച്ചെലവായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-36 വെള്ളത്തൂവൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനായി KDHP കമ്പനി നിർമ്മിച്ചു നൽകിയ രണ്ട് ബ്ലോക്കുകൾ ഉപയോഗിക്കുന്നില്ല.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ വെള്ളത്തൂവൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻസ് കമ്പനി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ട് ഉപയോഗിച്ച് 2020-21 സാമ്പത്തിക വർഷം രണ്ട് ബ്ലോക്കുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഒരു ബ്ലോക്കിൽ ക്ലാസ് നടത്തുന്നതിനുള്ള 3 ക്ലാസ് മുറികളും രണ്ടാമത്തെ

ബ്ലോക്കിൽ ഹയർസെക്കണ്ടറി സയൻസ് ലാബുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്. ആവശ്യമായ വയറിംഗ്, പ്ലംബിംഗ് ജോലികൾ ഉൾപ്പടെ ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ നിർമ്മിച്ച് രണ്ടു വർഷത്തിനു ശേഷവും ഇരു ബ്ലോക്കുകളിലും വൈദ്യുതി കണക്ഷനെടുക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഇരു ബ്ലോക്കുകളും ഉപയോഗരഹിതമാണ്. കെട്ടിടങ്ങളുടെ ചുറ്റും കാടു കയറി കെട്ടിടങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതിനു സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. നിലവിൽ സ്കൂളിലെ ഹയർസെക്കണ്ടറി ലാബുകൾ വളരെ പരിതാപകരമായ അവസ്ഥയിൽ പ്രവർത്തിക്കുമ്പോൾ പുതിയ ബ്ലോക്കിൽ വളരെ മികച്ച ലാബ് സൗകര്യം ഒരുക്കിയിട്ടും അത് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. സ്കൂളിനായി പണികഴിപ്പിച്ചു നൽകിയ രണ്ട് ബ്ലോക്കുകളും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-37 മന്നാക്കുടി കമ്യൂണിറ്റി ഹാൾ - നിർമ്മാണം പാതിവഴിയിൽ

| | |
|---|---|
| പ്രോജക്റ്റ് വിവരം | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് – മന്നാക്കുടി കമ്യൂണിറ്റി ഹാൾ<br>പ്രോജക്റ്റ് നമ്പർ – 1051/22, 426/23<br>എം.ബുക്ക് നമ്പർ - 919/2020-21<br>കരാർ - ശ്രീമതി.മഞ്ജു.വി |
| അടങ്കൽ | ₹1000000 /- വികസന ഫണ്ട്-ടി.എസ്.പി |
| ബിൽ നമ്പർ/തിയതി, തുക | 22100652013600881326/08.12.2022, ₹895084/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ മന്നാക്കുടി പട്ടികവർഗ്ഗ കോളനിയിൽ നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ഹാൾ ജീർണ്ണാവസ്ഥയിൽ ആയതിനാൽ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനാണ് പ്രസ്തുത പ്രോജക്റ്റ് ആവിഷ്കരിച്ചതെങ്കിലും കമ്മ്യൂണിറ്റി ഹാൾ, ടോയ്‌ലെറ്റ്, വാഷ് ഏരിയ എന്നിവ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ജോലി പൂർത്തീകരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കെട്ടിട നിർമ്മാണ പ്രോജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി

ഒറ്റ പ്രോജക്ടായി വേണം പദ്ധതി തയ്യാറാക്കണ്ടതെന്ന് സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 3.5.1(9) ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കേണ്ടതാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വേലകൾ ഉൾപ്പടെ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.

നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിനു സൗകര്യം കുറവായതിനാൽ കുറച്ചു കൂടി വിസ്താരമുള്ള ഹാൾ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം പരിഗണിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മിതിയ്ക്ക് 0.50 സെന്റ് സ്ഥലം കൂടി അധികം ആവശ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമീപ സ്ഥലത്തിന്റെ ഉടമ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നതിനു സമ്മതപത്രം നൽകിയിട്ടുണ്ട്. എന്നാൽ, 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ/ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.

നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24ൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിനു തുടർ പ്രോജക്ട് ഏറ്റെടുക്കാത്തതിനാൽ ചെലവഴിച്ച തുക പാഴ്ച്ചെലവായി പരിണമിച്ചിരിക്കുകയാണ്. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രദേശവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനും വിട്ടു കിട്ടിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 22/10.12.2023 ന് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനു തുടർ പ്രോജക്ട് വയ്ക്കാത്ത സാഹചര്യത്തിൽ ₹895084/-യുടെ ചെലവ് തടസപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തപക്ഷം നാളിതുവരെ ചെലവഴിച്ച തുക പാഴ്ച്ചെലവായി കണക്കാക്കി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-38 നെല്ലിപ്പാറ അങ്കണവാടി കെട്ടിടനിർമ്മാണം പാതിവഴിയിൽ അവസാനിപ്പിച്ചു- കെട്ടിടം അപകടാവസ്ഥയിൽ

| | |
|---|---|
| പ്രോജക്ട് വിവരം | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് – നെല്ലിപ്പാറ അങ്കണവാടി<br>പ്രോജക്ട് നമ്പർ – 1144/19, 1078/20, 1144/21, 565/22, 104/23<br>എം.ബുക്ക് നമ്പർ - 96/2020-21, 925/2019-20<br>ഗുണഭോക്തൃസമിതി കൺവീനർ - നന്ദുമോഹനൻ |
| അടങ്കൽ | ₹2000000 /- വികസന ഫണ്ട്-എസ്.സി.പി |
| ബിൽ നമ്പർ/തിയതി, തുക | 20100652013600612127/13.10.2020, ₹701887/- |
| | 22100652013600931696/13.12.2022, ₹247133/- |
| ആകെ | ₹949020/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |




സംരക്ഷഭിത്തി കെട്ടാത്തതിനാൽ അപകടാവസ്ഥയിലായ നെല്ലിപ്പാറ അങ്കണവാടി

പാമ്പാടുംപാറ പഞ്ചായത്തിലെ നെല്ലിപ്പാറ അങ്കണവാടി കെട്ടിടം ജീർണാവസ്ഥയിൽ ആയതിനാൽ പുതിയ അങ്കണവാടി നിർമ്മിക്കുന്നതിനാണ് 2018-19 – ൽ പദ്ധതി ആവഷ്കരിച്ചത്. രണ്ട് നിലകളിലായി കെട്ടിടം, സംരക്ഷണഭിത്തി, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനാണ് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന ചെയ്യുന്നതിനു തീരുമാനിക്കുകയും 04.12.2018 ൽ കരാർ നമ്പർ 37/BBC/AEE/LSGD/IDK/18-19 ആയി നിർമ്മാണ കരാർ വയ്ക്കുകയും ചെയ്തു. എട്ട് തവണ കരാർ കാലാവധി നീട്ടിയതിനുശേഷം 22.06.2022ലാണ് അങ്കണവാടിയുടെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചത്. ₹9,49,020/- ചെലവഴിച്ച് അങ്കണവാടി കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. വൈദ്യുതീകരണം, സംരക്ഷണ

ഭിത്തി, ചുറ്റുമതിൽ, ട്രസ് വർക്ക് എന്നിവ ചെയ്യുവാൻ അവശേഷിക്കുന്നു. പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനു ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും 04.12.2018ൽ കരാർ വെച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു ശ്രമവും ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം തുടർന്നുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു കമ്മിറ്റിക്ക് നിർവ്വാഹമില്ലാത്തിനാൽ വർക്ക് ക്ലോസ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കൺവീനർ 03.05.2023ൽ കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ പണിതിട്ടുള്ള അങ്കണവാടിയുടെ രണ്ട് വശങ്ങൾ ഏകദേശം 100 അടി താഴ്ചയിൽ വലിയ ചെരിവാണ്. അടുക്കള ഭാഗത്ത് കേവലം രണ്ടടി മാത്രമാണ് നിരപ്പായ സ്ഥലമുള്ളത്. വലിയ മഴയുണ്ടായാൽ കെട്ടിത്തിന്റെ ഒരു ഭാഗം ഇടിഞ്ഞു പോകുന്നതിനുള്ള സാധ്യത കൂടുതലാണ്. കെട്ടിടത്തിന് സുരക്ഷ ഒരുക്കുന്നതിന് സംരക്ഷണഭിത്തിയും ചുറ്റുമതിലും നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് 2023-24 സാമ്പത്തികവർഷം ഏറ്റെടുത്തിട്ടില്ല. അങ്കണവാടിയുടെ സുരക്ഷ അപകടത്തിലും സ്ഥിതി ആശങ്കാജനകവുമാണ്.

ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ മാത്രമേ അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കാവൂവെന്ന് 29.01.2018ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.8.2 (2) ൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനു പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം ലഭ്യമായിട്ടില്ല. പ്രോജക്ടിനായി പട്ടികജാതിവിഭാഗം വികസന ഫണ്ടാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാശേഷിയും സന്നദ്ധതയുമുള്ള അധ്യാപക-രക്ഷാകർത്തൃ സമിതികളെയും അങ്കണവാടി ക്ഷേമ സമിതികളെയും മാത്രമേ അംഗീകൃത സമിതികൾ മുഖേനയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനു ചുമതല ഏൽപ്പിക്കാവൂവെന്ന് 29.01.2018ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി ചെയ്ത ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ നിർദേശിച്ച മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാതെയാണ് പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല ഏൽപ്പിച്ചത്. സംരക്ഷണഭിത്തിയും ചുറ്റുമതിലും നിർമ്മിക്കുന്നതിനുള്ള നടപടികൾ

അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 23/10.12.2023 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംരക്ഷണഭിത്തിയും ചുറ്റുമതിലും നിർമ്മിച്ച് അങ്കണവാടിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു 2023-24 ൽ തുടർ പ്രോജക്ട് ആവിഷ്കരിക്കരിക്കാത്ത സാഹചര്യത്തിൽ അങ്കണവാടി നവീകരണത്തിനായുള്ള ₹949020/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-39 കൈപ്പ കുടിവെള്ള പദ്ധതി - നാലു വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് വിവരം | കുടയത്തൂർ ഗ്രാമ പഞ്ചായത്ത്-കൈപ്പ കുടിവെള്ള പദ്ധതി<br>പ്രോജക്ട് നമ്പർ – 413/22, 320/23<br>എം.ബുക്ക് നമ്പർ – 1078/2021-22<br>കരാറുകാരൻ –ശ്രീ ജിനു ജോർജ്ജ് |
| അടങ്കൽ | ₹2500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/108/31.03.2023, ₹2105006/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ കൈപ്പ ഭാഗത്ത് 70 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ 2000 മീറ്റർ 90 Mm ജി.ഐ. പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ പമ്പ്, വൈദ്യുതീകരണം പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്കായി 25 ലക്ഷം രൂപയാണ് വകയിരുത്തിയത്. മലങ്കര റിസർവോയറിനരികെ കുളം നിർമ്മാണം, 2900 മീറ്റർ 75mm പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ പമ്പ്, വൈദ്യുതീകരണം, പമ്പ് ഹൗസ് നിർമ്മാണം എന്നിവയ്ക്കായി 25 ലക്ഷത്തിന്റെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. പദ്ധതിയുടെ ഭാഗമായി കുളം, ടാങ്ക് എന്നിവ നിർമ്മിക്കുകയും 2790 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 3 ഫേസ് ലൈൻ, മോട്ടോർ പമ്പ്, വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും അവ നടപ്പാക്കിയില്ല. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം നൽകുവാൻ സാധിച്ചിട്ടില്ല.



കുടിവെള്ള വിതരണത്തിനായി മലങ്കര ജലസംഭരണിയിൽ നിർമ്മിച്ച കുളം

ഗ്രാമപഞ്ചായത്തുകളുടെ അനുമതിയോടു കൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങാതെയാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 3 ഫേസ് ലൈൻ, വൈദ്യുതീകരണം, മോട്ടോർ പമ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് വിവരം | പീരുമേട് ഗ്രാമ പഞ്ചായത്ത് -26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും<br>പ്രോജക്ട് നമ്പർ – 902/22, 364/23<br>എം.ബുക്ക് നമ്പർ - 1009/2020-21<br>കരാറുകാരൻ -ശ്രീ ജയേഷ് കെ. നായർ |

| | |
|---|---|
| അടങ്കൽ | ₹1500000 /- (സംരക്ഷണ ഗ്രാന്റ്-റോഡ്) |
| ബിൽ നമ്പർ/തിയതി, തുക | 22100652013600542341/16.09.2022, ₹1155131/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പീരുമേട് ഗ്രാമപഞ്ചായത്തിലെ 26 കോളനി പട്ടുമല റോഡ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനാണ് 2021-22ൽ പ്രോജക്ട് ആവിഷ്കരിച്ചത്. 310 മീറ്റർ നീളത്തിൽ ടാറിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 15.01.2022ൽ നമ്പർ 237/T/AEE/LSGD/IDK/2021-22 ആയി കരാറിൽ ഏർപ്പെടുകയും ചെയ്തു. എം.ബുക്ക് പരിശോധിച്ചത് പ്രകാരം 253 മീറ്റർ ടാറിംഗ് പ്രവൃത്തിക്കായി ജി.എസ്.ടി ഉൾപ്പടെ ₹689706/- ചെലവഴിച്ചിട്ടുണ്ട് . അതായത് ഒരു മീറ്റർ ടാർ ചെയ്യുന്നതിനു ₹2726.11/-.യാണ് ചെലവു വരുന്നത്. പീരുമേട് ഗ്രാമപഞ്ചായത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 06.10.2023ൽ നടത്തിയ സ്ഥലപരിശോധനയിൽ 232 മീറ്റർ ദൂരം മാത്രമാണ് ടാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. ഒരു മീറ്ററിനു ₹2726.11/- നിരക്കിൽ 232 മീറ്റർ ടാർ ചെയ്യുന്നതിനും വരുന്ന ആകെ ചെലവ് ₹632458/- ആണ്. 21 മീറ്റർ ദൂരം ടാർ ചെയ്യാതെ കരാറുകാരനു തുക അനുവദിച്ചതുവഴി ₹57428/- (21 മി.* ₹2726.11) അധികം നൽകിയിട്ടുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 12/04.12.2023 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക അളവുകൾ രേഖപ്പെടുത്തിയ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർമെന്റ് നടത്തിയ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-41 ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ -കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 648/23 |
| അടങ്കൽ | ₹5000000/-<br>വികസന ഫണ്ട് ജനറൽ - സാധാരണ വിഹിതം |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ & തുക | 2210065201101066710 /19.01.2023, ₹2574000<br>2210065201101066716 /19.01.2023, ₹2426000<br>ആകെ - ₹5000000/- |

ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പാക്കുന്നതിന് ഭരണസമിതിയുടെ 26.10.2022 –ലെ 1 (1) നമ്പർ തീരുമാന പ്രകാരം ₹5000000/- അനർട്ട് ജില്ലാ എൻജിനീയർക്ക് 19.01.2023ൽ കൈമാറിയിട്ടുണ്ട്. അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റിന്റെയും ഇൻവോയ്സ് ബില്ലുകളുടെയും അടിസ്ഥാനത്തിലാണ് തുക ഡിപ്പോസിറ്റ് ചെയ്തത്. അനർട്ട് ജില്ലാ എൻജിനീയറും ജില്ലാ പഞ്ചായത്തുമായുള്ള 27.12.2022 –ലെ കരാർ പ്രകാരം (കരാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല) 55 Kw ശേഷിയുള്ള സോളാർ പ്ലാന്റാണ് സ്ഥാപിക്കേണ്ടത്. 40 KW ശേഷിയുള്ള ഒരു ഓൺ ഗ്രിഡ് സൗരോർജ നിലയവും 5 KW വീതം ശേഷിയുള്ള മൂന്ന് ഓഫ് ഗ്രിഡ് നിലയങ്ങളുമാണ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഓൺ ഗ്രിഡ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ₹2574000/- യും മൂന്ന് ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിക്കുന്നതിന് ₹2426000/-യുമാണ് അനർട്ടിൽ നിക്ഷേപിച്ചിരുന്നത്. 40 KW ശേഷിയുള്ള ഓൺ ഗ്രിഡ് സൗരോർജ നിലയം സ്ഥാപിക്കുന്നതിനുള്ള കരാർ അനർട്ട് ടെണ്ടർ മുഖേന കെൽട്രോണിനാണ് നൽകിയിരിക്കുന്നത്. 27.12.2022 ൽ അനർട്ട് ജില്ലാപഞ്ചായത്തുമായി എർപ്പെട്ടിരിക്കുന്ന കരാറിൽ തുക ഡിപ്പോസിറ്റ് ചെയ്ത തീയതി മുതൽ 6 മാസത്തിനുള്ളിൽ പദ്ധതി നിർവഹണം പൂർത്തീകരിച്ച് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാർ പ്രകാരം 19.07.2023–നകം പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

40 കിലോവാട്ട് ഓൺഗ്രിഡ് നിലയം സ്ഥാപിക്കുന്നതിന് ₹2398000/- യ്ക്ക് കെൽട്രോണിന് കരാർ നൽകിയിരുന്നതായും നിലയത്തിന്റെ ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനുള്ള ഡോക്യുമെന്റ് ജോലികൾ നടന്നുകൊണ്ടിരിക്കുന്നതായും അനെർട്ട് ജില്ലാ എൻജിനീയർ 05.08.2023 – ലെ No.108/RTSP/SOLAR CONNECT/ANERT(ID)/2023-24 കത്തിലൂടെ അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തന സജ്ജമാക്കി വിനിയോഗ സാക്ഷ്യപത്രം

വാങ്ങേണ്ടതും സർവീസ് ചാർജ് കിഴിച്ച് അധികമായി നിക്ഷേപിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

അനർട്ട് ജില്ലാ എൻജിനീയറുടെ 22.10.2022 - ലെ No.108/RTSP/ANERT(ID)/2022-23 കത്തു പ്രകാരം സൗരോർജ നിലയ പദ്ധതികൾക്ക് 10% ഇൻസെന്റീവ് അനെർട്ട് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 05.01.2023 ലെ തീരുമാനം നമ്പർ 6(1) -ൽ അനർട്ട് മുഖേന പദ്ധതി നടപ്പാക്കിയാൽ 10% തുക തിരികെ ലഭിക്കുമെന്നതു കൂടി പരിഗണിച്ചാണ് നിർവഹണം അനർട്ടിനെ ഏൽപ്പിച്ചിരിക്കുന്നത്. അനുവദനീയമായ ഇൻസെന്റീവും കേന്ദ്ര സംസ്ഥാന സബ്സിഡികളും ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5 കിലോവാട്ട് വീതം ശേഷിയുള്ള മൂന്ന് ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിക്കുവാൻ ₹2426000/- നിക്ഷേപിച്ചിരുന്നെങ്കിലും ഇതിന്റെ ജോലികൾ ആരംഭിച്ചിട്ടില്ല. മാത്രമല്ല മൂന്ന് ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിക്കുന്നതിനു പകരം 7.50 കിലോവാട്ട് ശേഷിയുള്ള ഒരു ഓഫ് ഗ്രിഡ് നിലയം സ്ഥാപിക്കുവാനും മിച്ചം വരുന്ന തുകക്ക് ജില്ലാ പഞ്ചായത്ത് ഓഫീസ് പരിസരത്ത് അനർട്ട് സ്പെസിഫിക്കേഷനോടു കൂടിയ 21 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും പുതിയ നിർദേശം വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല. നിർവഹണ ഏജൻസിയുടെ താൽപര്യം പരിഗണിച്ച് അംഗീകാരം ലഭിച്ച പദ്ധതിയിൽ നിർണ്ണായകമായ മാറ്റം വരുത്തി പ്രവൃത്തി നടത്തുന്നത് ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/27.11.2023 ന് മറുപടി ലഭ്യമായിട്ടില്ല. കരാർ ഉടമ്പടി പ്രകാരമുള്ള സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനെർട്ടിന് കഴിയാതെ വരുന്നപക്ഷം ഡിപ്പോസിറ്റ് ചെയ്ത തുക പലിശ സഹിതം തിരികെ നൽകുന്നതാണെന്ന് കരാറിൽ തന്നെ ഇനം 16 ആയി വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. മുൻകൂട്ടി കാണാൻ കഴിയാതിരുന്ന പ്രായോഗിക ബുദ്ധിമുട്ടുകളോ സാങ്കേതിക തടസ്സങ്ങളോ മൂലം അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അനർട്ടിൽ നിക്ഷേപിച്ച പണം തിരികെ വാങ്ങേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ ₹5000000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-42 സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ - മുൻകൂർ പണം നൽകിയ പദ്ധതി നടപ്പാക്കിയില്ല.

ജില്ലാപഞ്ചായത്തിനു കീഴിലുള്ള 75 സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് 4 പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 05.01.2023 – ലെ തീരുമാനം നമ്പർ 6(1), 21.03.2023 – ലെ തീരുമാനം നമ്പർ 1(12) എന്നിവ പ്രകാരം അനർട്ട് മുഖേന പദ്ധതി നടപ്പാക്കുന്നതിന് മുൻകൂറായി അനർട്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.45/2023/ധന. തീയതി 10.03.2023 അനുസരിച്ച് എസ്റ്റിമേറ്റ് തുകയുടെ 20% ആണ് മുൻകൂറായി നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് ബാക്കി പണം നൽകേണ്ടത്. സ.ഉ.(കൈ)നം.45/2023/ധന. തീയതി 10.03.2023 ഉത്തരവ് അനുസരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതാണെന്ന് കരാറിൽ ഒന്നാമത്തെ വ്യവസ്ഥയായി ചേർത്തിട്ടുണ്ട്. തുക അനർട്ടിൽ ഡിപ്പോസിറ്റ് ചെയ്ത് തീയതിമുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചു നൽകുന്നതാണെന്ന് ഇനം 4 ആയും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് 2023 സെപ്തംബർ മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുവെങ്കിലും ഒരു സ്കൂളിൽ പോലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടില്ല. കരാർ ഉടമ്പടി പ്രകാരമുള്ള സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനർട്ടിന് കഴിയാതെ വന്നാൽ ഡിപ്പോസിറ്റ് ചെയ്ത തുക സേവിംഗ്സ് ബാങ്ക് പലിശ സഹിതം തിരികെ നൽകുന്നതാണെന്ന് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 4 കരാറുകളിലും ഇനം 17 ആയി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സർക്കാർ ഉത്തരവനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് മുൻകൂറായി ഡിപ്പോസിറ്റ് ചെയ്തത് കിഴിച്ചുള്ള പണം നൽകേണ്ടത്. ഒന്നും നാലും കരാർ വ്യവസ്ഥകൾക്ക് കടകവിരുദ്ധമായി മുൻകൂറായി ഡിപ്പോസിറ്റ് ചെയ്ത 20% തുകയുടെ ബാക്കി തുക 2023-2024 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അനർട്ടിൽ നൽകുന്ന മുറക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് ഏഴാമത്തെ വ്യവസ്ഥയായി കരാറിൽ ചേർത്തിരിക്കുന്നത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ അടങ്കൽ/എസ്റ്റിമേറ്റ് | പ്രോജക്ടിന്റെ പേര് | കരാർ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|---|---|
| 1 | 1070/23<br>₹4900000/- | അടിമാലി ,ദേവികുളം ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലെ സ്കൂളുകളിൽ | 24/26.03.2023 | 2210065201110<br>1543903<br>28.03.2023 | ₹980000/- |

| | | | | | |
|---|---|---|---|---|---|
| | | സോളാർ പാനൽ സ്ഥാപിക്കൽ | | | |
| 2 | 1071/23 ₹6746894/- | നെടുങ്കണ്ടം, ഇടുക്കി ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലെ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 25/26.03.2023 | 221006520111101546659 /28.03.2023 | ₹1349373/- |
| 3 | 1072/23 ₹6300000/- | കട്ടപ്പന, അഴുത ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലെ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 26/26.03.2023 | 221006520111101543210/ 28.03.2023 | ₹1260000/- |
| 3 | 1073/23 ₹3500000 | തൊടുപുഴ, ഇളംദേശം ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലെ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 27/26.03.2023 | 221006520111101545151 /28.03.2023 | ₹700000/- |
| ആകെ | | | | | ₹4289373 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/27.11.2023 - ക്ക് മറുപടി ലഭ്യമായിട്ടില്ല. കരാർ പ്രകാരമുള്ള സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് കഴിയാതെ വന്നാൽ ഡിപ്പോസിറ്റ് ചെയ്ത തുക പലിശ സഹിതം തിരികെ നൽകുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കെ തുക തിരികെ ഈടാക്കുവാൻ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹4289373/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 മുരിക്കാശേരി ടൗൺ കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതി പാതിവഴിയിൽ

| | |
|---|---|
| പ്രോജക്ട് വിവരം | വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് – മുരിക്കാശേരി ടൗൺ കുടിവെള്ള പദ്ധതി പൂർത്തീകരണം പ്രോജക്ട് നമ്പർ – 394/22, 308/23 |

| | |
|---|---|
| | എം.ബുക്ക് നമ്പർ-1168/19-20<br>കരാറുകാരൻ- ശ്രീ. ഷംസുദീൻ.കെ.ബാബു |
| അടങ്കൽ | ₹1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നമ്പർ/തിയതി | XVFC/2022-23/P/94/30.03.2023 |
| തുക | ₹221851/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുരിക്കാശ്ശേരിയിൽ കുടിവെള്ള വിതരണത്തിനായി ജില്ലാപഞ്ചായത്ത് 1999-2000 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ നവീകരണത്തിനായി 2021-22 – ൽ ആവിഷ്കരിച്ച പ്രോജക്ടിൽ 10000 ലിറ്ററിന്റെ ടാങ്ക് നിർമ്മിക്കുന്നതിനു 400000/-യും 500 മീറ്റർ പൈപ്പിടുന്നതിനു ₹600000/-യും ഉൾപ്പടെ ആകെ ₹1000000/- യാണ് വകയിരുത്തിയത്. എന്നാൽ 5.20 മീറ്റർ ആഴവും 6.80 മീറ്റർ വ്യാസവുമുള്ള കുളത്തിന്റെ ആഴം 2.50 മീറ്റർ കൂടി കൂട്ടുക, നിലവിലുള്ള കല്ലുകെട്ടിനു കോൺക്രീറ്റ് ലൈനിംഗ് നൽകുക, കിണറിനു മൂടിയിടുക, നിലവിലുള്ള ടാങ്ക് നവീകരിക്കുക, ഉപയോഗരഹിതമായ പഴയ പമ്പ് മാറ്റി പുതിയ 10 എച്ച്.പി. പമ്പ് സ്ഥാപിക്കുക, 744 മീറ്റർ 63mm HDPE പൈപ്പിടുക എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റ് റിപ്പോർട്ടും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. വാത്തിക്കുടി

ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല.

പ്രവൃത്തി നടത്തുന്നതിനു കരാറുകാരനുമായി നമ്പർ 11/T/AEE/LID7EW/IDK/2022-23 തീ.11.05.2022 ആയി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുളത്തിന് പാർശ്വഭിത്തി നിർമ്മിച്ച് പ്ലാസ്റ്ററിംഗ് നടത്തി മുകൾ ഭാഗം മൂടി 100 മീറ്റർ HDPE പൈപ്പിടുക എന്നിവ മാത്രമാണ് പൂർത്തീകരിച്ച പ്രവൃത്തികൾ. കുടിവെള്ളം പമ്പ് ചെയ്യുന്നതിനായി മുമ്പ് സ്ഥാപിച്ചിരുന്ന പമ്പ് തകരാറായതിനാൽ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് PWD യുടെ അനുമതി ലഭിച്ചില്ലെന്ന കാരണത്താൽ 21.03.2023ൽ പൂർത്തീകരണ കാലാവധി രണ്ട് മാസം കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ ശേഷിച്ച പ്രവൃത്തികൾ നടത്തിയിട്ടില്ല. പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ തന്നെ ആവശ്യമായ അനുമതികൾ മുൻകൂറായി വാങ്ങാതിരുന്നതിനാലാണ് അനാവശ്യമായ കാലവിളംബം സംഭവിച്ചത്.

| | |
|---|---|
|  |  |
| കുടിവെള്ള പദ്ധതിയുടെ കിണർ | പമ്പ് ഹൗസ് |

നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-44 ഉമ്മാക്കട കുടിവെള്ള പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് വിവരം | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് – വാർഡ് 3 – ഉമ്മാക്കട കുടിവെള്ള പദ്ധതി<br>പ്രോജക്ട് നമ്പർ – 456/22, 343/23<br>കരാറുകാരൻ – നോബി ജോർജ്ജ് |
| അടങ്കൽ | ₹2000000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് |
| ബിൽ നമ്പർ/തിയതി | 22100652013601265284/28.02.2023 |
| തുക | ₹403210/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ മൂന്നാം വാർഡ് ഉമ്മാക്കട ഭാഗത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ കുഴൽക്കിണർ, 25000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച് 10 എച്ച്.പി. മോട്ടോർ പമ്പ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ, നിലവിലുണ്ടായിരുന്ന കുളത്തിന്റെ നവീകരണത്തിനും 25000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിച്ച് 10 എച്ച്.പി. മോട്ടോർ പമ്പ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രോജക്ടിന്റെ ഭാഗമായി 25000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള കുളത്തിലെ വെള്ളം എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല എന്ന കാരണത്താൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കുളത്തിൽ ആവശ്യമായ വെള്ളം ലഭ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് കുളത്തിന്റെ സമീപത്ത് ഒരു കുഴൽകിണർ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 2022-23ൽ നിർമ്മിച്ചിരുന്നു. എന്നാൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് നാളിതുവരെ എസ്റ്റിമേറ്റ്

പരിഷ്കരിച്ചിട്ടില്ല.




കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച ടാങ്ക്

ഗ്രാമപഞ്ചായത്തുകളുടെ അനുമതിയോടു കൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018 /ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നടപ്പാക്കിയ കുഴൽക്കിണർ നിർമ്മാണവും തങ്ങളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനു 2023-24 സാമ്പത്തിക വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-45 സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളുടെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല.

സെക്രട്ടറി നടപ്പാക്കിയ ചുവടെ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളുടെ ചെലവു രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ | തുക₹ | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 525 | പൂവേഴ്സ് മൗണ്ട് കുടിവെള്ള പദ്ധതി ഭൂജല വകുപ്പിൽ ൽ ഡിപ്പോസിറ്റ് ചെയ്തത് | 22100652011100654198 /28.10.22 | 63000 | ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യ പത്രം |
| 2 | 744 | മറയൂർ ഊഞ്ചാംപാറ എസ് ടി കോളനി വൈദ്യുതീകരണം-KSEB ൽ ഡിപ്പോസിറ്റ് ചെയ്തത് | 22100652011101258360 /4.3.23 | 462313 | ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യ പത്രം |
| 3 | 519 | പദ്ധതി നിർവഹണവും മോണിറ്ററിംഗും | 22100652011100236514 /21.6.22 22100652011100572870 /27.9.22 22100652011100887372 /23.12.22 | 123290 66015 15788 | ചെലവ് വിവരങ്ങൾ |
| 4 | 4 | ഐ കെ എം – വിഹിതം | 22100652011100654203 /17.10.22 | 487691 | വിനിയോഗ സാക്ഷ്യ പത്രം |
| 5 | | കോവിഡ് അനുബന്ധ ചെലവ് | ട്രഷറി ബിൽബുക്ക് ക്രമനമ്പർ 13/2.9.22 | 657271 | ചെലവ് വിവരങ്ങൾ |
| 6 | | വിവാഹ ധനസഹായം | ട്രഷറി ബിൽബുക്ക് ക്രമനമ്പർ 83/29.3.23 | 100000 | ചെലവ് വിവരങ്ങൾ |
| 7 | | ഓൾഡ്ഏജ് ഹോം ഗ്രാന്റ് | ട്രഷറി ബിൽബുക്ക് ക്രമനമ്പർ 48/17.01.23 | 57404 | ചെലവ് വിവരങ്ങൾ |
| | | ആകെ | | ₹2032772/- | |

ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 7/27.10.2023 നൽകിയതിനെ തുടർന്ന് ഹാജരാകകിയ ഫയലുകൾ പരിശോധിച്ചതിനു ശേഷമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ₹2032772/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-46 പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം -പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് വിവരം | 1) വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അഗതി പുനരധിവാസകേന്ദ്രം ചെറുതോണി<br>പ്രോജക്ട് നമ്പർ 1110/17, 906/18, 840/19<br>2) പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം പൂർത്തീകരണം<br>222/20, 341/21, 781/22. 120/23 |
| അടങ്കൽ | 1110/17- ₹35,00,000/- (വികസന ഫണ്ട് – ജനറൽ)<br>222/20- ₹35,00,000/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | |
| 2017-18 | 17100652012301337517/28.03.2018/₹1966000/- |
| 2018-19 | 18100652012300337429/19.07.2018/ ₹965467/- |
| 2020-21 | 20100652013601431889/31.03.2021/₹641699/- |
| | 20100652013601431887/31.03.2021/ ₹1994004/- |
| | 20100652013600076899/24.04.2020/ ₹592219/- |
| 2022-23 | 22100652013600516022/15.09.2022/ ₹247610/- |
| ആകെ | ₹6406999/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ പാറേമാവ് ആയുർവ്വേദ ആശുപത്രിയ്ക്ക് സമീപം അഗതി

പുനരധിവാസ കേന്ദ്രം നിർമ്മിക്കുന്നതിനു 2016-17 വാർഷിക പദ്ധതിയിൽ പ്രോജക്ട് നമ്പർ 1110/17 ആയി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അഗതി പുനരധിവാസകേന്ദ്രം ചെറുതോണി എന്ന പേരിൽ 35 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് ഏറ്റെടുക്കുകയും 2017-18 ൽ ₹1966000/-യും 2018-19ൽ ₹965467/-യും ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രച്ചറൽ പണികൾ മാത്രം പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് 2019-20 വാർഷിക പദ്ധതിയിൽ പ്രോജക്ട് നമ്പർ 222/20 ആയി പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം പൂർത്തീകരണം എന്ന് പേരിൽ പുതിയ ബഹുവർഷ പ്രോജക്ട് ഏറ്റെടുത്തു. 35 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോജക്ടിൽ ഭിത്തി, ജനലുകൾ, വാതിലുകൾ, പെയിന്റിംഗ്, ടൈൽ പാകൽ, വൈദ്യുതീകരണം എന്നിവയാണ് ഉൾക്കൊള്ളിച്ചത്. പദ്ധതിയ്ക്കായി 2020-21ൽ ₹3227922/-യും 2022-23ൽ ₹247610/-യും ചെലവഴിച്ചു. രണ്ട് പ്രോജക്ടുകളിലായി ₹6406999/- ചെലവഴിച്ചിട്ടും കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ല.





പ്രവർത്തന രഹിതമായ പാറേമാവ് അഗതിമന്ദിരം

സ.ഉ(കൈ)നം.04/2016/ത.സ്വ.ഭ.വ./തീ.11.01.2016, സ.ഉ(കൈ)നം.72/2017/ത.സ്വ.ഭ.വ. /തീ.29.03.2017, സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ./തീ.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖകളിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

എ) കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത്. എന്നാൽ, കെട്ടിത്തിന്റെ സ്ട്രച്ചറൽ വേലകൾക്കായി മാത്രം ഒരു പ്രോജക്ട് തയ്യാറാക്കുകയും പിന്നീട് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനു മറ്റൊരു പ്രോജക്ട് തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പ്രോജക്ട് വിഭജിച്ചു ചെയ്യുന്നതു മൂലം ജില്ലാപഞ്ചായത്തിനു അധിക

സാമ്പത്തിക ബാദ്ധ്യത വരുത്തുന്നുണ്ട്. കൂടാതെ, കെട്ടിടനിർമ്മാണം അനന്തമായി നീണ്ടുപോകുന്നതിനും കാരണമാവുന്നു.

ബി) വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ പ്രായോഗികത, വിജയസാദ്ധ്യത എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

സി) പഞ്ചവത്സര പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവ മാത്രമേ ബഹുവർഷ പ്രോജക്ടായി ആവിഷ്കരിക്കുവാൻ പാടുള്ളൂവെന്ന നിർദേശം പാലിച്ചിട്ടില്ല.

ഡി) വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തണം തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് കൂടി സമർപ്പിച്ച് പദ്ധതിക്ക് അംഗീകാരം വാങ്ങേണ്ടിയിരുന്നു. ഇപ്രകാരമുള്ള ആസൂത്രണം നടത്തിയിട്ടില്ല.

നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ചുറ്റുപാടുകൾ കാട് കയറി കിടക്കുന്നു. അഗതികളെ പുനരധിവസിപ്പിക്കുന്നതിനുള്ള യാതൊരു നടപടികളും ജില്ലാപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. പന്ത്രണ്ടാം പഞ്ചവത്സപദ്ധതി കാലയളവിലെ 2016-17 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ട് പതിനാലാം പഞ്ചത്സരപദ്ധതി ആരംഭിച്ചിട്ടും പൂർത്തീകരിക്കുന്നതിനു സാധിച്ചിട്ടില്ല. പദ്ധതി ആവിഷ്കരിച്ചിട്ട് എട്ട് വർഷത്തിനു ശേഷവും അഗതിപുരധിവാസകേന്ദ്രം ആരംഭിക്കുന്നതിനും ജില്ലാപഞ്ചായത്തിനു സാധിക്കാത്തത് വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലമാണ് . പുനരിധിവാസ കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിനു നാളിതുവരെ തുടർനടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ₹247610/-യുടെ ചെലവ് തടസപ്പെടുത്തുന്നു. അഗതിപുനരധിവാസകേന്ദ്രം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-47 ചെറുതോണി വനിതാ കാർഷിക മാർക്കറ്റ് - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 764/20, 504/21, 836/22, 164/23 |
| അടങ്കൽ | ₹9756500/- |
| ബിൽ നമ്പർ/തീയതി /തുക | 20100652013600567765 / 29/09/2020, ₹124785 |

| | |
|---|---|
| | 21100652013601134815 / 15/02/2022, ₹ 2109006/-<br>21100652013601506140 / 29/03/2022, ₹ 1524991/-<br>22100652013600090242 / 10/05/2022, ₹ 2500000/-<br>22100652013600210341 /17/06/22, ₹1058934/-<br>22100652013600702270 / 28/10/22, ₹821198/- |
| കരാർ നമ്പർ | 1/T/AEE/LSGD/IDK/20-21 |
| എം ബുക്ക് നമ്പർ | 774/17-18, 656/19-20, 214/19-20, 425/19-20 |

ജില്ലാ ആസ്ഥാനമായ ചെറുതോണിയിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ചെറുതോണി വനിതാ കാർഷിക മാർക്കറ്റ്. 2019-20 ലാണ് പദ്ധതി ആവിഷ്കരിച്ചത്. കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണിന്റെ ഉറപ്പ് പരിശോധിച്ചതിനും കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയതിനുമായി തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് 29/09/2020 -ൽ ബിൽ നമ്പർ 20100652013600567765 പ്രകാരം ₹124785 നൽകി. എന്നാൽ സോയിൽ ടെസ്റ്റ് നടത്തി മൺവേലകൾ ആരംഭിച്ചതിനുശേഷം 24/09/2021-ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 1(1) തീരുമാന പ്രകാരം നിർദിഷ്ട സ്ഥലത്ത് കെട്ടിടം പണിയുമ്പോൾ അടിത്തറയ്ക്കായി അമിതമായി പണം ചെലവഴിക്കേണ്ടി വരുമെന്നതിനാൽ കാർഷിക മാർക്കറ്റ് കെട്ടിടം നിർമ്മാണത്തിലിരിക്കുന്ന ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ഭാഗമായി നിർമ്മിക്കാൻ തീരുമാനിച്ചു. കെട്ടിടനിർമ്മാണത്തിനായി ₹8014129/- ചെലവഴിച്ചുവെങ്കിലും നിർമ്മാണം പൂർത്തീകരിച്ചില്ല. കെട്ടിടത്തിന്റെ പ്ലംബിംഗ് ജോലികൾ നടത്തുകയോ കാർഷിക മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഒരു കെട്ടിടനിർമ്മാണ പ്രവൃത്തി മാത്രമായി അവസാനിച്ച വനിതാകാർഷിക മാർക്കറ്റ് പ്രോജക്ട് ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ തുടർ പ്രവൃത്തികൾ നടത്തേണ്ടതാണ്.

1-48 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് (₹) |
|---|---|---|---|
| 1 | 551 | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് പീച്ചാട് വെങ്കായപ്പാറ എസ് റ്റി കോളനി നടപ്പാത നിർമ്മാണം | 642791 |
| 2 | 165 | 2019-20 ഗവ.എച്ച്.എസ്.അമരാവതി ടൊയ്‌ലെറ്റ് | 248609 |
| 3 | 532 | വണ്ടിപ്പെരിയാർ പഞ്ചായത്ത് 20-ാം വാർഡ് പശുമല കുടിവെള്ള പദ്ധതി പൈപ്പ് പുനരുദ്ധാരണം | 1335599 |
| 4 | 293 | DP WORKS 2021-2022 ചിന്നക്കനാൽ പഞ്ചായത്ത് ചൗടാംബിക മുതൽ സൊസൈറ്റിമേട് - വേണാട് റോഡ് | 480443 |
| 5 | 373 | ദേവികുളം പഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ദേവികുളം | 400000 |
| 6 | 392 | മാങ്കുളം പഞ്ചായത്ത് പാമ്പുകയം 800 റോഡ് പുനരുദ്ധാരണം | 914865 |
| 7 | 191 | കരിമണ്ണൂർ പഞ്ചായത്ത് കമ്പിപ്പാലം മാനാക്കുഴി ചിലവ് റോഡ് | 999687 |
| 8 | 666 | കോടിക്കുളം പഞ്ചായത്ത് - വെള്ളംചിറ എസ്.സി. കോളനി വനിത സാംസ്കാരിക നിലയം | 719019 |
| 9 | 393 | കുടയത്തൂർ പഞ്ചായത്ത് കുടയത്തൂർ ജി.എച്ച്.എസ് ടോയ് ലെറ്റ് | 428648 |

| | | | |
|---|---|---|---|
| 10 | 170 | വാഴത്തോപ്പ് പഞ്ചായത്ത് മണിയാറൻകുടി വി.എച്ച്.എസ്.എസ്. ഭൂസംരക്ഷണം | 1268353 |
| 11 | 432 | ഇടുക്കി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ടൊയ്‌ലെറ്റ് | 1033901 |
| 12 | 339 | ജില്ലാ പഞ്ചായത്ത് ഓഫീസ് പെയിൻറിംഗ് | 867527 |
| 13 | 745 | അയ്യപ്പൻകോവിൽ പഞ്ചായത്ത് മേരികുളം - കൂരാമ്പാറ റോഡ് മെയിൻറനൻസ് | 802748 |
| 14 | 820 | വണ്ടൻമേട് പഞ്ചായത്ത് വണ്ടൻമേട് നിരപ്പേൽസിറ്റി റോഡ് റീടാറിംഗ് | 1173364 |
| 15 | 1033 | വണ്ടൻമേട് പഞ്ചായത്ത് അണക്കര - കടശ്ശിക്കടവയ് റോഡ് മെയിൻറനൻസ് | 834589 |
| 16 | 85 | കുമളി പഞ്ചായത്ത് അമരാവതി നാലാംമൈൽ കാർഷിക ജലസേചന പദ്ധതി | 372001 |
| 17 | 425 | കരുണാപുരം ഗ്രാമ പഞ്ചായത്ത് ചോറ്റുപാറ സ്കൂൾ ടോയ് ലെറ്റ് | 834622 |
| 18 | 711 | നെടുങ്കണ്ടം പഞ്ചായത്ത് പൊന്നാമല-തൊട്ടിക്കാട്റോഡ്- തുക നൽകൽ | 117479 |
| 19 | 376 | പാമ്പാട്ടുംപാറ പഞ്ചായത്ത് ശൂലത്തറ മന്നാക്കുടി വലിയ തോവാള റോഡ് | 824499 |
| 20 | 233 | പാമ്പാട്ടുംപാറ പഞ്ചായത്ത് പാമ്പാട്ടുംപാറ പത്തിനിപ്പാറ റോഡ് റീടാറിംഗ് | 744289 |
| 21 | 1024 | പാമ്പാട്ടുംപാറ പഞ്ചായത്ത് കല്ലാർ സ്കൂൾ ചുറ്റുമതിൽ പൂർത്തീകരണം | 479780 |
| 22 | 361 | പാമ്പാട്ടുംപാറ പഞ്ചായത്ത് കല്ലാർ സ്കൂൾ പ്ലേ ഗ്രൗണ്ട് തുക നൽകൽ | 432450 |

| | | | |
|---|---|---|---|
| 23 | 198 | രാജാക്കാട് പഞ്ചായത്ത് മുല്ലക്കാനം തോട് കെട്ട് | 729653 |
| 24 | 1042 | വിവിധ റോഡ് പ്രവൃത്തികളുടെ തുക നൽകൽ | 193564 |
| ആകെ | | | 16878480 |

ഫയലുകൾ ഹാജരാക്കുന്നതിനായി 14.07.2023ന് ഓഡിറ്റ് റിക്വസിഷനും, 02.05.2023, 01.08.2023 തിയതികളിൽ കത്തുകളും നൽകിയെങ്കിലും ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയില്ല. തുടർന്ന് 24.09.2023ന് ഫയലുകൾ ഹാജരാക്കുന്നതിന് സമൻസും 21.10.2023ൽ കത്തും നൽകിയെങ്കിലും മുകളിൽ പരാമർശിച്ചിരിക്കുന്ന ഫയലുകൾ ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഹാജരാക്കാത്തത് നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസ് മേലധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഭാഗത്തു നിന്നുമുള്ള വീഴ്ചയായി കാണുന്നു. ഫയലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 11, 12, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 10, 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാവും) ചട്ടങ്ങളിലെ ചട്ടം 12 എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ₹1,68,78,480/- ചെലവ് തടസപ്പെടുത്തുന്നു.

**1-49 ചക്ക സംസ്കരണ പ്ലാന്റിനായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനു നൽകിയ വിഹിതം വിനിയോഗിക്കാതെ സൂക്ഷിക്കുന്നു.**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച ചക്ക സംസ്കരണം എന്ന പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 2020-21 സാമ്പത്തിക വർഷം ₹1200000/- നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്നതിനു ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ട റെയ്ക്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനം യന്ത്ര സാമഗ്രികൾ വിതരണം ചെയ്തിട്ടില്ലാത്തതിനാലും പദ്ധതി നിർവ്വഹണത്തിൽ പുരോഗതി ഇല്ലാത്തതിനാലും പദ്ധതി ഉപേക്ഷിക്കുന്നതിന് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചു. ജില്ലാപഞ്ചായത്ത് കൈമാറിയ തുക സഞ്ചിതനിധിയിലേയ്ക്ക് ഒടുക്കുന്നതിന് അനുമതി നൽകണമെന്ന ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ 10/05/2022ലെ ഭരണസമിതി അംഗീകരിക്കുകയും തീരുമാനം നം.1-12 പ്രകാരം തുക തിരിച്ചടക്കുന്നതിനു ബ്ലോക്ക് പഞ്ചായത്തിനു അനുമതി നൽകുകയും ചെയ്തു . 01.03.2023ലെ ഭരണസമിതി യോഗത്തിലും അപേക്ഷ വീണ്ടും പരിഗണിക്കുകയും തീരുമാനം നമ്പർ 1-7 പ്രകാരം

തുക തിരിച്ചടക്കുന്നതിനു ബ്ലോക്ക് പഞ്ചായത്തിനു അനുമതി നൽകുകയും ചെയ്തുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് തുക തിരിച്ചടച്ച് വിശദാംശങ്ങൾ ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്ത് തുക അടിയന്തിരമായി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കി വിശദാംശങ്ങൾ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-50 വാഗമൺ പാറക്കെട്ട് കുടിവെള്ളപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല.

ജില്ലാപഞ്ചായത്തിന്റെ 2012-13 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതാണ് പ്രോജക്ട് നമ്പർ 1029/13 വാഗമൺ പാറക്കെട്ട് കുടിവെള്ളപദ്ധതി പൂർത്തീകരണം എന്ന പദ്ധതി. 15 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് 2014-15 വർഷം (പ്രോജക്ട് നമ്പർ 33/2015) സ്പിൽ ഓവറായി പുതുക്കിയ അംഗീകാരം ലഭിച്ചു. പ്രവൃത്തിയുടെ അളവുബുക്ക് പ്രകാരം 10 എച്ച്.പി. സബ്മേഴ്സിബിൾ പമ്പും മോട്ടോർഷെഡും 3110 മീറ്റർ 50എം.എം. ജി. ഐ. പൈപ്പ് ലൈനും സ്ഥാപിക്കുകയും ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തു. എന്നാൽ ടാപ്പുകൾ സ്ഥാപിച്ച് നാളിതുവരെ വെള്ളം വിതരണം നടത്തിയിട്ടില്ല. ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ പാറക്കെട്ട് നിവാസികൾക്ക് കുടിവെള്ള വിതരണത്തിനായി കിണർ കുഴിച്ച് പമ്പ് സ്ഥാപിച്ചെങ്കിലും ആളുകൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ തുറന്നു കൊടുക്കുവാൻ ജില്ലാപഞ്ചായത്തിനു കഴിഞ്ഞിട്ടില്ലായെന്നും പദ്ധതി പൂർത്തീകരിച്ച് പദ്ധതി തുറന്നു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർപദ്ധതിയിൽ പരിഗണിക്കുന്നതിനു 22.09.2022ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ 8-1 പ്രകാരം തീരുമാനിച്ചു. . എന്നാൽ, 2022-23, 2023-24 വാർഷിക പദ്ധതികളിൽ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കുടിവെള്ള ക്ഷാമം വലിയ തോതിൽ നേരിടുന്ന പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം

ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് 10 വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത കുറവ് കാരണമാണ് പ്രോജക്ട് ഏറ്റെടുക്കാൻ സാധിക്കാത്തതെന്ന ഭരണസമിതിയുടെ വിശദീകരണം തൃപ്തികരമല്ല. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സയഥാസമയം വിനിയോഗിക്കാതെ ലാപ്സാകുകയാണ്. ജില്ലാ പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പദ്ധതി ചെലവ് 50 ശതമാനത്തിൽ താഴെയാണ്. ഫണ്ടുകളുടെ ലഭ്യത കുറവല്ല മറിച്ച് ലഭ്യമായ ഫണ്ടുകൾ കാര്യക്ഷമമായി ഉപയോഗിക്കുവാൻ സാധിക്കുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യാത്തതു കാരണമാണ് 10 വർഷങ്ങൾക്ക് ശേഷവും പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കുന്നത്. പദ്ധതി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-51 കണ്ണംപടി ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനു നടപടി സ്വീകരിച്ചില്ല.

ഉപ്പുതറ പഞ്ചായത്തിലെ പട്ടികവർഗ്ഗ മേഖലകളായ കണ്ണംപടി, മേമാരിക്കുടി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിനായി ആശ്രയിക്കുന്ന സ്കൂളാണ് കണ്ണംപടി ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂൾ. ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം അധ്യാപകരും വിദ്യാർത്ഥികളും വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. സ്കൂളിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനിൽ പരാതി ലഭിക്കുകയും കമ്മീഷൻ ജില്ലാ പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് തേടുകയും ചെയ്തതിനെ തുടർന്ന് 22.09.2022ലെ ഭരണസമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും ജില്ലാപഞ്ചായത്തിനു ലഭിക്കുന്ന പരിമിതമായ ഫണ്ട് ഉപയോഗിച്ച് സ്കൂളിനു കെട്ടിടം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുകയില്ലെന്ന് വിലയിരുത്തിയ ഭരണസമിതി സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാമെന്നും സ്കൂളിലെ ടൊയ്‌ലെറ്റ് നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർപദ്ധതികളിൽ പരിഗണിക്കാമെന്നും തീരുമാനിച്ചു (തീരുമാനം നമ്പർ 6-1).

കണ്ണംപടി ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനു പൊതുവിദ്യാഭാസ വകുപ്പ് ഡയറക്ടറും ഇടുക്കി ജില്ലാപഞ്ചായത്തും സത്വര നടപടികൾ സ്വീകരിച്ച്

റിപ്പോർട്ട് സമർപ്പിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് 07.01.2023ലെ ഭരണസമിതി യോഗം തീരുമാനിച്ചു(തീരുമാനം നമ്പർ 7-1). എന്നാൽ സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് യാതൊരു പ്രവർത്തനവും നാളിതുവരെ ജില്ലാപഞ്ചായത്ത് ചെയ്തിട്ടില്ല. സ്കൂളിന്റെ അറ്റകുറ്റപ്പണി, ടൊയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണത്തിനോ മറ്റ് പ്രവർത്തികൾക്കോ ഒരു പ്രോജക്ട് പോലും 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണമാണ് പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സാധിക്കാത്തതെന്ന ഭരണസമിതിയുടെ നിരീക്ഷണം യഥാർത്ഥ്യത്തിന് വിരുദ്ധമാണ്. ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ടുകളുടെ അമ്പത് ശതമാനം പോലും ചെലവഴിക്കാതെ കോടിക്കണക്കിന് രൂപ ഓരോ വർഷവും പാഴാവുകയാണ്. 2022-23 സാമ്പത്തിക വർഷം അനുവദിച്ച പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 57 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി പുരോഗതി 25.04.2023ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യോഗം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ പഞ്ചായത്ത് എസ്.സി.പി., ടി.എസ്.പി. എന്നിവയിൽ വളരെ കുറവ് ചെലവാണ് വരുത്തിയിരിക്കുന്നതെന്നും യഥാക്രമം 45 ശതമാനവും 57 ശതമാനവും ആണ് ചെലവെന്നും അതിനാലിത് പ്രത്യേകം പരിശോധിക്കണമെന്നും യോഗം നിർദേശം നൽകിയിരുന്നു. ജില്ലയിലെ വിദൂരവും അവികസിതവുമായ കണ്ണംപടി, മേമേരി തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർഥികളുടെ പഠനത്തിന് ഏക ആശ്രയമായ കണ്ണംപടി ഗവൺമെന്റ് ട്രൈബൽ സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം-പദ്ധതി തികഞ്ഞ പരാജയം. വ്യാജ ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹600000/-മാറി നൽകി.

| | |
|---|---|
| പ്രോജക്ട് വിവരം | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം<br>പ്രോജക്ട് നമ്പർ 894/23 |
| അടങ്കൽ | ₹1500000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ബിൽ നമ്പർ/തിയതി | 22100652012501352541/10.03.2023 |
| തുക | ₹600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം |

ഇടുക്കി ജില്ലയുടെ അക്കാദമിക്ക് ഗുണമേന്മയിൽ സമഗ്രമായ മുന്നേറ്റം നേടിയെടുക്കുന്നതിനു വേണ്ടി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് അക്കാദമിക്ക് എക്സലൻസ്. ജില്ലയിലെ ഹയർ സെക്കണ്ടറി, വൊക്കേഷണനൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ പതിനൊന്നാം ക്ലാസിലെ മികച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് പ്രതിഭാ പരിപോഷണത്തിനുള്ള അവസരം ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിട്ടുള്ളത്. ഓരോ താലൂക്കിലേയും തെരഞ്ഞെടുത്ത രണ്ട് കേന്ദ്രങ്ങളിലായി 40 കുട്ടികളെ വീതം പ്രതിഭാ നിർണ്ണയ പരീക്ഷയിലൂടെ കണ്ടെത്തി പ്രത്യേക കോച്ചിംഗ് നൽകി സിവിൽ സർവ്വീസ്, ഐ.സി.ഇ.ആർ, ഐ.ഐ.ടി, എൻ.ഐ.ടി, ഐ.സി.എ.ആർ, ബി.ആർക്ക്, ഐ.ഐ.ബി.എഫ്. തുടങ്ങി ദേശീയ തലത്തിലെ വിവിധ സ്ഥാപനങ്ങളിലേക്കും കോഴ്സുകളിലേക്കും അഡ്മിഷൻ നേടിയെടുക്കുന്നതിനുള്ള താൽപര്യം ജനിപ്പിക്കുകയും വഴികാട്ടുകയും ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഓരോ കേന്ദ്രത്തിലും കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. 10.06.2021- ലെ ഭരണസമിതി യോഗത്തിന്റെ 1-3 നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കോ-ഓർഡിനേഷൻ സമിതിയ്ക്ക് അപേക്ഷ സമർപ്പിച്ചു. 29.09.2021ലെ സ.ഉ.(സധാ) നം.1866/2021 /ത.സ്വ.ഭ.വ. പ്രകാരം ഇടുക്കി ജില്ലയിലെ +2 തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ഓരോ സ്കൂളിൽ നിന്നും പതിനഞ്ചോളം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഇവർക്ക് സിവിൽ സർവ്വീസ്, ഐ.ഐ.ടി, എൻ.ഐ.ടി, ഐ.ഐ.എം. തുടങ്ങിയ കോഴ്സുകൾക്ക് യോഗ്യരാക്കത്തക്കവിധം പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യത പരിഗണിച്ച് അക്കാദമിക്ക് എക്സലൻസ്

പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്റ്റ് പ്രപ്പോസൽ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സംഘാടനം

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വിദ്യാഭ്യാസ ഉപഡയറക്ടർ, എസ്.എസ്.കെ ജില്ലാ കോർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പാൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങിയ ജില്ലാ കമ്മറ്റിയാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്.

2) ജില്ലാതല അക്കാദമിക്ക് കമ്മറ്റി ഘടന

| | |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| രക്ഷാധികാരി | ജില്ലയിൽ നിന്നുള്ള മന്ത്രി |
| അക്കാദമിക്ക് അഡ്വൈസറി ബോർഡ് ചെയർമാൻ | ജില്ലാ കളക്ടർ |
| അക്കാദമിക്ക് അഡ്വൈസറി ബോർഡ് അംഗങ്ങൾ | സബ് കളക്ടർമാർ, സൂപ്രണ്ട് ഓഫ് പോലീസ്, ഐ.എഫ്.എസ് ഓഫീസർ, ഫോറസ്റ്റ് ഓഫീസർ, റിട്ടയേർഡ് സിവിൽ സർവ്വീസ് ഓഫീസർ, വിദ്യാഭ്യാസ വിചക്ഷണൻമാർ (എൻ.ജി.ഒ) |
| കൺവീനർ | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| കോർഡിനേറ്റർ | ഡയറ്റ് ഫാക്കൽറ്റി അംഗം |
| കോർഡിനേഷൻ കമ്മറ്റി അംഗങ്ങൾ | ബി.ആർ.സി അംഗങ്ങൾ, അധ്യാപകർ, കോളജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

3) പ്രാദേശിക സെന്ററുകളിലെ കമ്മിറ്റി ഘടന

| | |
|---|---|
| രക്ഷാധികാരി | എം.എൽ.എ |
| കോർഡിനേറ്റർ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| കമ്മറ്റി അംഗങ്ങൾ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അധ്യാപകർ, കോളജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളിൽ ജില്ലാപഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ, അതത് വിദ്യാലയത്തിലെ പ്രിൻസിപ്പാൾമാർ, ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രതിനിധി , വിദ്യാലയതല

കോർഡിനേറ്റർമാർ എന്നിവർ മേൽനോട്ടം വഹിക്കും.

4)പഠന കേന്ദ്രങ്ങൾ

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | കോച്ചിംഗ് സെന്ററുകളുടെ പേര് |
|---|---|---|
| 1 | ദേവികുളം | GVHSS മൂന്നാർ, SNDPHSS അടിമാലി |
| 2 | ഇടുക്കി | GTHSS കട്ടപ്പന, SMHSS മുരിക്കാശ്ശേരി |
| 3 | പീരുമേട് | GHSS കുമളി, PHS ഏലപ്പാറ |
| 4 | തൊടുപുഴ | APJAHSS തൊടുപുഴ, GHSS കോടിക്കുളം |
| 5 | ഉടുമ്പൻചോല | GHSS കല്ലാർ, GHSS രാജാക്കാട് |

5)ടൈംടേബിൾ

ജനവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ദിവസം 5 മണിക്കൂർ വീതമാണ് ക്ലാസുകളുടെ സമയം. ശനി ഓഫ് ലൈനിലും ഞായർ ഓൺ ലൈനുമായാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടത്. ഉച്ചവരെയുള്ള സമയങ്ങളിൽ വിവിധവിഷയങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസുകളും ഉച്ചയ്ക്ക് ശേഷം ഉപന്യാസരചന, ഇന്റർവ്യൂ, ഗ്രൂപ്പ് ചർച്ച, സംവാദം, വ്യക്തിഗത പ്രകടനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള പരിശീലനവുമാണ് നടത്തേണ്ടത്.

6)പ്രോജക്റ്റ് നടത്തിപ്പിന്റെ സാമ്പത്തിക വിശകലനം

| പ്രവർത്തനം | നിരക്ക് | തുക (₹) |
|---|---|---|
| നേരിട്ടുള്ള ക്ലാസ്-100 മണിക്കൂർ | ₹1000/മണിക്കൂർ | 100000/- |
| പ്രിന്റഡ് നോട്ട് | ₹500/ഒരു വിദ്യാർത്ഥിക്ക് | 25000/- |
| ആകെ ഒരു ബാച്ചിന് | | 125000/- |
| ആകെ 10 ബാച്ചിന് | | 1250000/- |
| ഓൺലൈൻ ക്ലാസ് (100 മണിക്കൂർ) | 5 ബാച്ചിന് വീതം (2 ഷിഫ്റ്റ് ആയി) ₹750/മണിക്കൂർ | 150000/- |
| വെബ് സൈറ്റ് | | 50000/- |
| സെർവർ | | 25000/- |
| മറ്റ് ചെലവുകൾ | | 25000/- |

| | |
|---|---|
| ആകെ ചെലവ് | ₹1500000/- |

സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി ആവിഷ്കരിച്ച ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചതു മുതൽ നിരവധി അപാകങ്ങളാണ് സംഭവിച്ചത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

<u>അപാകതകൾ</u>

1. പദ്ധതി നടപ്പാക്കുന്നതിനായി 22.10.2022 ന് ഇ-ടെണ്ടർ ക്ഷണിച്ചു. മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളുടെ സംസ്ഥാനത്തെ എല്ലാ എഡിഷനിലുമാണ് പരസ്യം നൽകിയത്. പ്രാരംഭത്തിൽ തയ്യാറാക്കിയ ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും കാതലായ ഒരു മാറ്റത്തോടെയാണ് ടെണ്ടർ പ്രസിദ്ധീകരിച്ചത് . ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെയാണ് ക്ലാസുകളുടെ സമയം എന്നും ദിവസം 5 മണിക്കൂർ ക്രമത്തിൽ ശനി ഓഫ് ലൈനിലും ഞായർ ഓൺ ലൈനുമായാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടത് എന്നുമുള്ള ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈൻ ക്ലാസും മാസത്തിലൊരു ഓഫ് ലൈൻ ക്ലാസും എന്നതായിരുന്നു ടെണ്ടറിലെ പ്രധാന മാറ്റം. ഇത്തരമൊരു മാറ്റത്തിന്റെ കാരണം വ്യക്തമല്ല. സംസ്ഥാന വ്യാപകമായി ടെണ്ടർ പരസ്യം നൽകിയെങ്കിലും ആരും ടെണ്ടറിൽ പങ്കെടുത്തിട്ടില്ല.

2. ടെണ്ടറിൽ ആരും പങ്കെടുക്കാത്തിനാൽ 19.11.2022 – ൽ റീ-ടെണ്ടർ നടത്തി. ആദ്യ ടെണ്ടർ പരസ്യങ്ങൾ മലയാള മനോരമ, മാതൃഭൂമി ദിനപ്പത്രങ്ങളുടെ കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിച്ചപ്പോൾ രണ്ടാമത്തെ ടെണ്ടർ പരസ്യം പത്രങ്ങളുടെ കോട്ടയം എഡിഷനിൽ മാത്രമാണ് പ്രസിദ്ധീകരിച്ചത്. കോട്ടയം എഡിഷനിൽ മാത്രം റീ-ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതു കാരണം മത്സരക്ഷമത ഇല്ലാതാവുകയും കേരളത്തിലെ പ്രമുഖ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളുടെ ശ്രദ്ധയിൽ ടെണ്ടർ വിശദാംശങ്ങൾ ലഭ്യമാവാതെ വരികയും ചെയ്തു. മാത്രമല്ല ആദ്യ ടെണ്ടറിൽ നിന്നും മാറ്റങ്ങൾ വരുത്തിയാണ് റി-ടെണ്ടർ നടത്തിയത്. ഒരു താലൂക്കിൽ രണ്ട് ട്രയിനിംഗ് സെന്റർ എന്നത് ഒന്നായി ചുരുക്കി. ആദ്യ ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്ന പദ്ധതിയുടെ സാമ്പത്തിക വിശകലനം ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഉൾപ്പെടുത്തി. റി-ടെണ്ടറിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No | Activity | Quantity | Rate | Amount |
|---|---|---|---|---|
| 1 | Coaching Class For Students-Offline | 125 Hr | 1500 | 187500 |
| 2 | Coaching Class For Students-Online | 420 Hr | 1000 | 420000 |
| 3 | Materials And Study Notes* | 500 | 1000 | 500000 |

| | | | | |
|---|---|---|---|---|
| 4 | Refreshment And Other Expenses | | | 63000 |
| 5 | Web Application | | | 100000 |
| 6 | Provision For GST | | 18% | 22890 |
| | Total | | | 1499190 |

*ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി Materials And Study Notes എന്ന ഇനത്തിൽ വന്ന വർദ്ധനവ് വളരെ വലുതാണ്.

പരിശീലനസ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ

| ക്രമ നം | മാനദണ്ഡം | സ്കോർ |
|---|---|---|
| 1 | കഴിഞ്ഞ 5 വർഷമായി സ്ഥാപനത്തിൽ നിന്നും പരിശീലനം നേടി സിവിൽ സർവ്വീസ് പരീക്ഷയിൽ ആദ്യത്തെ 500 റാങ്കിനുള്ളിൽ വന്നവരുടെ എണ്ണം | 30 |
| 2 | സ്ഥാപനത്തിൽ ഫാക്കൽറ്റികളായ റിട്ടയേർഡ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം | 25 |
| 3 | പരിശീലനരംഗത്തെ മുൻപരിചയം | 10 |
| 4 | ട്രയിനിംഗ് മെത്തഡോളജി | 20 |
| 5 | സിലബസ് | 15 |
| | ആകെ സ്കോർ | 100 |

റീ-ടെണ്ടറിൽ പങ്കെടുത്തത് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി എന്ന ഒരു സ്ഥാപനം മാത്രമാണ്. ടെണ്ടറിൽ സൂചിപ്പിച്ചിരുന്ന അതേ നിരക്കാണ് സ്ഥാപനം ക്വോട്ട് ചെയ്തത്. ഈ സ്ഥാപനത്തിന് ലഭിച്ച സ്കോർ എത്രയെന്ന് വ്യക്തമല്ല. ഈ മേഖലയിലെ സ്ഥാപനത്തിന്റെ മുൻപരിചയവും വ്യക്തമല്ല.

3. 09/12/ 2022 ലെ ജില്ലാപഞ്ചായത്ത് കമ്മറ്റി ടെണ്ടർ അംഗീകരിക്കുകയും കരാറിലേർപ്പെടുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് കരാർ ഉടമ്പടി നമ്പർ ജി4/3162/2022 തിയതി 20/01/2023 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഒന്നാം കക്ഷിയായും പ്രസിഡന്റ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി പാറത്തോട് രണ്ടാം കക്ഷിയായും കരാറിലേർപ്പെട്ടു. കരാർ ചമയ്ക്കുന്നതിനായി വാങ്ങിയ മുദ്രപത്രം പ്രസിഡന്റ് ഗ്രാമ നികേതൻ ചാരിറ്റബിൾ

സൊസൈറ്റി പാറത്തോട് എന്ന പേരിലാണെങ്കിലും കരാറിലെ സീൽ പ്രസിഡന്റ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി തിരുവനന്തപുരം എന്നാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്തിടപാടിൽ ടെണ്ടർ നേടിയത് എഡ്യുസോൺ അക്കാദമി ആണെന്നും കരാറിലേർപ്പെടുവാൻ ടിയാൻ വിളിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഏത് സ്ഥാപനമാണ് ടെണ്ടർ നേടിയത് എന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.

4. ഈ പ്രോജക്ടിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് രണ്ടാം കക്ഷി പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടതെന്ന് കരാർ വ്യക്തമാക്കുന്നു. എന്നാൽ ടൈംടേബിൾ, സാമ്പത്തിക വിശകലനം എന്നിവയിലൊന്നും കരാറിലെ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

5. ശനി, ഞായർ ദിവസങ്ങളിലായി ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഇടവിട്ട് നടത്തണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഒരു ഓഫ് ലൈൻ ക്ലാസ് പോലും നടത്തപ്പെട്ടിട്ടില്ല.

6. എല്ലാ പഠനകേന്ദ്രങ്ങളിലും മുഴുവൻ സമയ അധ്യാപകരുടെ സേവനം ഉണ്ടാകണമെന്ന കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല.

7. കരാർ വ്യവസ്ഥ പ്രകാരം പദ്ധതി നടത്തിപ്പിൽ പിഴവുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം കരാർ റദ്ദ് ചെയ്യുവാനും നിയമനടപടികൾ സ്വീകരിക്കുവാനും ഒന്നാം കക്ഷിക്ക് അധികാരമുള്ളതാണ്. . മോണിട്ടറിംഗിന്റെയും വിലയിരുത്തലിന്റെയും അഭാവത്തിൽ കരാർ വ്യവസ്ഥകൾ നിരന്തരം ലംഘിക്കപ്പെടുകയും പദ്ധതി സമ്പൂർണ്ണ പരാജയമായി മാറുകയും ചെയ്തിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ.

ഒരു നൂതന പദ്ധതി എന്ന നിലയിൽ ഓഡിറ്റ് ടീം പദ്ധതി നടപ്പിലാക്കുന്ന ചില ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ സന്ദർശിച്ച് അക്കാദമിക് കോ-ഓർഡിനേറ്റർമാർ, സ്കൂൾ പ്രിൻസിപ്പൾമാർ, പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയുണ്ടായി. പ്രധാന കണ്ടെത്തലുകൾ ചുവടെ നൽകുന്നു.

1. പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കുമായിരുന്ന സ്കൂൾ കോ-ഓർഡിനേറ്റർമാർക്ക് പദ്ധതി നടത്തിപ്പിൽ യാതൊരു പങ്കാളിത്തവുമില്ല. നിലവിൽ ക്ലാസ് നടക്കുന്നുണ്ടോ എന്ന് പോലും ഇവർക്കറിയില്ല. പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഓൺലൈൻ ക്ലാസുകളെ കുറിച്ച് ഇവർക്ക് അറിയിപ്പ് ലഭിക്കാറുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അതും ലഭ്യമല്ല.

2. നാളിതുവരെ ഓഫ് ലൈൻ ക്ലാസുകൾ നടന്നിട്ടില്ല.

3. പുസ്തകങ്ങൾ, പ്രിന്റഡ് നോട്സ്, മറ്റ് സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ ഒന്നും നൽകിയിട്ടില്ല.

4. വ്യക്ത്യാധിഷ്ഠിത മെന്റർഷിപ്പ് ടീം സേവനം ലഭ്യമല്ല.

5. തുടർ പരീക്ഷകളോ മൂല്യനിർണ്ണയമോ നടക്കുന്നില്ല.

6. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലുള്ള പ്രാദേശിക അക്കാദമിക്ക് ടീമിന്റെ പിന്തുണ ഇല്ല.

7. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ ഓൺലൈൻ ക്ലാസുകൾക്കായി പ്രത്യേക പ്ലാറ്റ് ഫോം ഉണ്ടാക്കിയിട്ടില്ല.

8. ഗൂഗിൾ മീറ്റിൽ മാത്രമാണ് ഓൺലൈൻ ക്ലാസുകൾ നൽകുന്നത്.

9. പദ്ധതിയുടെ വിലയിരുത്തലിനായി സ്കൂൾ പ്രിൻസിപ്പൾമാരെയോ , അക്കാഡമിക്ക് കോ-ഓർഡിനേറ്റർമാരെയോ സമീപിച്ചിട്ടില്ല.

10. ക്ലാസ്സുകൾ നയിക്കുന്നത് ആരാണന്നോ, സ്ഥാപനം ഏതാണന്നോ സ്കൂളുകൾക്ക് അറിയില്ല.

11. മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി ഒരു വർഷം കഴിയുമ്പോഴും പൂർത്തിയായിട്ടില്ല.

12. കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി എന്നിവ സംബന്ധിച്ച് യാതൊരു വിവരവും ജില്ലാപഞ്ചായത്തിനോ സ്കൂൾ അധികൃതർക്കോ രക്ഷിതാക്കൾക്കോ നൽകുന്നില്ല.

13.ഗ്രൂപ്പ് ചർച്ച, ഇന്റർവ്യൂ പരിശീലനം, ഉപന്യാസ രചന, തുടങ്ങിയ സ്കിൽ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നില്ല.

മറ്റ് അപാകതകൾ

ടെണ്ടറിൽ പങ്കെടുത്ത ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി EMDആയി ₹37,500 അടച്ചിരുന്നു. കരാർ വയ്ക്കുമ്പോൾ 5% തുകയായ ₹ 75000/-അടയ്ക്കേണ്ടതാണ്. എന്നാൽ ഈ തുക അടച്ചില്ലെന്ന് മാത്രമല്ല നിരതദ്രവ്യമായി അടച്ച ₹37500/- തിരികെ നൽകണമെന്ന് 17/02/2023 ൽ ആവശ്യപ്പെടുകയും ഈ തുക തിരികെ നൽകുവാൻ 22/02/2023 ൽ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും 01/03/2023-ലെ 1/4-ാം നമ്പർ ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തുക മടക്കി നൽകുവാൻ അനുമതി നൽകുകയും ചെയ്തു. ഇത് ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

ജി എസ് ടി ബിൽ ഇല്ലാതെ ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിക്ക് ₹600000/- നൽകി .

20/01/2023ൽ കരാറിലേർപ്പെട്ട ഈ പ്രവൃത്തിയ്ക്ക് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ലഭിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ₹600000/- യുടെ പാർട്ട് ബിൽ അനുവദിച്ച് 03/03/2023

ലെ നടപടിക്രമം നമ്പർ ജി4/3162/2022/ഡി.ഡി.ഇ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 09/03/2023ൽ ബിൽ നമ്പർ 22100652012501352541 പ്രകാരം ₹600000/- ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയുടെ എച്ച് ഡി എഫ് സി ബാങ്ക് തിരുവനന്തപുരം ശാഖയിലുള്ള അക്കൗണ്ട് നമ്പർ 5020000697464 – ലേക്ക് നൽകി. ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച രണ്ട് ബില്ലുകൾ അംഗീകരിച്ചാണ് തുക നൽകിയത്. രണ്ട് ബില്ലുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | A Complete Referencce Bookfor Civil Servicce Examination (Foundation)-500 എണ്ണം | 156/21 /02/23 | 500000 |
| 2 | Web Software | 23/21/2/23 | 100000 |
| | ആകെ | | 600000 |

ഒന്നാമത്തെ ബിൽ ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി യുടെ പേരിലുള്ളതും രണ്ടാമത്തെ ബിൽ India Magister എന്ന കമ്പനിയുടെ പേരിലുമാണ് . രണ്ട് ബില്ലിലും ജി എസ് ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

500 വിദ്യാർത്ഥികൾക്ക് 1000 രൂപയുടെ വീതം പുസ്തകം നൽകിയെന്നാണ് ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി ഒന്നാമത്തെ ബില്ലിലൂടെ അവകാശപ്പെട്ടത്. എന്നാൽ ഓഡിറ്റ് ടീം നേരിട്ട് നടത്തിയ അന്വേഷണത്തിൽ ഒരു കുട്ടിക്ക് പോലും പുസ്തകം ലഭിച്ചിട്ടില്ലെന്ന് രേഖാമൂലം വിദ്യാർത്ഥികൾ അറിയിച്ചിട്ടുള്ളതാണ്. ഓൺ ലൈൻ ക്ലാസിനായി Web Application Support വാങ്ങിയതിനാണ് രണ്ടാമത്തെ ബില്ലിലൂടെ ₹100000/- ആവശ്യപ്പെട്ടത്. എന്നാൽ ഇതും വാസ്തവവിരുദ്ധമാണ്. ഓൺ ലൈൻ ക്ലാസിനായി യാതൊരുവിധ Web Application-ഉം ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി പണംകൊടുത്ത് വാങ്ങിയിട്ടില്ല. GOOGLE CLASSROOM-ലൂടെ മാത്രമാണ് ക്ലാസുകൾ നടത്തിയിട്ടുള്ളത്. ഇതും രേഖാമൂലം വിദ്യാർത്ഥികൾ അറിയിച്ചിട്ടുള്ളതാണ്. ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച ബില്ലുകളിന്മേൽ പ്രാഥമിക അന്വേഷണം പോലും നടത്താതെ പണം കൈമാറിയതുമൂലം ₹600000/- നഷ്ടം സംഭവിച്ചിരിക്കുന്നു. നഷ്ടമായ തുക ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഈ ഏജൻസി മുഖേനയുള്ള തുടർ പദ്ധതികൾ ഒഴിവാക്കി കരാർ ലംഘനത്തിനും വിശ്വാസ വഞ്ചനയ്ക്കും ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഷ്ടമായ തുക ഗ്രാമ നികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.അപാകങ്ങൾക്കു വിഷദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്കു (നം.10/04.12.2023,25/11.12.2023) മറുപടി നൽകിയില്ല.

## 3-2 ചിന്നക്കനാൽ ജി. എച്ച്. എസ് കുളം നിർമ്മാണം-അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് വിവരം | ചിന്നക്കനാൽ പഞ്ചായത്ത് ജി. എച്ച്. എസ് കുളം നിർമ്മാണം<br>പ്രോജക്ട് നമ്പർ – 1419/20, 539/21, 842/22, 169/23 -<br>എം.ബുക്ക് നമ്പർ - 345/2019-20<br>ഗുണഭോക്തൃസമിതി കൺവീനർ - ശ്രീ.രാജ.പി |
| അടങ്കൽ | ₹2100000 /- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./തിയതി, തുക | 20100652013601002 7001/28.01.2021, ₹242388/- |
| | 22100652013600151404/30.05.2021, ₹417781/- |
| ആകെ | ₹660169/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ചിന്നക്കനാൽ പഞ്ചായത്ത് ഗവൺമെന്റ് ഹൈസ്കൂളിൽ കുളം നിർമ്മിച്ച് വെള്ളം വിതരണം ചെയ്യുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ് 2019-20 - ൽ പ്രോജക്ട് തയ്യാറാക്കിയത്. ഗുണഭോക്തൃസമിതി മുഖേന പദ്ധതി നടപ്പാക്കുന്നതിനു തീരുമാനിക്കുകയും അനുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കമ്മിറ്റിയുമായി 29.11.2019 ൽ 21/BC/AEE/LSGD/IDK /19-20 ആയി നിർമ്മാണ കരാർ വയ്ക്കുകയും ചെയ്തു. എന്നാൽ, പതിനൊന്ന് തവണ കരാർ കാലാവധി നീട്ടിയതിനു ശേഷം 21.03.2022ലാണ് നിർമ്മാണം പൂർത്തീകരിച്ചത്. പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനു ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും 29.11.2019ൽ കരാർ വെച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു ശ്രമവും ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല.

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തി ബിൽ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട

നടപടിക്രമങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 13.11.2014 ലെ നം.ഡി.ബി.1/1559 /സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി നടത്തുന്ന പ്രവൃത്തികളിൽ സമിതിയ്ക്കുള്ള യഥാർത്ഥ ചെലവോ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവോ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിച്ചതിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | കൺവീനർ സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | അനുവദിച്ച തുക | അധികം നൽകിയ തുക (5.5% OHC ബില്ലിൽ നിന്ന് വസൂലാക്കിയത് കിഴിച്ച്) |
|---|---|---|---|---|---|
| Providing And Placing On Terrece Poly Ethelyene Water Storage Tank | 8000 Ltr | ₹40000/+ 18% GST)= ₹47200/- (ബിൽ നമ്പർ 533/22.06.2020, Hindustan Marbles & Granites, Adimali) | ₹81120/- | ₹81120/- | ₹32054/- |

അധികം നൽകിയ തുക ₹32054/- ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നിർവഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/04.12.2023) മറുപടി നൽകിയിട്ടില്ല.

## 3-3 മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി-സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ചു നൽകി.

| | |
|---|---|
| പ്രോജക്ട് വിവരം | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് – മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം<br>പ്രോജക്ട് നമ്പർ – 391/22, 305/23 |

| | |
|---|---|
| | എം.ബുക്ക് നമ്പർ- 1111/19-20, 1162/19-20<br>കരാറുകാരൻ - ശ്രീ.ഷംസുദീൻ.കെ.ബാബു |
| അടങ്കൽ | ₹500000 /- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നമ്പർ/തിയതി, തുക | XVFC/2022-23/P/81/28.03.2023, ₹195043/- |
| | XVFC/2022-23/P/92/30.03.2023, ₹104564/- |
| ആകെ | ₹299607/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുരിക്കാശ്ശേരിയിൽ കുടിവെള്ള വിതരണത്തിനായി 2021-22ൽ ആവഷ്കരിച്ച പ്രോജക്ടിൽ 10000 ലിറ്ററിന്റെ ടാങ്ക് പണിയുന്നതിനു 100000/-യും, 575 മീറ്റർ പൈപ്പിടുന്നതിനു ₹400000/-യും ഉൾപ്പടെ ആകെ ₹500000/- രൂപയാണ് വകയിരുത്തിയത്. എന്നാൽ 6 മീറ്റർ ആഴത്തിൽ, 6.6 മീറ്റർ വ്യാസത്തിൽ കുളം, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രോജക്ടിലും എസ്റ്റിമേറ്റ് റിപ്പോർട്ടിലും കുടിവെള്ള പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നവരുടെ വിശദാംശങ്ങളോ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലമോ വ്യക്തമാക്കിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 16.06.2021ലെ ലാന്റ് റിലിൻക്വിഷ്മെന്റ് ഫോം പ്രകാരം കുളം നിർമ്മിക്കുന്നതിനു 40ച.മി സ്ഥലം മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ ജില്ലാപഞ്ചായത്തിനു സൗജന്യമായി വിട്ടു നൽകിയിട്ടുണ്ട്. എന്നാൽ, മുന്നാധാര പ്രകാരം മേൽ 40ച.മി സ്ഥലം കുളം നിർമ്മിച്ച് മോട്ടോർ പമ്പ്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിച്ച് വെള്ളം കൊണ്ടുപോകുന്നതിനായി മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റിനു ശ്രീമതി.ചിന്നമ്മ ജോസഫ് കാട്ടാംകോട്ടിൽ എന്ന വ്യക്തി 10.06.2021ൽ വിറ്റ സ്ഥലമാണ്. മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിനു വെള്ളം എത്തിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് മുഖേന കുളം നിർമ്മിച്ചിരിക്കുകയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മുരിക്കാശേരി സ്കൂൾപടിഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പേരിൽ പൈപ്പ്ലൈൻ, ടാങ്ക് എന്നിവയ്ക്കായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രോജക്ടിൽ പരാമർശിക്കാത്ത കുളം നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം എന്നിവയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്ത ഇനങ്ങൾ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 27.07.2021ലെ ഡി.ബി.4/2020-21 കത്തിന്റെ അടിസ്ഥാനത്തിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുരിക്കാശേരി സ്കൂൾപ്പടിഭാഗം കുടിവെള്ള പദ്ധതിയ്ക്ക് മുരിയ്ക്കാശേരി സെന്റ് മേരീസ് സ്കൂൾ മൈതനാത്തിന്റെ തെക്ക്പടിഞ്ഞാറ് ഭാഗത്ത് 90മീറ്റർ ആഴത്തിൽ 150മില്ലീമീറ്റർ വ്യസത്തിൽ കുഴൽക്കിണർ കുഴിക്കുന്നതിന ₹77382/-യുടെ എസ്റ്റിമേറ്റ് 10.12.2021ലെ GWD1/864/21 കത്ത് പ്രകാരം ജില്ലാ ഭൂജലവകുപ്പ് കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. എന്നാൽ, കുഴൽക്കിണർ കുഴിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മറികടന്ന് കുളം നിർമ്മിക്കുന്നതിന തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.

ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പാടുള്ളുവെന്ന് 29.01.2018ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക7.1.6 (സി) (8)ലും 14.02.2018ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലും നിഷ്കർഷിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7(iii)ലും കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ജില്ലാപഞ്ചായത്തുകൾ നടത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതവും വാങ്ങിയിട്ടില്ല.



സ്കൂളിന്റെ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കുളവും ടാങ്കും

മുരിക്കാശേരി ടൗണിനടുത്തുള്ള മർക്കസ് മദ്രസക്കു സമീപം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റിന്റെ സ്ഥലത്ത് ഒരു കുളം നിർമ്മിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മുരിക്കാശേരി ടൗണിലും പരിസര പ്രദേശങ്ങളിലും കുടിവെള്ള വിതരണം നടത്തുന്നതിന ആവിഷ്കരിച്ച മുരിക്കാശേരി ടൗൺ കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും ഇതേ അവസരത്തിൽ നടന്നിട്ടുണ്ട്. അതിനാൽ തന്നെ സമീപത്തായി വീണ്ടും കുളം നിർമ്മിക്കേണ്ട ആവശ്യകത ഇല്ലാത്തതാണ്. സർക്കാർ ഫണ്ടുപയോഗിച്ച്

സ്വകാര്യ സ്കൂളിനു കുളം നിർമ്മിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് ഫയലിൽനിന്നും വ്യക്തമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/04.12.2023 – ന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി വിനിയോഗിച്ച ₹299607/- യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ , അളവുകളും എസ്റ്റിമേറ്റും തയ്യാറാക്കിയ സെക്ഷൻ അസിസ്റ്റന്റ് എഞ്ചനീയർ, ചെക്ക്മെഷർമെന്റ് നടത്തിയ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നടപടികളിലൂടെ ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### 3-4 26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് വിവരം | പീരുമേട് ഗ്രാമ പഞ്ചായത്ത് – 26 കോളനി പട്ടുമല റോഡ് കോൺക്രീറ്റിംഗും ടാറിംഗും<br>പ്രോജക്ട് നമ്പർ – 902/22, 364/23<br>എം.ബുക്ക് നം. - 1009/2020-21<br>കരാറുകാരൻ - ശ്രീ.ജയേഷ് കെ. നായർ |
| അടങ്കൽ | ₹1500000 /- (സംരക്ഷണ ഗ്രാന്റ്-റോഡ്) |
| ബിൽ നം./തിയതി, തുക | 22100652013600542341/16.09.2022, ₹1155131/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

പീരുമേട് ഗ്രാമപഞ്ചായത്തിലെ 26 കോളനി പട്ടുമല റോഡ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനാണ് 2021-22ൽ പ്രോജക്ട് ആവിഷ്കരിച്ചത്. 310 മീറ്റർ നീളത്തിൽ ടാറിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 15.01.2022ൽ നമ്പർ 237/T/AEE/LSGD/IDK/2021-22 ആയി കരാറിൽ ഏർപ്പെടുകയും ചെയ്തു. എം.ബുക്ക് പരിശോധിച്ചത് പ്രകാരം 253 മീറ്റർ ടാറിംഗ്

പ്രവൃത്തിക്കായി ജി.എസ്.ടി ഉൾപ്പടെ ₹689706/- ചെലവഴിച്ചിട്ടുണ്ട് . അതായത് ഒരു മീറ്റർ ടാർ ചെയ്യുന്നതിനു ₹2726.11/-.യാണ് ചെലവു വരുന്നത്. പീരുമേട് ഗ്രാമപഞ്ചായത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 06.10.2023ൽ നടത്തിയ സ്ഥലപരിശോധനയിൽ 232 മീറ്റർ ദൂരം മാത്രമാണ് ടാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. ഒരു മീറ്ററിനു ₹2726.11/- നിരക്കിൽ 232 മീറ്റർ ടാർ ചെയ്യുന്നതിനും വരുന്ന ആകെ ചെലവ് ₹632458/- ആണ്. 21 മീറ്റർ ദൂരം ടാർ ചെയ്യാതെ കരാറുകാരനു തുക അനുവദിച്ചതുവഴി ₹57428/- (21 മി.* ₹2726.11) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക അളവുകൾ രേഖപ്പെടുത്തിയ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർമെന്റ് നടത്തിയ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/04.12.2023) മറുപടി നൽകിയിട്ടില്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ

-ഇല്ല-

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

### 4-4 വായ്പ/വായ്പാതിരിച്ചടവ്

-ഇല്ല-

### 4-5 സ്ഥിരനിക്ഷേപം

31.03.2023ലെ ആസ്തി ബാദ്ധ്യത പത്രികയിലെ ബി-12ൽ സ്ഥിര നിക്ഷേപ നീക്കിയിരിപ്പായി ₹1,70,72,391/- രേഖപ്പെടുത്തിയിട്ടുള്ളതിന്റെ ആധികാരികത വ്യക്തമല്ല. വിശദമായ പരാമർശം ഖണ്ഡിക 1-1-12ൽ ചേർത്തിട്ടുണ്ട്.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹68639/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-2 | 7262 | ശ്രീ.ഉഷാനന്ദൻ.കെ.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 122040100033/20.06.2022 |
| 2021-22 | 3-4 | 52788 | എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാപഞ്ചായത്ത് | 122040100030/01.10.2022 |
| 2021-22 | 1-40 | 8589 | എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാപഞ്ചായത്ത് | 122040100087/01.11.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-2000 | (1) | സാനിട്ടറി കക്കൂസ് നിർമ്മാണം - അധിക സബ്സിഡി നൽകിയത് | ലഭ്യമല്ല |
| | | | (2) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - ഹൈറേഞ്ച് ചാരിറ്റബിൾ സൊസൈറ്റിക്കായി നൽകിയ 4.20 ലക്ഷം രൂപയുടെ ക്രമരഹിത വിനിയോഗം | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | | (3) | കാലിതീറ്റ ഫാക്ടറി – സ്ഥലത്തിന് അധികവില നൽകിയത് | ലഭ്യമല്ല |
| 1999-2000 | 42 | 2002-03 VII.6.13(i) | ലൈബ്രറി കെട്ടിട നിർമ്മാണം – ലൈബ്രറികൾക്കുള്ള ധനസഹായം വിനിയോഗിക്കാതെ കൈയ്യിൽ സൂക്ഷിച്ചു | | ലഭ്യമല്ല |
| 1999-2000 | 44 | 2002-03 VII.6.13(ii) | മണ്ണിര കമ്പോസ്റ്റ് പദ്ധതി – അനധികൃതമായി തുക പിൻവലിച്ചു | | ലഭ്യമല്ല |
| 1999-2000 | 46 | 2002-03 VII.6.13(iii) | സംഘത്തിന് അനധികൃതമായി ധനസഹായം നൽകി | | ലഭ്യമല്ല |
| 1999-2000 | | 2002-03 VII.6.13(iv) | സ്വാശ്രയ സംഘങ്ങൾക്ക് നിയമ വിരുദ്ധമായി പ്രവർത്തന മൂലധനം അനുവദിച്ചു- ₹5,29,000/- | | ലഭ്യമല്ല |
| 1999-2000 | | 2002-03 VII.6.13(v) | ധനസഹായം പണമായി അനുവദിച്ചത് അംഗീകരിക്കുന്നില്ല – ₹3,86,000/- | | ലഭ്യമല്ല |
| 2000-01 | 3-27 | 2004-05 | മെഡിക്കൽ കോളജ് – പദ്ധതി പണം ദുർവിനിയോഗം ചെയ്തു | | ലഭ്യമല്ല |
| 2000-01 | 48(4) | 2004-05 | സ്വശ്രയ വനിത സംഘത്തിന് ധനസഹായം – ക്രമക്കേടുകൾ | | ലഭ്യമല്ല |
| 2001-02 | 40 (എ,ബി) | 2004-05 | വിദ്യാഭ്യാസ മേഖല – ജനകീയാസൂത്രണ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ | | ലഭ്യമല്ല |
| 2005-06 | 3-9 | 2007-08 | മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിനാൽ ₹3,47,884/-യുടെ നഷ്ടം | | ലഭ്യമല്ല |
| 2006-07 | 3-13 | 2009-10 | മരാമത്ത് പണിക്കായി പദ്ധതിവിഹിതം മുൻകൂർ പിൻവലിച്ചത് – പണി പൂർത്തിയാക്കാത്തത് | | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2012-13 | ജില്ലാ കൃഷിഫാം, അരിക്കുഴ – കൃഷി ഫാമുകളും കാർഷിക അഭിവൃദ്ധിയും | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2013-14 | വികേന്ദ്രീകൃതാസൂത്രണം – വ്യവസായ തൊഴിൽ സംരംഭങ്ങൾ | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | കോലാനി പന്നി വളർത്തൽ കേന്ദ്രം, ജില്ലാ പൗൾട്രി ഫാം കോലാനി – മൃഗ സംരക്ഷണ – ക്ഷീര വികസന മേഖല | ലഭ്യമല്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ചേർത്തിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ചേർത്തിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 27, 28 | V K Vasudevan, Secretary, Vanitha Commission | LF. 21760/ SC2/02 Dt. 30.06.03/ 2.08.03 | 62704 | | | | | | | 62704 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 1998-99 | 33 | S Murukan Asari, Manager, Dist. Industrial Centre | LF. 21760/ SC2/02 Dt.01.11.03 | 13558 | | | | | | | 13558 | |
| | 1999-00 | 24 | Mary Cyriac, President, Dist. Panchayath | LF.16332/ Spl.Cell (SC2)/2004. Dt.30.05.05/ 13.07.05 | 1837 | | | | | | | 1837 | |
| | 2000-01 | 41 (Part) | K J James | LF.245/ Spl.Cell (SC2)/ 2006(1) . Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 41 (Part) | M K Poulose | LF.245/ Spl.Cell (SC2)/06(ii) Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 32, 36(A), 36(B) | P C Chacko, Puthenpurackal, Thiruvanchoor. Asst.Engineer | LF.245/ Spl.Cell (SC2)/2006 Dt.25.01.2008 | 11136 | | | | | | | 11136 | |
| | 2000-01 | 21, 27 | Smt Mary Cyriac, Perumana, Kattappana | LF.245/Spl. Cell (SC2)/2006 Dt.5.4.2014 | 61961 | | | | | | | 61961 | |
| | 2002-03 | 7 | T K Sivadasan, Asst.Ex.Engineer, PIP Sub Divn Chengannur | LF.11905/Spl. Cell (Sc.2)/06(1) Dt.26.11.07 | 5000 | | | | | | | 5000 | |
| | 2002-03 | 20 (Part) | Dr. A Thankappan, Civil Surgeon | LF.11905/ Sp.Cell (Sc.2)/06 Dt.26.11.07 | 3531 | | | | | | | 3531 | |
| | 2002-03 | 13, 16,17 | C Chelladurai, Exe. Engineer(Rtd) | LF.11905/ Spl.Cell (Sc.2)/06(2) Dt.26.11.07 | 30515 | | | | | | | 30515 | |
| | 2002-03 | 14(2), 14(3) | P C Chacko, Asst.Engineer | LF.11905/ Spl.Cell (Sc.2)/06(2) Dt.11.11.08 | 11000 | | | | | | | 11000 | |
| | 2004-05 | 3-11 (ഭാഗികം) | ആർ. വിശ്വംഭരൻ | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 13880 | | | | | | | 13880 | |
| | 2004-05 | 3-17 | എം. മോഹൻകുമാർ | LF.18102/ Spl.Cell/ SC2/09 Dt.16.06.11 | 9575 | | | | | | | 9575 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 2004-05 | 3-22 | K B Sankaran Kuppananickal, Methotty P O | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 20873 | | | | | | | 20873 | |
| | 2006-07 | 3-1, 3-6, 3-10 | എം. മോഹൻകുമാർ | LF.18706/ Spl.Cell/ CSC/C1/11 Dt.21.02.14 | 84883 | | | | | | | 84883 | |
| | 2006-07 | 08/03/18 | P K Jacob, Parambil House, Thodupuzha | LF.18706/ Spl.Cell/ CSC/C1/11 Dt.06.03.15 | 35977 | | | | | | | 35977 | |
| | 2008-09 | 3-20 (Part) | P Reji- Asst. Engineer Theruvaparambil Kottarakkavu P O Mavelikkara | LF.17986/ Spl.Cell / CSC/C1/13 Dt.02.03.16 | 4125 | | | | | | | 4125 | |
| | 2008-09 | 3-21 (Part) 3-22 (Part) | E Saraswathidevi | LF.17986/ Spl.Cell/ CSC/C1/13 Dt.24.07.17 | 9161 | | | | | | | 9161 | |
| | 2008-09 | 3-21 (Part) | T K Jacob, Thachethukudi, Choondy P O | LF.17986/ Spl.Cell/ CSC/C1/13(1) Dt.25.09.17 | 3561 | | | | | | | 3561 | |
| | 2008-09 | 3-32 (Part) | K M Ushanandan, Kizhakkel, Thalikulam | LF.17986/ Spl.Cell/ CSC/C1/13(2) Dt.25.09.17 | 5600 | | | | | | | 5600 | |
| | 2012-13 | 3-3, 3-7 | T Sanalkumar, Secretary | LF.15983/ Spl.Cell/ CSC/ C1/15(iii) Dt.19.02.18 | 210000 | | | | | | | 210000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹167374139/- |
| വരവ് | ₹683857085/- |
| ആകെ | ₹851231224/- |
| ചെലവ് | ₹641100095/- |
| നീക്കിയിരിപ്പ് | ₹210131129/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹989089/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹42786400/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 (1-16) | | ₹600000/- | | ശ്രീമതി ബിന്ദു കെ, വിദ്യാഭ്യാസ ഉപഡയറക്ടർ, തൊടുപുഴ |
| 3-2 (1-32) | | ₹32054/- | ₹10685- | ശ്രീ ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിവിഷൻ) |
| | | | ₹10685/- | ശ്രീ.എൻ. എ വിനയദാസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സബ് ഡിവിഷൻ) |
| | | | ₹10684/- | ശ്രീ കെ .ആർ ജയ്മോൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 (1-33) | | ₹299607/- | ₹99869/- | ശ്രീ ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിവിഷൻ) |
| | | | ₹99869/- | ശ്രീമതി മഞ്ജു വി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സബ് ഡിവിഷൻ) |
| | | | ₹99869/- | ശ്രീ ടി .യു ഏലിയാസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 (1-40) | | ₹57428/- | ₹19143/- | ശ്രീ ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിവിഷൻ) |

| | | |
|---|---|---|
| | | |
| | ₹19143/- | ശ്രീ കെ.എം ഉഷാനന്ദൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സബ് ഡിവിഷൻ) |
| | ₹19142/- | ശ്രീ. സ്റ്റീഫൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-15 | 550000/- | | ശ്രീ.ബിനോയി. വി.ജെ., ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 1-17 | 999810/- | | ഡോ.അജി.പി.എൻ., സൂപ്രണ്ട്, ജില്ലാ ആശുപത്രി, തൊടുപുഴ |
| 1-24 | 2078160/- | | ശ്രീമതി.ആൻസി കെ കുര്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-25 | 898923/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-26 | 390447/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-27 | 1457828/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-28 | 1446226/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-29 | 2000000/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-30 | 424722/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-34 | 778900/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-35 | 1469045/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-37 | 895084/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-38 | 949020/- | | ശ്രീമതി.ആൻസി കെ കുര്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-41 | 5000000/- | | ശ്രീ.പി.ജെ.തങ്കച്ചൻ-സെക്രട്ടറി ഇൻ-ചാർജ് |
| 1-42 | 4289373/- | | ശ്രീമതി.ഷെർലാ ബീഗം -സെക്രട്ടറി |
| 1-45 | 2032772/- | 462313/- | ശ്രീ.റഷീദ് എം.കെ., സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 1470459/- | ശ്രീ.പി.ജെ.തങ്കച്ചൻ-സെക്രട്ടറി ഇൻ-ചാർജ് |
| | | 100000/- | ശ്രീമതി.ഷെർലാബീഗം -സെക്രട്ടറി |
| 1-46 | 247610/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-48 | 16878480/- | | ശ്രീ.ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബിജു വിശ്വം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ (ഡിവിഷൻ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൊടുപുഴ | പുണർതം, ഞാറയ്ക്കൽ, പെരിങ്ങാട് പി ഒ, കൊല്ലം |
| ശ്രീ.എൻ.എ വിനയദാസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ-ദേവികുളം | മിത്രം, പള്ളിപ്പടി, വെള്ളൂർ, മേവള്ളൂർ പി.ഒ, വൈക്കം |
| ശ്രീമതി മഞ്ജു വി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ, ഇടുക്കി ബ്ലോക്ക് | വള്ളികെട്ടിൽ, കാഞ്ഞാർ, തൊടുപുഴ |
| ശ്രീ കെ.എം ഉഷാനന്ദൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ, അഴുത ബ്ലോക്ക് | കിഴക്കേൽ, കെ.എസ്.ഇ.ബി സബ് സ്റ്റേഷന് എതിർവശം, കട്ടപ്പന |
| കെ .ആർ ജയ്മോൻ ,അസിസ്റ്റന്റ് എഞ്ചനീയർ | അസിസ്റ്റന്റ് എഞ്ചനീയർ,മൂന്നാർ ഗ്രാമപഞ്ചായത്ത് | കിഴക്കേപാലമറ്റം, വാഴക്കുളം പി.ഒ, എറണആകുളം |
| ശ്രീ ടി .യു ഏലിയാസ്, അസിസ്റ്റന്റ് എഞ്ചനീയർ | വിരമിച്ചു | തെക്കേടത്ത്, പടമുഖം, ഇടുക്കി |
| ശ്രീ. സ്റ്റീഫൻ. ടി, അസിസ്റ്റന്റ് എഞ്ചനീയർ | അസി. എൻജിനിയർ LID &EW പീരുമേട് ഗ്രാമപഞ്ചായത്ത് | വടക്കേക്കര പുത്തൻവീട്, ചെറുമൂട് ,വെള്ളിമൺ പി.ഒ കൊല്ലം 691511 |
| ശ്രീമതി ബിന്ദു. കെ, വിദ്യാഭ്യാസ ഉപഡയറക്ടർ ഇടുക്കി | വിദ്യാഭ്യാസ ഉപഡയറക്ടർ ഇടുക്കി | പൗർണ്ണമി വീട് വെസ്റ്റ് ഓതറ പി.ഒ തിരുവല്ല പത്തനംതിട്ട |
| ഡോ.അജി.പി.എൻ., സൂപ്രണ്ട് | സൂപ്രണ്ട്, ജില്ലാ ആശുപത്രി, തൊടുപുഴ | X/81A, കാവ്യം, കീരിക്കോട്, തൊടുപുഴ ഈസ്റ്റ്-685585 |
| ശ്രീ.ബിനോയി. വി.ജെ., ജില്ലാ സാമൂഹ്യനീതി ഓഫീസർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഇടുക്കി | വാഴപറമ്പിൽ, ശാന്തിപുരം, പെരുവ-686610 |
| ശ്രീമതി.ആൻസി കെ കുര്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | മാവേലിപുത്തൻപുരയിൽ, കരിങ്കുന്നം പി.ഒ., കരിങ്കുന്നം, ഇടുക്കി ജില്ല |
| ശ്രീ.പി.ജെ.തങ്കച്ചൻ-സെക്രട്ടറി ഇൻ-ചാർജ് | വിരമിച്ചു | പോത്തൻ ഹൗസ്, ചേലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം |
| ശ്രീമതി.ഷെർലാ ബീഗം | സെക്രട്ടറി, ഇടുക്കി ജില്ലാപഞ്ചായത്ത് | സത്യഭവൻ, കാക്കകുന്ന് പി.ഒ., കൊല്ലം-690522 |
| ശ്രീ.റഷീദ് എം.കെ., സെക്രട്ടറി ഇൻ ചാർജ്ജ് | ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് | മഞ്ഞുമറ്റത്തിൽ, മുളപ്പുറം.പി.ഒ., മുളപ്പുറം, ഇടുക്കി ജില്ല |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ ഓഫീസിൽ നിന്നും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടുകളുടെ നമ്പർ | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 1996-97 | LFI-3/55/2001 Dt.13.03.2001 | 14 | 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30 |
| 1997-98 | LFI-3.580/2001 Dt.20.11.2001 | 17 | 18, 19, 20, 21, 22, 23, 24, 25, 26, 29, 44, 46, 47, 54, 55, 56, 57 |
| 1998-99 | LFI-3/759/02 Dt. 07.01.2003 | 23 | 14, 15, 17, 19, 20a2, 20a3, 20b, 22, 22b, 23, 24, 25, 27, 28, 29, 30, 31, 32, 33, 35, 36, 37, 38 |
| 1999-2000 | LFI-4/91/2006 Dt.20.03.2006 | 33 | 22, 23, 24, 25, 26, 27, 28, 29, 32, 33, 34, 35, 36, 37, 41, 42, 43, 45, 46, 47, 48, 49, 50, 51, 52, 53, 54, 56, 57, 58, 59, 61, 62 |
| 2000-01 | KSA-IDK-4/987/15 Dt.08.10.2015 | 29 | 16, 18, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 36, 37, 38,39, 40, 41, 42, 43, 44, 45, 46, 47, 48 |
| 2001-02 | LFI-4/127/2015 Dt.06.02.2015 | 34 | 4, 5, 6, 7, 8, 10, 11, 12, 13, 15a, 15b, 16, 17, 20,21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40 |

| | | | |
|---|---|---|---|
| 2002-03 | LFI-4/332/08 Dt.03.04.2008 | 23 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14(1), 3-14(2), 3-14(3), 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, |
| 2003-04 | KSA-IDK-4/1473/15 Dt.05.02.2016 | 33 | 2-1, 2-2, 3-1, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34 |
| 2004-05 | LFI-4/952/2012 Dt.09.08.2012 | 39 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34, 3-35, 3-36, 3-38, 3-39, 3-41, 3-42 |
| 2005-06 | LFI-4/1103/2014 Dt. 17.10.2014 | 13 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006-07 | LFI-5/302/14 Dt. 08.04.2014 | 18 | 3-1, 3-2, 3-5, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-23, |
| 2007-08 | KSA-IDK-4/905/15 Dt.18.10.2015 | 29 | 3-4, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26b, 3-27, 3-29, 3-30, 3-31a, 3-31b, 3-32, 3-33, 3-34, 3-35 |
| 2008-09 | KSA-IDK-4/1113/12 Dt.26.07.2013 | 58 | 2-7, 3-1 മുതൽ 3-57 വരെ |
| 2009-10 | KSA-IDK-4/534/15 Dt.05.10.2015 | 25 | |